**സബ്മിഷൻ**

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എളമരം കരീം.................

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, ചീഫ് സെക്രട്ടറിയുടെ വാർഷിക വസ്തുവിവര പ്രസ്താവനയിൽ കൃത്രിമം കാട്ടിയതായി ബന്ധപ്പെട്ട രേഖകൾ ഞാൻ കഴിഞ്ഞ ദിവസം സഭയുടെ മേശപ്പുറത്ത് വച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഗുരുതരമായ ചട്ട ലംഘനം............

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എഴുതി ത്തന്നിട്ടില്ല.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: സർ, എഴുതിത്തരാത്തതുകൊ ണ്ടാണല്ലോ ഞാൻ ഇപ്പോൾ പറയുന്നത്?

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രതിപക്ഷനേതാവെന്ന നിലയിൽ അങ്ങേയ്ക്ക് പറയാവുന്നതാണ്. പക്ഷേ ബന്ധപ്പെട്ട മന്ത്രിയെ അത് നേരത്തെ അറിയി ക്കണ്ടേ; മന്ത്രി സഭയിൽ മറുപടി പറയേണ്ടതല്ലേ? എഴുതിത്തരികയും അത് ബഹുമാനപ്പെട്ട മന്ത്രിക്ക് നൽകുകയും ചെയ്താലേ മറുപടി പറയാൻ കഴിയൂ. ഇത് സംബന്ധിച്ച് ചെയറിന് എഴുതിത്തരാതെ ബന്ധപ്പെട്ട മന്ത്രിയെ അറിയി ക്കാതെ പെട്ടെന്ന് ഉന്നയിച്ചാൽ എന്താണ് ചെയ്യുക?

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: സർ, ഞാൻ ഇപ്പോൾ അങ്ങയുടെ അനുവാദത്തോടുകൂടി ഈ പ്രശ്നം ഉന്നയിക്കുകയാണ്. ചീഫ് സെക്രട്ടറി യുടെ വാർഷിക വസ്തുവിവര പ്രസ്താവനയിൽ കൃത്രിമം കാട്ടിയതുമായി ബന്ധപ്പെട്ട രേഖകൾ ............. (ബഹളം) ............

മി. ഡെപ്യൂട്ടി സ്പീക്കർ: ഇല്ല ....... ചെയർ അനുവദിച്ചിട്ടില്ല. .......(ബഹളം) ....... പ്രതിപക്ഷനേതാവിനോടുള്ള എല്ലാ ബഹുമാനവും

നിലനിർത്തിക്കൊണ്ടുതന്നെ പറയട്ടെ, ഇവിടെ ഉന്നയിക്കുന്ന പ്രശ്നം എഴുതിത്തരണം. അത് ബന്ധപ്പെട്ട മന്ത്രിയെ അറിയിക്കണം. പ്രതിപക്ഷനേതാവ് ഇവിടെ പ്രശ്നം ഉന്നയിക്കുകയും ബന്ധപ്പെട്ട മന്ത്രി മറുപടി പറയാതിരിക്കുകയും ചെയ്താൽ അത് ശരിയല്ല. അതുകൊണ്ട് എഴുതിത്തരണം. ചെയർ അത് മന്ത്രിക്ക് നൽകാം. ബഹുമാനപ്പെട്ട മന്ത്രി അനുവദിക്കുകയാണെങ്കിൽ സബ്മിഷന്റെ അവസാന ഭാഗത്ത് അങ്ങയെ ക്ഷണിക്കാം. ........................ സ്പീക്കറുടെ ശ്രദ്ധയിലല്ല വരുന്നത്, സഭയിൽ അല്ലേ? .............. ബഹുമാനപ്പെട്ട പ്രതിപക്ഷ ഈ സഭയിൽ ഒരു പ്രശ്നം ഉന്നയിച്ചാൽ ബന്ധപ്പെട്ട മന്ത്രി മറുപടി പറയണം. ഈ വിഷയം സംബന്ധിച്ച് മന്ത്രിയെ അറിയിക്കാത്തതിനാൽ അദ്ദേഹത്തിന് മറുപടി പറയാൻ കഴിയില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ക്ഷമിക്കണം, ബന്ധപ്പെട്ട മന്ത്രിക്ക് മറുപടി പറയാൻ അവസരം കൊടുക്കാതെ .......... അത് ശരിയല്ല. എഴുതിത്തന്നാൽ അത് ബന്ധപ്പെട്ട മന്ത്രിക്ക് കൊടുക്കാം. മന്ത്രിക്ക് മറുപടി പറയാനുള്ള അവസരം കൊടുക്കണം.

## മോട്ടോർ വാഹന തൊഴിലാളികളുടെ നിയമസഭാ മാർച്ച്

ശ്രീ. എളമരം കരീം: സർ, സംസ്ഥാനത്തെ മോട്ടോർ തൊഴിലാളികൾ ജൂലൈ **1, 2** തീയതികളിൽ പണിമുടക്കാൻ എല്ലാ ട്രേഡ് യൂണിയനുകളും ചേർന്ന് ഗവൺമെന്റിന് നോട്ടീസ് നൽകിയിട്ടുണ്ട്. ഇന്ന് തൊഴിലാളികൾ നിയമസഭയ്ക്കുമുന്നിൽ മാർച്ചും ധർണയും നടത്തുന്നുണ്ട്. മോട്ടോർ വാഹനങ്ങളുടെ ടാക്സിൽ ഗവൺമെന്റ് ഏർപ്പെടുത്തിയ അമിതമായ വർദ്ധനവ്

പിൻവലിക്കുക എന്നതാണ് അതിലെ പ്രധാനപ്പെട്ട ആവശ്യം. ഈ വിഷയത്തിൽ പ്രതിഷേധം വന്നപ്പോൾ ഓട്ടോറിക്ഷകളെ അതിൽനിന്ന് ഒഴിവാക്കി. എന്നാൽ ലൈറ്റ് മോട്ടോർ വാഹനങ്ങൾക്കും മറ്റ് വാഹനങ്ങൾക്കും ഈ വർദ്ധനവ് നിലനിൽക്കുകയാണ്. തൊഴിലാളികൾ, ഒരു സ്വയം തൊഴിൽ പ്രസ്ഥാനമെന്ന നിലയിൽ വായ്പയെടുത്ത് വാഹനം വാങ്ങി സ്വന്തമായി ഓടിച്ച് ജീവിക്കുകയാണ്. അല്ലാതെ അവർ ഫ്ളീറ്റ് ഓണേഴ്സ് അല്ല. അവരുടെ തൊഴിലിനെയാണ് ഇത് ബാധിക്കുന്നത്. വാഹനങ്ങളുടെ നടത്തിപ്പിന് ഡീസൽ, പെട്രോൾ വിലവർദ്ധനവ്, ഇൻഷ്വറൻസ് പ്രീമിയത്തിന്റെ വർദ്ധനവ്, വിലക്കയറ്റം തുടങ്ങിയവ മൂലം ഈ മേഖലയിലെ തൊഴിലാളികൾ ബുദ്ധിമുട്ടനുഭവിക്കുമ്പോഴാണ് കൂനിന്മേൽ കുരു എന്നപോലെ ടാക്സ് വർദ്ധനവുണ്ടായിരിക്കുന്നത്. ഇത് ന്യായീകരിക്കാൻ കഴിയുന്നതല്ല. അതോടൊപ്പം 5 വർഷത്തെ ടാക്സ് ഒരുമിച്ച് അടയ്ക്കുമ്പോൾ ക്ഷേമപദ്ധതിയാകെ തകരും. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ആക്ട് അനുസരിച്ച് ടാക്സ് സ്വീകരിക്കണമെങ്കിൽ വെൽഫെയർ ഫണ്ടിലേയ്ക്കുള്ള കോൺട്രിബ്യൂഷൻ അടച്ചിരിക്കണം. അഞ്ച് വർഷത്തേയ്ക്ക് ഒരുമിച്ച് അടച്ചാൽ ഓരോ വർഷത്തേയും കോൺട്രിബ്യൂഷൻ തിരിച്ചെടുക്കാനും കഴിയാത്ത അവസ്ഥയുണ്ടാകുമ്പോൾ വെൽഫെയർ ഫണ്ട് ആക്ടും തകരും. ഈ പ്രശ്നങ്ങളെ ആസ്പദമാക്കിയാണ് നോട്ടീസ് നൽകിയത്. ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയും തൊഴിൽ .വകുപ്പുമന്ത്രിയും ഒരു പ്രാവശ്യം ട്രേഡ് യൂണിയൻ നേതാക്കളുമായി ചർച്ച നടത്തിയിരുന്നുവെങ്കിലും പരിഹാരമുണ്ടായില്ല. വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടതായതുകൊണ്ടും, പ്രത്യേകിച്ച് ധനകാര്യ വകുപ്പ് ഇൻവോൾവ് ചെയ്ത പ്രശ്നമായതു

കൊണ്ടും അങ്ങും ധനകാര്യ വകുപ്പുമന്ത്രിയുംകൂടി പങ്കെടുത്തുകൊണ്ട് തൊഴിലാളി സംഘടനകളുടെ മീറ്റിംഗ് വിളിച്ച് പ്രശ്നം പരിഹരിക്കുന്നില്ലെങ്കിൽ 48 മണിക്കൂർ കേരളത്തിലെ എല്ലാ മോട്ടോർ വാഹനങ്ങളും പണിമുടക്കുന്ന അവസ്ഥയുണ്ടാകും. അത് സംസ്ഥാനത്തിന് ഗുണകരമല്ല. അത് ഒഴിവാക്കാൻ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ അങ്ങ് മുൻകയ്യെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, മോട്ടോർ വാഹനങ്ങളുടെ ടാക്സ് വർദ്ധിപ്പിച്ചത് പിൻവലിക്കുക, മോട്ടോർ തൊഴിലാളി ക്ഷേമനിധി ഫലപ്രദമായി നടപ്പിലാക്കുക, ഓട്ടോ-ടാക്സി നിരക്ക് വർദ്ധിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് യൂണിയനുകളുടെ സംയുക്ത സമരസമിതി സർക്കാരിന് പണിമുടക്ക് നോട്ടീസ് തന്നിട്ടുണ്ട്. ഇത് സംബന്ധിച്ച് ഗതാഗത വകുപ്പുമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും കോൺഫറൻസ് വിളിച്ചിരുന്നു. ടാക്സ് വർദ്ധനവ് പിൻവലിക്കണമെന്ന ആവശ്യമായിരുന്നതുകൊണ്ട് അത് സംബന്ധിച്ച് തീരുമാനമെടുക്കാൻ സാധിച്ചില്ല. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യം ഗൗരവായി ത്തന്നെ ഗവൺമെന്റ് കാണുന്നു. ഈ ആഴ്ചയിൽത്തന്നെ ധനകാര്യ വകുപ്പുമന്ത്രിയുടെയും ഗതാഗത വകുപ്പുമന്ത്രിയുടെയും തൊഴിൽ വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ ഞാൻ തന്നെ കോൺഫറൻസ് വിളിക്കാം. ഈ സമരം ഒഴിവാക്കണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം. മീറ്റിംഗിൽ ആ ആവശ്യം ഗവൺമെന്റ് ഉന്നയിക്കും. തൊഴിലാളികൾ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾ ഗവൺമെന്റ് കണക്കിലെടുക്കുകയും ചെയ്യും.

## കൊച്ചി–വെങ്ങളം തീരദേശ പാത

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, പൊന്നാനി–വെങ്ങളം തീരദേശപാത പൂർണ്ണമായും കടൽക്കരയിലൂടെ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. നിർദ്ദിഷ്ട തീരദേശപാതയ്ക്ക് ആദ്യഘട്ടമായി 117 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാവുകയും 17 കോടി രൂപയുടെ പ്രവൃത്തി തിരൂർ ആശാൻപടി മുതൽ പറവണ്ണ വരെ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെയാണ് ഇതിന് തുടക്കം കുറിച്ചത്. ആർ.ബി.ഡി.സി.കെ യാണ് ഈ പ്രവർത്തി നടത്തുന്നത്. പാത കടന്നുപോകുന്ന ഒട്ടുമ്പുറം കെട്ടുങ്കൽ പാലം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 27 കോടി രൂപ ചെലവിൽ പ്രവൃത്തി നടത്തിക്കൊണ്ടിരിക്കുകയാണ്. ഇനി റോഡ് പ്രവൃത്തി നടക്കേണ്ട താനൂർ തീരപ്രദേശം ഇപ്പോൾ 100 മീറ്ററോളം കടൽ എടുത്തിരിക്കുകയാണ്. ഇവിടെ ഇനി റോഡിന് സ്ഥലം വിട്ടുനൽകാൻ തീരദേശവാസികളുടെ എതിർപ്പുണ്ട്. ഈ സാഹചര്യത്തിൽ പാത പൂർണ്ണമായും കടൽക്കരയിലൂടെ നിർമ്മിച്ചാൽ കടൽക്കരയിൽ സുരക്ഷാ ഭിത്തിയും റോഡും ഒരുമിച്ച് യാഥാർത്ഥ്യമാക്കാനാകും. കോഴിക്കോട് നഗരത്തിൽ നിലവിലുള്ള പാത ഇതുപോലെയാണ് കടന്നുപോകുന്നത്. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ ചരക്ക് നീക്കം, നിർദ്ദിഷ്ട പൊന്നാനി തുറമുഖം, ബേപ്പൂർ തുറമുഖം, താനൂർ, പൊന്നാനി, ബേപ്പൂർ, കോഴിക്കോട് മത്സ്യബന്ധന തുറമുഖങ്ങൾ എന്നിവയി

ലേയ്ക്കൊക്കെ ഇത് പ്രയോജനപ്രദമാകും. ബിയ്യം കനാൽ, കൂട്ടായി അഴിമുഖം, ഒട്ടുമ്പുറം കടലുണ്ടി പക്ഷിസങ്കേതം തുടങ്ങി ഒട്ടേറെ ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്നതിന് ടൂറിസം സാധ്യതയുമുണ്ട്. ഈ പാത പൂർത്തീകരിച്ചാൽ കോഴിക്കോടുനിന്ന് കൊച്ചിയിലേക്കുള്ള ദൂരം 40 കിലോ മീറ്ററോളം ലാഭിക്കാൻ കഴിയും. കടൽക്കരയിൽ സംരക്ഷണഭിത്തി നിർമ്മി ക്കേണ്ട ഇറിഗേഷൻ വകുപ്പ്, തീരദേശ പാത നിർമ്മിക്കുന്ന പൊതുമരാമത്ത് വകുപ്പ്, കടൽതീരമായതിനാൽ CRZ - മായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ഫിഷറീസ് വകുപ്പ് എന്നിവരുടെ സംയുക്തയോഗം മുഖ്യമന്ത്രിതന്നെ വിളിച്ചു ചേർത്ത് ഭരണാനുമതിയായ 100 കോടി രൂപ മിഷൻ 676-ൽ ഉൾപ്പെടുത്തി സമയബന്ധിതമായി വിനിയോഗിക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട റോഡിന്റെ കാര്യമാണ്. ഈ റോഡുവഴി സഞ്ചരിച്ചാൽ, എറണാകുളം മുതൽ കോഴിക്കോട് വരെയുള്ള ദൂരം കുറയുകയും വളരെ വേഗം എത്തിച്ചേരാനും സാധിക്കും. അതിനു വേണ്ടിയുള്ള പണികൾ പുരോഗമിച്ചുവരികയാണ്. ആദ്യഘട്ടമായ പറവണ്ണ മുതൽ ആശാൻപടി വരെയുള്ള റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ച് വരികയാണ്. ശേഷിച്ച ചീരാൻ കടപ്പുറം മുതൽ താനൂർ വരെയുള്ള റോഡിന്റെ നിർമ്മാണം ഒട്ടുമ്പുറം, കൂട്ടായി ടൂറിസ്റ്റ് കേന്ദ്രങ്ങൾ, മലയാള സർവ്വകലാശാല, താനൂർ ഗവൺമെന്റ് കോളേജ് എന്നിവയെ ബന്ധിപ്പിച്ചു

കൊണ്ടുള്ളതാണ്. എന്നാൽ നിർമ്മാണവുമായി മുന്നോട്ട് പോകുന്നതിന് ഭൂമി വിട്ടുതരുന്നത് സംബന്ധിച്ച് ചില എതിർപ്പുകളുണ്ട്. അതുകൊണ്ടാണ് വേണ്ടത്ര വേഗത്തിൽ പ്രവൃത്തി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്തത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കോൺഫറൻസ് വിളിച്ചുകൂട്ടാം, ഈ റോഡിന്റെ നിർമ്മാണ പ്രവൃത്തി എത്രയുംവേഗം പൂർത്തിയാക്കാൻ ഗവൺമെന്റിന് താൽപ്പര്യമുണ്ട്. അവിടത്തെ ജനങ്ങളുടെ സഹകരണംകൂടി ഉണ്ടാകണം. ആ പ്രദേശത്തെ ജനങ്ങൾക്ക് മാത്രമല്ല, സംസ്ഥാനത്തിന് തന്നെ വളരെ പ്രയോജനകരമായിട്ടുള്ള റോഡ് ഏറ്റവും വേഗത്തിൽ പൂർത്തീകരിക്കാൻ ശ്രമിക്കും.

## ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് സോഫ്റ്റ്‌വെയർ

ശ്രീ. എ. എം. ആരിഫ് : സർ, പി.എസ്.സി. നിയമനം നടത്തുന്ന സംസ്ഥാന സർവ്വീസുകളിലും കെ.എസ്.ഇ.ബി., കെ.എസ്.ആർ.ടി.സി. തുടങ്ങിയ സ്ഥാപനങ്ങളിലും ഒഴിവുകൾ പലതും നികത്തപ്പെടാതെ കിടക്കുകയാണ്. റിട്ടയർമെന്റ്, ദീർഘകാല അവധി, പ്രൊമോഷൻ എന്നിവ മൂലമുള്ള ഒഴിവുകളാണ് നികത്തപ്പെടാതെ കിടക്കുന്നത്. പല ഒഴിവുകളും നികത്താനുള്ള പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോഴാണ് ഒഴിവുകൾ നികത്തപ്പെടാതെ പോകുന്നത്. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടിക്കൊടുത്തുകൊണ്ട് ഉദ്യോഗാർത്ഥികളെ സഹായിക്കുമെന്ന് തോന്നുന്നു. പക്ഷേ, റാങ്ക് ലിസ്റ്റിന്റെ കാലാവധി തീർന്നാലും നിയമനം ലഭിക്കാത്ത അവസ്ഥയുണ്ട്. ഈ വിഷയം സംബന്ധിച്ച് ഞാൻ അങ്ങയോട്, ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത ഏതെങ്കിലും ഉദ്യോഗസ്ഥരുടെ പേരിൽ ഏതെങ്കിലും ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന

ഒരു ചോദ്യം ചോദിച്ചപ്പോൾ, ഒരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ലെന്നായിരുന്നു മറുപടി. അങ്ങനെ വരുമ്പോൾ റിപ്പോർട്ട് ചെയ്യപ്പെടാതെ പോകുന്ന ഒഴിവുകൾ നികത്തേണ്ട റാങ്ക് ലിസ്റ്റുകളും അവസാനിക്കുകയാണ്. ലക്ഷക്കണക്കിന് രൂപ മുടക്കിയാണ് പി.എസ്.സി. പരീക്ഷകൾ നടത്തുന്നത്. നാടിന്റെ നാനാഭാഗത്തും പോയി പഠിച്ച്, പരീക്ഷയെഴുതി, റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടാൽ ഒരു ജോലി കിട്ടുമെന്ന പ്രതീക്ഷയിലണ് ഉദ്യോഗാർത്ഥികൾ. എന്നാൽ സാമ്പത്തിക പ്രയാസങ്ങൾ വരുമ്പോൾ അറിഞ്ഞും അറിയാതെയുമൊക്കെയുള്ള നിയമന നിരോധനങ്ങൾ നിൽക്കുന്നതിന്റെ ഭാഗമായി പലപ്പോഴും ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കാതെ പോകുന്നു. പരീക്ഷകൾ നടത്തുന്നതിന് കോടികളും ജനങ്ങൾ പരീക്ഷകൾ എഴുതാൻ ധാരാളം തുകയും മുടക്കിയാലും വേക്കൻസികൾ നികത്തപ്പെടാതെ പോവുകയാണ്. വിവരസാങ്കേതികവിദ്യ വികസിച്ച ലോകത്താണ് നാം ജീവിക്കുന്നത്. അദ്ധ്യാപകരുടെ ഒഴിവുകളുമായി ബന്ധപ്പെട്ട്, ചിലപ്പോൾ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടേയോ മറ്റ് പ്രശ്നങ്ങളോ ഉണ്ടായേക്കാം. എൽ.പി./യു.പി. അദ്ധ്യാപകർ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും നിയമനം ലഭിക്കുന്നില്ലെന്ന കാരണത്താൽ ഇന്നലെ അങ്ങയുടെ വീട്ടുപടിക്കൽ സമരത്തിലായിരുന്നു. അദ്ധ്യാപക തസ്തിക ഒഴിച്ചാൽ ബാക്കിയുള്ള വേക്കൻസികൾ, പി.എസ്.സി.-യുമായി ആലോചിച്ച് ഒരു സോഫ്റ്റ്വെയർ ഡെവലപ് ചെയ്താൽ ഒറിജിനേറ്റ് ചെയ്യുന്ന സ്ഥലത്തുനിന്നും അപ്-ലോഡ് ചെയ്യാൻ കഴിയും. ഇത്തരത്തിലുള്ള സോഫ്റ്റ്വെയർ ഡെവലപ് ചെയ്തു കഴിഞ്ഞാൽ ഒഴിവുകൾ യഥാസമയം നികത്തപ്പെടുകയും ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുകയും ചെയ്യും. ലോകത്ത്, അഡ്വാൻസ്ഡ് ആയിട്ടുള്ള പല രാജ്യങ്ങളിലും ഇതുപോലുള്ള സാങ്കേതികവിദ്യ ഉപയോഗ

പ്പെടുത്തിയാണ് സമൂഹത്തെ സഹായിക്കുന്നത്. ഐ.റ്റി. മിഷനൊക്കെ വലിയ സാങ്കേതികവിദ്യ ഡെവലപ് ചെയ്തിരിക്കുന്നുവെന്ന് അവകാശ പ്പെടുന്ന സന്ദർഭത്തിലാണ് ഇത്തരം സാദ്ധ്യതകളെ ഉപയോഗപ്പെടുത്താതെ പോകുന്നത്. തീർച്ചയായും പി.എസ്.സി.-യുമായി ചർച്ച നടത്തി, ഈ സാദ്ധ്യത ഉപയോഗപ്പെടുത്തി ഒരു സോഫ്റ്റ്‌വെയർ ഡെവലപ് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, തത്വത്തിൽ പി.എസ്.സി.-യും ഗവൺമെന്റും അംഗീകരിച്ച്, ഗവൺമെന്റ് സർക്കുലർ ഇറക്കുകയും ചെയ്ത കാര്യമാണിത്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി നിയമനാധികാരികൾ, ഒഴിവുകൾ പി.എസ്.സി. സെക്രട്ടറിയെ ഇ-മെയിൽ സംവിധാനം വഴി അറിയിക്കാൻ 6-10-2012-ലെ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. 1-8-2014 മുതൽ പി.എസ്.സി.-യിലേയ്ക്ക് ഇ-മെയിൽ സംവിധാനം മുഖേന മാത്രമേ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാവൂ എന്ന് വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകുന്നതിന് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ഉദ്യോഗാർത്ഥികളെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശുപാർശ ചെയ്യുന്നതിനുള്ള സോഫ്റ്റ്‌വെയറിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാ ണെന്ന കാര്യം പി.എസ്.സി. അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലുള്ള സിസ്റ്റം ഇവിടെയും കൊണ്ടുവരികയാണ്. ഒഴിവ് വന്നാൽ ഉടൻ നിയമനം നടത്തണമെന്നുള്ളത് നിർബന്ധമാക്കിയിട്ടുണ്ട്. അതുസംബന്ധിച്ച് ഇടയ്ക്കിടയ്ക്ക് സർക്കുലർ നൽകുന്നുണ്ട്. ലിസ്റ്റ്

നിലനിൽക്കെ, ഒഴിവ് വന്നിട്ടും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയെടുക്കും. അക്കാര്യത്തിൽ യാതൊരു വീഴ്ചയും വരുത്തുകയില്ല.

## മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡ് നിർമ്മാണം

ശ്രീ. എ. പ്രദീപ്കുമാർ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി കോഴിക്കോട് വന്ന്, പല തവണ പറഞ്ഞ ഒരു കാര്യം പ്രാവർത്തികമാകാത്തതിനെ തുടർന്നാണ് ഞാൻ ഈ വിഷയം ഉന്നയിക്കുന്നത്. 2008-ൽ അന്നത്തെ ഗവൺമെന്റ്, കോഴിക്കോട് സിറ്റി റോഡ്സ് ഇംപ്രൂവ്മെന്റ് പ്രോജക്ട് എന്ന പേരിൽ അവിടെയുള്ള 7 റോഡുകളുടെ വികസനത്തിനായി പണം അനുവദിച്ചിരുന്നു. ഫാസ്റ്റ്ട്രാക് അക്വിസിഷൻ തീരുമാനിച്ച് സ്പെഷ്യൽ ടീമിനെ നിയോഗിച്ചു. ഇതിൽ മുൻഗണന കൊടുത്ത, വയനാട്ടിലേയ്ക്ക് പോകാവുന്ന മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡ് ഒഴികെ ബാക്കിയെല്ലാ റോഡുകളുടെയും അക്വിസിഷൻ പൂർത്തിയായി. അന്നത്തെ എസ്റ്റിമേറ്റ് അനുസരിച്ചാണ് അക്വിസിഷന് തുക നിശ്ചയിച്ചത്. 5 വർഷത്തോളം വൈകിയപ്പോൾ കൂടുതൽ തുക ആവശ്യമായി വന്നു. 343 കോടി രൂപയോളം വേണ്ടിവരുമെന്നാണ് കണക്കാക്കിയിരുന്നത്. അവിടത്തെ ജനപ്രതിനിധികളായ മേയർ, എം.പി., എം.എൽ.എ. എന്ന നിലയിൽ ഞാൻ, ബഹുമാനപ്പെട്ട മന്ത്രി ഡോ. എം. കെ. മുനീർ തുടങ്ങിയവരും ആക്ഷൻ കമ്മിറ്റിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കാണുകയും ഗസ്റ്റ്ഹൗസിൽ വച്ച് മീറ്റിംഗ് നടത്തുകയും ചെയ്തിരുന്നു. അതിനിടയിൽ ഇതുമായി ബന്ധപ്പെട്ട ഫയൽ നഷ്ടപ്പെട്ടിരുന്നു. ഈ റോഡ് വികസനത്തിന് എതിരായി

പ്രവർത്തിക്കുന്ന ചില ആളുകളും അവിടെയുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം ഫയൽ കണ്ടുപിടിക്കുകയും ആവശ്യമായ പണം അനുവദിക്കാമെന്ന് പറയുകയും ചെയ്തിരുന്നു. ഈ യോഗം നടന്നത് 2013 ഏപ്രിൽ 20-നാണ്. അതിനുശേഷം 2013 നവംബർ മാസത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ജനപ്രതിനിധികളെല്ലാം പങ്കെടുത്തുകൊണ്ട് യോഗം ചേർന്നു. ആവശ്യമായ ഫണ്ട് ലഭ്യമാക്കാൻ പൊതുമരാമത്ത് വകുപ്പുമന്ത്രിയും സാമൂഹ്യനീതി വകുപ്പുമന്ത്രിയും മുൻകയ്യെടുക്കുമെന്നും റിവ്യൂ മീറ്റിംഗുകൾ ഡോ. എം.കെ. മുനീറിന്റെ നേതൃത്വത്തിൽ നടക്കുമെന്നും പൊതുമരാമത്ത് വകുപ്പുമന്ത്രി 3 മാസത്തിലൊരിക്കൽ മീറ്റിംഗ് നടത്തുമെന്നുമുള്ള നിലയിലാണ് തീരുമാനിച്ചത്. 2014 ഫെബ്രുവരി 27-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്ത് ഈ പ്രോജക്ടിന്റെ ലോഞ്ചിംഗ് നടത്തി. പ്രവൃത്തി വേഗം മുന്നോട്ട് കൊണ്ടുപോകുന്നതിനായി 100 കോടി രൂപ ഉടൻ ലഭ്യമാക്കുമെന്നും ബാക്കി തുക പിന്നാലെ അനുവദിക്കുമെന്നും പ്രഖ്യാപിച്ചു. ഇക്കാര്യത്തിൽ പിന്നീട് ഒന്നും നടന്നില്ലെന്നുള്ളതുകൊണ്ടാണ് ഈ വിഷയം ഉന്നയിക്കുന്നത്. 2015 ഏപ്രിൽ മാസത്തോടുകൂടി അക്വിസിഷൻ നടപടികൾ പൂർത്തിയാക്കാനായില്ലെങ്കിൽ 4(1) നോട്ടിഫിക്കേഷൻ ഡിനോവോ ആകുകയും ഈ പദ്ധതിതന്നെ താറുമാറാകുന്ന സാഹചര്യവുമുണ്ടാകും. ഇപ്പോൾ അതിന്റെ ഡ്രാഫ്റ്റ് ഡിക്ലറേഷൻ പ്രഖ്യാപിച്ചിട്ടുണ്ട്. പണം ലഭിച്ചാൽ ഉടനെ അക്വിസിഷൻ നടപടികൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്ന സാഹചര്യമുണ്ട്. അക്വിസിഷൻ നടക്കരുതെന്ന് ആഗ്രഹിക്കുന്ന ശക്തികൾ അവിടെ പ്രവർത്തിക്കുന്നുണ്ട്. എന്തായാലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി

കഴിഞ്ഞ ഒരു വർഷത്തിനിടയിൽ മൂന്നുതവണ അവിടെ വന്ന് നൽകിയ ഉറപ്പ് നടക്കാതെ പോയിട്ടുണ്ട്. കോഴിക്കോട് സിറ്റി ഡെവലപ്മെന്റ് മാത്രമല്ല, കോഴിക്കോട്-വയനാട് റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട്, പ്രധാനപ്പെട്ട കാര്യമായതുകൊണ്ട് ഇതിന് പ്രാധാന്യം നൽകി പരിഗണിക്കണം. അങ്ങ് കഴിഞ്ഞ ദിവസം കോഴിക്കോട് വന്നപ്പോൾ, വീണ്ടും മീറ്റിംഗ് വിളിക്കുന്ന കാര്യം ആക്ഷൻ കമ്മിറ്റിയുമായി സംസാരിച്ചിരുന്നു. മീറ്റിംഗ് വിളിക്കുന്നതല്ല പ്രശ്നം. നേരത്തേ മീറ്റിംഗ് വിളിച്ച് വ്യക്തത വരുത്തി നടത്തിയ പ്രഖ്യാപനം പ്രാവർത്തികമാക്കലാണ്; ആവശ്യമായ ഫണ്ട് ലഭ്യമാക്കലാണ് നടത്തേണ്ടത്. 100 കോടി രൂപ അനുവദിച്ചതുകൊണ്ടായില്ല, പൂർണ്ണമായിട്ടുള്ള തുക ലഭ്യമാക്കേണ്ടതുണ്ട്. പുതിയ അക്വിസിഷൻ ആക്ടിന്റെ പ്രതിബന്ധം പരിഹരിക്കാനുള്ള വ്യക്തത ഉണ്ടാക്കിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കാരണം 2014 ജനുവരിക്ക് മുമ്പ് 4(1) നോട്ടിഫിക്കേഷൻ ആയത് എൽ.എ. പ്രൊസീഡ് ചെയ്യാമെന്നും കോമ്പൻസേഷൻ കൊടുന്നുന്നത് ലാന്റ് അക്വിസിഷൻ ആക്ട് അനുസരിച്ച് ആയാൽ മതിയെന്നുമുള്ള ക്ലാരിഫിക്കേഷനുണ്ടായ സാഹചര്യത്തിൽ, മറ്റ് തടസ്സങ്ങളൊന്നുമില്ല, പണം അനുവദിക്കേണ്ട പ്രശ്നം മാത്രമേയുള്ളു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എപ്പോൾ പണം ലഭ്യമാക്കുമെന്ന മറുപടിയാണ് അങ്ങയിൽ നിന്നും പ്രതീക്ഷിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡ് കോഴിക്കോട് നഗരത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ഒരു റോഡാണ്. അവിടത്തെ ജനപ്രതിനിധികളെല്ലാം വളരെ പ്രാധാന്യത്തോടു കൂടി ഈ റോഡുവികസനത്തിനുവേണ്ടി നിൽക്കുന്നവരുമാണ്. നമ്മുടെ

മന്ത്രികൂടിയായ എം.എൽ.എ. ഡോ. എം. കെ. മുനീർ, ശ്രീ. എ. പ്രദീപ്കുമാർ എം.എൽ.എ., ശ്രീ. എം. കെ. രാഘവൻ എം.പി. എല്ലാവരും കൂട്ടായിട്ടുള്ള ശ്രമങ്ങളാണ് ഇതിനുവേണ്ടി നടത്തിയിട്ടുള്ളത്. അങ്ങ് ഇവിടെ പറഞ്ഞ കാര്യങ്ങൾ ശരിയാണ്. ഇത് അംഗീകരിച്ചതാണ്. ഞാനവിടെ പ്രഖ്യാപിച്ചതുമാണ്. പക്ഷെ നമുക്ക് ഏത് പ്രോജക്ടിനുമെന്നപോലെ ഇവിടെയും വന്നിരിക്കുന്ന പ്രശ്നം ലാന്റ് അക്വിസിഷന്റെ എതിർപ്പും അതിന്റെ കോസ്റ്റുമാണ്. ഇതിന്റെ ചെലവിനുവേണ്ടി മുന്നൂറ്റി നാൽപ്പത്തി നാലര കോടിരൂപയാണ് വരുന്നത്. ഈ റോഡിന്റെ നീളം അങ്ങേയ്ക്ക് അറിയാമല്ലോ. അധികദൂരമല്ലാത്ത ഒരു സ്ഥലത്താണ് ഇത്രയും വലിയൊരു കോസ്റ്റ് വരുന്നത്. എങ്കിലും ഈ റോഡിന്റെ വികസനത്തിന്റെ ആവശ്യകത പൂർണ്ണമായും ഉൾക്കൊള്ളുന്നു. സാമ്പത്തികമായ പരിമിതികളുണ്ടെങ്കിലും ആ സാഹചര്യത്തിലും ഈ റോഡ് യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ധനകാര്യ വകുപ്പുമന്ത്രിയും പൊതു മരാമത്തു വകുപ്പുമന്ത്രിയുമായും ആലോചിച്ച് ആവശ്യമായ നടപടിയെടുക്കും എന്ന ഉറപ്പുപറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

## നിസ്‌ല എന്ന വിദ്യാർത്ഥിയുടെ ആത്മഹത്യ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, മലപ്പുറം ജില്ലയിൽ അരീക്കോട് എസ്.ഒ.എച്ച്.എസ്. എന്ന ഹയർ സെക്കന്ററി സ്കൂളിലെ 9-ാം ക്ലാസ് വിദ്യാർത്ഥിനി നിസ്‌ല അത്മഹത്യ ചെയ്യുകയുണ്ടായി. 9-ാം ക്ലാസിൽ തോൽപ്പിക്കപ്പെട്ടതിനെത്തുടർന്നാണ് ആത്മഹത്യ ചെയ്തത് എന്നത് വലിയ പ്രക്ഷോഭമായതിനെത്തുടർന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിതന്നെ അവിടെ

സന്ദർശിക്കുകയുണ്ടായി. സാമന്യമായി ഭേദപ്പെട്ട നിലയിൽ പഠിച്ചു കൊണ്ടിരുന്ന വിദ്യാർത്ഥിനി തോറ്റതല്ല തോൽപ്പിക്കപ്പെട്ടതാണ് എന്നുള്ള ആക്ഷേപം വ്യാപകമായി ഉയർന്നുവന്നു. കൂടെ തോൽപ്പിക്കപ്പെട്ട എല്ലാ കുട്ടികൾക്കും ഒരു പുനഃപരീക്ഷ നടത്തണമെന്ന് ബാലാവകാശ കമ്മീഷൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പുനഃപരീക്ഷ നടത്തി. ആത്മഹത്യ ചെയ്ത നിസ്ല ഒഴികെയുള്ള മുഴുവൻ കുട്ടികളും ആ പരിക്ഷയിൽ വിജയിച്ചു. ഇതിൽനിന്ന് തോൽവി വളരെ സ്വാഭാവികമല്ലായെന്ന് വന്നിരിക്കുകയാണ്. ഈ കുട്ടി മരിക്കുന്നതിനുമുമ്പ് ഒരു ആത്മഹത്യാ ക്കുറിപ്പെഴുതി വച്ചിരുന്നു. ആ കുറിപ്പിൽ ചില പേരുകൾ പരാമർശിച്ചിട്ടുണ്ട്. അതിൽ സ്കൂൾ അധികൃതരെ സംബന്ധിച്ചും സ്കൂൾ പ്രിൻസിപ്പലിനെ സംബന്ധിച്ചും ആക്ഷേപം പറഞ്ഞിട്ടുണ്ട്. ഈ ആത്മഹത്യാ കുറിപ്പ് കുട്ടിയുടെ ഉമ്മ പോലീസിന് കൈമാറിയിട്ട് മാസങ്ങൾ കഴിഞ്ഞു. ഇതുവരെ പോലീസ് ഒരന്വേഷണം നടത്തുകയോ കേസ്സെടുക്കുകയോ എന്തെങ്കിലും നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. നിസ്ല തന്റെ മരണത്തിനുത്തരവാദി കളായവരെക്കുറിച്ച് എഴുതിവച്ചിട്ടും യാതൊരു നിയമനടപടിയും സ്വീകരിക്കാതെ പോലീസ് നിഷ്ക്രിയത്വം തുടരുന്നത് നാട്ടിലാകെ അസ്വസ്തതകൾ സൃഷ്ടിച്ചിട്ടുള്ളത് അപമാനകരമാണ്. നിസ്ലയുടെ മരണം, പരാജയപ്പെടാനുള്ള കാരണം, യഥാർത്ഥ പരാജയമാണോ തുടങ്ങിയ എല്ലാ കാര്യങ്ങളും പരിശോധിക്കണം. ഈ കുട്ടിയുടെ ഉത്തരക്കടലാസുപോലും പരിശോധിക്കാൻ തയ്യാറായിട്ടില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തരമായി സർക്കാർ അന്വേഷണ നടപടികൾ സ്വീകരിക്കണമെന്നും ഒരു പ്രത്യേക അന്വേഷണ സംഘത്തെതന്നെ നിയോഗിക്കണമെന്നും ഈ

മരണത്തിനുത്തിവാദികളായവർക്കെതിരെ നടപടി സ്വീകരിക്കാൻ പോലീസ് തയ്യാറാകണമെന്നും ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, മലപ്പുറം അരീക്കോട് വടക്കുംമുറി ഇടക്കല്ലൻ ഹൗസിൽ ഉസ്മാന്റെ മകളും അരീക്കോട് ജമാഅത്തുൽ മുജാഹിദ്ദിൻ മാനേജ്മെന്റിന്റെ കീഴിലുള്ള സുല്ലമൂ സ്വല്ലം ഓറിയന്റൽ സ്കൂളിലെ 9–ാം ക്ലാസ് വിദ്യാർത്ഥിനിയുമായിരുന്ന 17 വയസ്സുള്ള നിസ്‌ല 02-05-2014 -ന് 3.00-നും 3.30–നുമിടയ്ക്ക് വീട്ടിലെ ബെഡ്റൂമിൽ തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ടു. നിസ്‌ലയുടെ പിതാവിന്റെ സഹോദരൻ സാദിഖിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ അരീക്കോട് പോലീസ് സ്റ്റേഷനിൽ അസ്വഭാവിക മരണത്തിന് ക്രൈം 287/2014 ആയി കേസ് രജിസ്റ്റർ ചെയ്തു. മൃതദേഹം കോഴിക്കോട് മെഡിക്കൽ കോളേജിൽവച്ച് അരീക്കോട് സബ് ഇൻസ്പെക്ടർ ഇൻക്വസ്റ്റ് നടത്തി അവിടത്തന്നെ പോസ്റ്റ്മാർട്ടത്തിന് വിധേയമാക്കിയതിനുശേഷം മൃതശരീരം ബന്ധുക്കൾക്ക് വിട്ടുകൊടുത്തു. ഈ കേസ്സിന്റെ അന്വേഷണം അരീക്കോട് സബ് ഇൻസ്പെക്ടർ നടത്തുകയും മരണപ്പെട്ട നിസ്‌ലയുടെ കുടുംബാംഗങ്ങൾ, അയൽവാസികൾ, സഹപാഠികൾ, അദ്ധ്യാപകർ എന്നിവരെ നേരിൽക്കണ്ട് അന്വേഷിച്ച് മൊഴി രേഖപ്പെടുത്തുകയുമുണ്ടായി. നിസ്‌ല മരിച്ച് ദിവസങ്ങൾക്കുശേഷം വീട്ടിൽനിന്ന് വീട്ടുകാർ കണ്ടെടുത്ത ആത്മഹത്യക്കുറിപ്പ് ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർമാൻ മുഖാന്തിരം അരീക്കോട് പോലീസ് സബ് ഇൻസ്പെക്ടറെ ഏൽപ്പിക്കുകയും ആയത്

പരിശാധിച്ചതിൽ നിസ്ല പരീക്ഷയിൽ തോറ്റതിലുള്ള മനോവിഷമത്തിലാണ് ആത്മഹത്യ ചെയ്തതെന്ന് വെളിവാകുകയും ചെയ്തിട്ടുണ്ട്. നിസ്ല നന്നായി പഠിച്ചിരുന്നുവെന്നും എന്നിട്ടും രണ്ടാംപ്രാവശ്യവും 9-ാം ക്ലാസ്സിൽ തോൽപ്പിച്ചതിലുള്ള മനോവിഷമമാണ് ആത്മഹത്യ ചെയ്യാൻ കാരണമെന്നു കാണിച്ച് നിസ്ലയുടെ മാതാവ് രേഖാമൂലം ഒരു പരാതി അരീക്കോട് സബ് ഇൻസ്പെക്ടർക്ക് നൽകുകയുണ്ടായി. ഈ പരാതിയുടെ അടിസ്ഥാനത്തിൽ അരീക്കോട് സബ് ഇൻസ്പെക്ടർ സ്കൂൾ അധികാരികളേയും അദ്ധ്യാപകരേയും കണ്ട് അന്വേഷിച്ചതിൽ നിസ്ലയ്ക്ക് 9-ാം ക്ലാസ് വാർഷിക പരീക്ഷയിൽ ഇംഗ്ലീഷ്, കണക്ക്, ഐ.റ്റി. എന്നീ വിഷയങ്ങൾക്ക് ജയിക്കാൻ ആവശ്യമായ 'ഡി' പ്ലസ് ഗ്രേഡിലുള്ള മാർക്ക് ലഭിച്ചിരുന്നില്ല എന്ന് മൊഴി നൽകിയിട്ടുള്ളതാണ്. നിസ്ലയെ മനപ്പൂർവ്വം തോൽപ്പിച്ചതാണെന്നുള്ള ആരോപണം ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ ഇംഗ്ലീഷ്, കണക്ക്, ഐ.റ്റി. എന്നീ വിഷയങ്ങൾക്ക് നിസ്ലയ്ക്ക് മാർക്ക് കുറഞ്ഞതിൽ എന്തെങ്കിലും ക്രമക്കേട് നടന്നിട്ടുണ്ടോ എന്നറിയുന്നതിന് നിസ്ലയുടെ പരീക്ഷാ പേപ്പറുകൾ പരിശാധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിന് മലപ്പുറം ഉപജില്ലാ വിദ്യാഭ്യാസ ഡയറക്ടർക്ക് പോലീസ് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചശേഷം ആഭ്യന്തര വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. എം.എൽ.എ. ആയ ശ്രീ. പി. കെ. ബഷീർ 10 ദിവസങ്ങൾക്കുമുമ്പ് സംസ്ഥാന സർക്കാരിൽനിന്ന് 5 ലക്ഷം രൂപ അനുവദിപ്പിച്ച് ആ വീട്ടിൽകൊണ്ടുചെന്ന് അവർക്ക് നൽകിയിട്ടുള്ളതാണ്. ഇതാണ് അന്വേഷണത്തിന്റെ വിവരം. ഇതിൽ കൂടുതൽ അന്വേഷണം വേണ്ടിവന്നാൽ ഒരു സ്പെഷ്യൽ ടീമിനെ വയ്ക്കുന്നതിന് ഗവണ്മെന്റിന്

എതിർപ്പില്ല. ഏതായാലും ഈ അന്വേഷണം ഒരു ഘട്ടത്തിലെത്തിയതിനു ശേഷം നമുക്ക് അതിനെക്കുറിച്ച് ആലോചിക്കാം.

## മയക്കുമരുന്ന് വിപണനത്തിനെതിരെ നിയമനടപടി

ശ്രീ. സണ്ണി ജോസഫ് : സർ, മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും ഉപയോഗം സമൂഹത്തിൽ കൂടിവരുന്നതിനെതിരെ സമീപ ദിവസങ്ങളിൽ ഈ സഭയിൽത്തന്നെ പലവട്ടം ചർച്ചയുണ്ടായിട്ടുണ്ട്. അതിൽ ഏറ്റവും ഭീകരമായിട്ടുള്ളത് വിദ്യാർത്ഥികളുടെയിടയിൽ മയക്കുമരുന്നുപയോഗം സംബന്ധിച്ച വാർത്തകളും അതിന്റെ റിപ്പോർട്ടുകളുംതന്നെയാണ്. മുതിർന്നവരും യുവജനങ്ങളും മാത്രമല്ല ഇന്ന് കൗമാരക്കാരും വിദ്യാർത്ഥി കളും മയക്കുമരുന്നിന്റെ മായിക വലയത്തിൽപ്പെട്ടുപോകുന്നുവെന്നത് നിർഭാഗ്യകരമായ അവസ്ഥയാണ്. കഞ്ചാവ്, ഹെറോയിൻ, ആമ്പ്യൂൾ തുടങ്ങിയവ ഇവർക്കും ലഭ്യമായിക്കൊണ്ടിരിക്കുന്നു. ഇതുവഴി ജീവിതത്തിന്റെ ലക്ഷ്യം, താളം ഒക്കെ തെറ്റുന്നൊരവസ്ഥയിൽ പല വിദ്യാർത്ഥികളും പെട്ടുപോകുന്നു. കൗമാരക്കാരെ ഇത് വളരെ രൂക്ഷമായി ബാധിക്കുന്നു. സ്കൂൾ-കോളേജ് തലങ്ങളിൽ പെൺകുട്ടികൾക്കുപോലും മയക്കുമരുന്നെത്തിച്ചുകൊടുക്കുന്ന മാഫിയകൾ പ്രവർത്തിക്കുകയാണ്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഇവർക്ക് ആവശ്യത്തിന് മയക്കുമരുന്നുകൾ ലഭ്യമാകുന്ന സാഹചര്യമുണ്ട്. സൗന്ദര്യവർദ്ധനവ്, ബുദ്ധിശേഷി വികസിക്കൽ, കായികമായി കരുത്ത് നേടുക എന്നൊക്കെയുള്ള കാര്യങ്ങൾ പറഞ്ഞാണ് കുട്ടികളെ ഈ വലയത്തിലേയ്ക്ക് ആകർഷിക്കുന്നത്. എന്നാൽ ഇതിന്റെ ഫലമെന്താണെന്നുവച്ചാൽ വിഷാദ രോഗം, മാനസികവും ശാരീരിക വുമായ തളർച്ച തുടങ്ങിയവയാണ്. ഇവരുടെ ഭാവി പൂർണ്ണമായും

നശിക്കുന്നു, മാതാപിതാക്കൾക്കുതന്നെ വലിയ പ്രശ്നങ്ങളുണ്ടാകുന്നു. സമീപകാലത്താരംഭിച്ചിട്ടുള്ള ഗവണ്മെന്റ് നേതൃത്വം നൽകുന്ന 'ക്ലീൻ കാമ്പസ് സെയ്ഫ് കാമ്പസ്' വളരെയേറെ പ്രാധാന്യവും വലിയൊരു ആത്മവിശ്വാസവും ജനങ്ങളിൽ പ്രത്യേകിച്ച് മാതാപിതാക്കളിലുണ്ടാക്കിയിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ പ്രശംസാർഹമാണ്. അതുപോലെ സ്കൂളുകൾ ആരംഭിച്ച അവസരത്തിൽ പോലീസ് സ്കൂൾ പരിസരങ്ങളിൽ നടത്തിയിട്ടുള്ള റെയ്ഡുകൾക്കും വലിയ ഫലമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. മയക്കുമരുന്നുകളുടെ വലിയൊരു ശേഖരംതന്നെ പല സ്ഥലത്തുനിന്നും പിടികൂടാൻ സാധിച്ചിട്ടുണ്ട്. ആ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകേണ്ടതായിട്ടുണ്ട്. വേദന സംഹാരി എന്ന നിലയിൽ ക്യാൻസർ രോഗികൾക്ക് അവരുടെ ജീവിതത്തിന്റെ അവസാനഘട്ടത്തിൽ നൽകുന്ന ഏറ്റവും കട്ടിയായിട്ടുള്ള ഗുളികകൾപോലും കർണ്ണാടക സംസ്ഥാനത്തുനിന്നും കൊണ്ടുവന്ന് കണ്ണൂർ ജില്ലയിലെ സ്കൂൾ-കോളേജുകളിലെ കുട്ടികൾക്ക് കൊടുത്തിട്ടുള്ള സംഭവങ്ങൾ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതെല്ലാം ഫലപ്രദമായി തടയാൻ സാധിക്കണം. വിദ്യാർത്ഥികളിൽതന്നെ ബോധവത്ക്കരണം ഉണ്ടാക്കാനും ഇത്തരം കേസ്സുകൾ റിപ്പോർട്ട് ചെയ്ത് അധികാരികളുടെ മുമ്പിൽ കൊണ്ടുവരാനും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾക്ക് സാധിക്കണം. പോലീസ് ആക്ഷനൊക്കെ പലപ്പോഴും വളരെ പരിമിതമായി മാത്രമേ നമുക്ക് ചെയ്യാൻ സാധിക്കുകയുള്ളൂ. കുട്ടികളുടെയിടയിൽത്തന്നെ ബോധവത്ക്കരണം ഏറ്റവും ആവശ്യമുള്ള കാര്യമാണ്. "കൗമാരക്കാരും ലഹരിയുടെ വഴിയിൽ, ആശങ്കയുയർത്തി സംഘടനകൾ, വിദ്യാർത്ഥികൾക്ക് വിൽക്കാൻകൊണ്ടുവന്ന ഗുളികകൾ പിടിച്ചെടുത്തു"

ഇതെല്ലാം പ്രധാനപ്പെട്ട പത്രവാർത്തകളാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവണ്മെന്റ് കൂടുതൽ ശ്രദ്ധചെലുത്തി വിദ്യാർത്ഥികളുടെയിടയിലുള്ള മയക്കുമരുന്നുപയോഗം തടയുന്നതിനാവശ്യമായ ഫലപ്രദമായ നടപടികൾ വിദ്യാർത്ഥികളുടെകൂടി സഹകരണത്തോടുകൂടി നടപ്പിലാക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മെമ്പർ സണ്ണി ജോസഫ് ഇവിടെ ഉന്നയിച്ചത് വർത്തമാനകാലത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. സ്കൂളിന്റെയും കോളേജിന്റെയും പരിസരപ്രദേശങ്ങളിൽ വ്യാപകമായി നിരോധിക്കപ്പെട്ട പുകയില ഉത്പന്നങ്ങൾ പ്രത്യേകിച്ച് പാൻപരാഗ്, ഗുഡ്ഗ തുടങ്ങിയ നിരോധിത വസ്തുക്കളും, കഞ്ചാവും മാരക മയക്കുമരുന്നുകളും വ്യാപകമായി വിൽക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇന്റലിജൻസിന്റെയും വിവിധ ഏജൻസികളുടെയും റിപ്പോർട്ടുകളുടെ വെളിച്ചത്തിലാണ് സംസ്ഥാന ആഭ്യന്തര വകുപ്പും, വിദ്യാഭ്യാസ വകുപ്പും, ആരോഗ്യ വകുപ്പും കൂടി ചേർന്ന് 'ക്ലീൻ കാമ്പസ് സെയ്ഫ് കാമ്പസ്' പരിപാടി ആരംഭിച്ചത്. വ്യാപകമായ തോതിൽ കേരളത്തിലെ ഹോസ്റ്റലുകളിലും സ്കൂൾ കോളേജ് തലങ്ങളിലും മയക്ക് മരുന്നുപോലുള്ള ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചു വരുന്നത് ആശങ്കാജനകമാണ് എന്നുകൂടി സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഇതിന് അന്താരാഷ്ട്ര മാഫിയാ ബന്ധങ്ങൾ പോലുമുണ്ടെന്നുള്ളതാണ് ഞെട്ടിപ്പിക്കുന്ന വസ്തുത. ഇത് നമ്മുടെ പുതിയ തലമുറയെ വലിയ തോതിലുള്ള അപകടങ്ങളിലേയ്ക്ക് എത്തിക്കുന്നു എന്നതാണ് സത്യം.

അന്താരാഷ്ട്ര മയക്ക്മരുന്ന് മാഫിയകളും ക്യാരിയേഴ്സും കേരളത്തിൽ വളരെ സജീവമാണ്. അവരെ വളരെ ശക്തമായി നേരിടുകയെന്നതാണ് ഗവൺമെന്റിന്റെ സമീപനം. അതുകൊണ്ടാണ് 'ക്ലീൻ കാമ്പസ് സേഫ് കാമ്പസ്' എന്ന പരിപാടി ആരംഭിച്ചിട്ടുള്ളത്. ഇതുവരെ നടന്ന പോലീസിന്റെ അന്വേഷണത്തിന്റെ വെളിച്ചത്തിൽ 10,176 റെയ്ഡുകൾ നടത്തി. 1784 കേസുകൾ എടുത്തു. 30-05-2014 മുതൽ 24-06-2014 വരെ 1700 പേരെ അറസ്റ്റ് ചെയ്തു. 1700 ഓളം ആളുകളെ അറസ്റ്റ് ചെയ്യുക മാത്രമല്ല അവരുടെ കൈയിൽ നിന്ന് ഇത്തരം സാധനങ്ങൾ പിടിച്ചെടുത്തിട്ടുമുണ്ട്. സ്കൂൾ പരിസരത്തും പൊതുസ്ഥലങ്ങളിലും വ്യാപകമായ റെയ്ഡ് നടത്തിക്കൊണ്ടിരിക്കുകയാണ്. സ്കൂളിന്റെ 100 മീറ്റർ മാറി മാത്രമേ സിഗററ്റ് വിൽപ്പന പോലും നടത്താവൂ, അവ എക്സിബിറ്റ് ചെയ്യാൻ പാടില്ല തുടങ്ങിയ COTPA Act-ന്റെ ശക്തമായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. മെഡിക്കൽ ഷോപ്പിൽ നിന്ന് സിറിഞ്ചുകൾ നൽകുക, ഡോക്ടർമാരുടെ പ്രിസ്ക്രിപ്ഷൻ ഇല്ലാതെ വേദന സംഹാരി ഉൾപ്പെടെയുള്ള മരുന്നുകൾ കൊടുക്കുക തുടങ്ങിയ കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡ്രഗ് കൺട്രോളർക്ക് ആരോഗ്യ വകുപ്പ് ആവശ്യമായ നിർദ്ദേശം കൊടുത്ത് മെഡിക്കൽ ഷോപ്പുകളിൽ റെയ്ഡുകൾ നടത്തുകയും ചെയ്യുന്നു. ഇതോടൊപ്പം ബോധവത്ക്കരണ പ്രവർത്തനങ്ങൽക്കുവേണ്ടി വിദ്യഭ്യാസ വകുപ്പുമായി ചേർന്ന് കൊണ്ടുള്ള പ്രവർത്തനം നടന്നുവരുന്നു. ഈ മാസം 30-ാം തീയതി കേരളത്തിലെ എല്ലാ സ്കൂളുകളിലും ഏതാണ്ട് 55 ലക്ഷത്തോളം കുട്ടികൾ ലഹരി വിരുദ്ധ പ്രതിജ്ഞയിൽ പങ്കെടുക്കും.

ബോധവത്ക്കരണ പരിപാടിയുടെ ഔദ്യോഗികമായ ഉദ്ഘാടനം എല്ലാ സ്കൂളുകളിലും നടക്കുകയാണ്. അതോടൊപ്പം സ്കൂൾ തലത്തിൽ പ്രഥാന അദ്ധ്യാപകൻ ചെയർമാനായി ഒരു മോണിറ്ററിംഗ് കമ്മിറ്റിയും ജില്ലാ തലത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ഒരു മോണിറ്ററിംഗ് കമ്മിറ്റിയും സംസ്ഥാനതലത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി, ഹോം ആന്റ് വിജിലൻസിന്റെ നേതൃത്വത്തിലുള്ള ഒരു മോണിറ്ററിംഗ് കമ്മിറ്റിയും എന്ന തരത്തിലുള്ള ത്രീ ടയർ സിസ്റ്റം ഇക്കാര്യത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ശക്തമായ മോണിറ്ററിംഗ് ഇക്കാര്യത്തിൽ നടക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ ഇടയിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്കൂൾ ജാഗ്രതാ സമിതികൾ, വിദ്യാഭ്യാസ ഓഫീസർമാർ, അദ്ധ്യപകർ-വിദ്യർത്ഥികളുൾപ്പെടെയുള്ള എല്ലാവരുമായി ചേർന്നുകൊണ്ട് ഒരു ക്രൂസേഡ് എന്ന രീതിയിലാണ് മുന്നോട്ട് കൊണ്ടുപോകുന്നത്. മരണത്തിന്റെ വ്യാപാരികളെ ഒരു കാരണവശാലും കേരളത്തിൽ സ്വതന്ത്രമായി വിഹരിക്കാനും പ്രവർത്തിക്കാനും അനുവദിക്കുകയില്ല എന്ന നിശ്ചയദാർഢ്യത്തോടെ ഗവൺമെന്റ് മുന്നോട്ട് പോവുകയാണ്. പൊതുവെ ജനങ്ങളുടെ ഭാഗത്തു നിന്ന് നല്ല സഹകരണ മാണ് ഇതിന് ലഭക്കുന്നത്. 'ക്ലീൻ കാമ്പസ്, സെയ്ഫ് കാമ്പസ്' പരിപാടിക്ക് എല്ലാവരുടെയും പിന്തുണ ഞാൻ അഭ്യർത്ഥിക്കുകയാണ്.

## എസ്. എഫ്. ഐ. അക്രമം

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, കണ്ണൂർ തോട്ടട ഗവൺമെന്റ് ഐ. റ്റി.ഐ.-യിൽ കഴിഞ്ഞ ശനിയാഴ്ച ഉണ്ടായ അക്രമ സംഭവത്തിലേയ്ക്കാണ് സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. പുതിയ അഡ്മിഷന് അപേക്ഷാഫാറം വാങ്ങാൻ വന്ന സനത്ത് എന്ന വികലാംഗനായ വിദ്യാർത്ഥിയെ സീനിയർ

വിദ്യാർത്ഥികൾ അക്രമിച്ചു. എസ്.എഫ്.ഐ.-ക്കാരുടെ നേതൃത്വത്തിലായിരുന്നു അക്രമം. കുട്ടിയെ തടഞ്ഞുനിർത്തി 'നീ ജെ.റ്റി.എസ്.-ൽ പഠിക്കുമ്പോൾ കെ.എസ്.യു.-ക്കാരനായിരുന്നോ എന്നും ഇവിടെ വന്നാൽ കെ.എസ്.യു. പ്രവർത്തകനാകുമോ' എന്നും ചോദിച്ച് റാഗ് ചെയ്യുകയും ചെയ്തു. വിവരം അറിഞ്ഞ് ചോദിക്കാൻ ചെന്ന സനത്തിന്റെ പിതാവ് ശ്രീജിത്തിനെയും അക്രമിച്ചു. ഗുരുതരമായി പരിക്കേറ്റ ശ്രീജിത്തിനെ ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ അവിടെ രക്ഷിതാക്കളും നാട്ടുകാരും ഒരു പ്രതിഷേധ പ്രകടനം നടത്തി. പ്രകടനം നടത്തിയവർക്കു നേരെ കാമ്പസിൽ നിന്ന് കല്ലേറിഞ്ഞു, അതിൽ ഏഴോളം പേർക്ക് പരിക്കേറ്റു. പരിക്കേറ്റവരെ ഇന്ദിരാഗാന്ധി ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ഗുരുതരമായ സ്ഥിതിവിശേഷമാണ് അവിടെയുള്ളത് അതുകൊണ്ട് കുട്ടികൾക്ക് അപേക്ഷാഫാറം വാങ്ങുന്നതിനുള്ള സാഹചര്യമുണ്ടാക്കണം. അക്രമികൾക്കെതിരെ മാതൃകപരമായി ശക്തമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, 21.06.2014-ന് രാവിലെ പത്തര മണിയോടെ കണ്ണൂർ എടയ്ക്കാട് പോലീസ് സ്റ്റേഷൻ പരിധിയിലുള്ള തോട്ടട ഗവൺമെന്റ് ഐ.റ്റി.ഐ.-യിൽ വച്ച് വികലാംഗനും കെ.എസ്.യു അനുഭാവിയുമായ സനത്തിനെയും സനത്തിന്റെ പിതാവ് ശ്രീജിത്തിനെയും എസ്.എഫ്.ഐ. വിദ്യാർത്ഥികൾ ദേഹോപദ്രവം ഏൽപ്പിച്ചു. സനത്തിനെ ദേഹോപദ്രവം ഏൽപ്പിച്ചതിന് അർജ്ജുൻ, അരുൺ, മിഥുൻ, ലജീഷ്, റാഷിഫ്, ഋഷികേശ് തുടങ്ങിയ 11 പേരെ പ്രതികളാക്കി ഐ.പി.സി. 143, 147, 343, 323, 149 എന്നീ

വകുപ്പുകൾ പ്രകാരം ക്രൈം 584/2014 ആയും ശ്രീജിത്തിനെ ദേഹോപദ്രവ മേൽപ്പിച്ചതിന് മിഥുൻ, ലജീഷ്, റാഷിഫ്, ഋഷികേശ്, അർജ്ജുൻ എന്നിവരെ പ്രതികളാക്കി ഐ.പി.സി. 143,147,148, 341,324, 308, 149 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 583/2014 ആയും എടയ്ക്കാട് പോലീസ് സ്റ്റേഷനിൽ കേസുകൾ രജിസ്റ്റർ ചെയ്ത് എടയ്ക്കാട് പോലീസ് സബ് ഇൻസ്പെക്ടർ അന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പരിക്കുപറ്റിയ സനത്ത് കണ്ണൂർ ഗവ. ആശുപത്രിയിൽ ഒ.പി.–യിൽ ചികിത്സ നടത്തി. തലയ്ക്ക് പരിക്കേറ്റ ശ്രീജിത്ത് തലശ്ശേരി ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിൽ ചികിത്സയിലുമാണ്. സംഭവത്തിൽ പ്രതിഷേധിച്ച് 23.6.2014 വൈകിട്ട് 3.30–ഓടെ കോൺഗ്രസ് പ്രവർത്തകർ ഐ.റ്റി.ഐ.–ക്ക് സമീപം റോഡിൽ ധർണ്ണയും യോഗവും നടത്തിയപ്പോൾ എസ്.എഫ്.ഐ., കെ.എസ്.യു. പ്രവർത്തകർ പരസ്പരം കല്ലെറിയുകയും അത് തടയാൻ ശ്രമിച്ച പോലീസിന് നേരെയും കല്ലേറുണ്ടായി. കല്ലേറിൽ കാമ്പസിന് പുറത്തുള്ള യു.ഡി.എഫ്. അനുഭാവികളായ പുരുഷോത്തമൻ, അശ്വിൻ, ഫർഹാൻ എന്നിവർക്കും രണ്ട് പോലീസുകാർക്കും പരിക്കേറ്റു. ഈ സമയം കാമ്പസിൽ കയറി പ്രശ്നമുണ്ടാക്കിയവരെ പോലീസ് ലാത്തി വീശി വിരട്ടിയോടിച്ചു. സംഭവത്തിലുൾപ്പെട്ട 15 എസ്.എഫ്.ഐ. വിദ്യാർത്ഥികളെ പോലീസ് കസ്റ്റഡിയിലെടുത്തു. ഇവരെ സ്റ്റേഷനിൽ കൊണ്ടുവന്നു. ഇവരെയും കണ്ടാലറിയാവുന്ന 35–ഓളം പേരെയും ഉൾപ്പെടുത്തി 50-ഓളം പേർക്കെതിരെ പോലീസിനെ കല്ലെറിഞ്ഞ് പരിക്കേൽപ്പിച്ചതിന് ഐ.പി.സി.

141, 148, 149, 332 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 590/2014 ആയും, യു.ഡി.എഫ്. അനുഭാവികളായ പുരുഷോത്തമൻ, അശ്വിൻ, ഫർഹാൻ എന്നിവരെ കല്ലെറിഞ്ഞ് പരിക്കേൽപ്പിച്ചതിന് 133 തുടങ്ങിയ വകുപ്പുകൾ പ്രകാരം ക്രൈം 592/2014 ആയും കേസ് രജിസ്റ്റർ ചെയ്തു. പരിക്കുപറ്റിയ പുരുഷോത്തമൻ, അശ്വിൻ, ഫർഹാൻ എന്നിവർ കണ്ണൂർ ഗവ. ആശുപത്രിയിൽ ചികിത്സ തേടി. ഇതിൽ ഗുരുതരമായി പരിക്കേറ്റ പുരുഷോത്തമൻ തലശ്ശേരി ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിൽ ചികിത്സയിലാണ്. കസ്റ്റഡിയിലായ 15 പേരിൽ മാനസിക പ്രശ്നമുള്ള വിപിൻ എന്നയാളെ കുടുംബാംഗങ്ങളെ വരുത്തി അവരോടൊപ്പം വിട്ടയച്ചു. മറ്റ് 14 പേരെ റിമാൻഡ് ചെയ്ത്, ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചുവരുന്നു. മുകളിൽ പറഞ്ഞ 307 ഐ.പി.സി. പ്രകാരമുള്ള 592/2014-ാം നമ്പർ കേസ് കണ്ണൂർ സിറ്റി പോലീസ് ഇൻസ്പെക്ടറും മറ്റ് കേസുകൾ എടയ്ക്കാട് പോലീസ് സബ് ഇൻസ്പെക്ടറും അന്വേഷിച്ചുവരുന്നു. ശേഷിക്കുന്ന പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ സ്വീകരിച്ചുവരുന്നു. അനിഷ്ട സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്ഥലത്ത് പോലീസ് പാർട്ടി ക്യാമ്പ് ചെയ്യുന്നുണ്ട്.

## 66 കെ.വി. സബ്സ്റ്റേഷൻ

ശ്രീ. ജോസഫ് വാഴക്കൻ: സർ, മൂവാറ്റുപുഴ പേട്ടയിൽ ന്യൂ മൂവാറ്റുപുഴ സബ്സ്റ്റേഷൻ എന്ന പേരിൽ 66 കെ.വി. ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ചാണ് ശ്രദ്ധ ക്ഷണിക്കുന്നത്. വ്യാവസായികപര

മായും വാണിജ്യപരമായും അതിവേഗം വളരുന്ന മൂവാറ്റുപുഴയിലും പരിസരത്തും നാൾക്കുനാൾ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യം നിറവേറ്റുന്നതിനും വ്യവസായത്തെയും പമ്പ് ഹൗസുകളെയും വോൾട്ടേജ് ക്ഷാമത്തിൽ നിന്ന് ഒഴിവാക്കി പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കുന്നതിനുമായി മൂവാറ്റുപുഴ പേട്ടയിൽ 66 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ വന്നിരുന്നു. ഇതിനുള്ള സ്ഥലം കണ്ട് ഐഡന്റിഫൈ ചെയ്ത് ഉടമയുടെ സമ്മതപത്രവും വാങ്ങി തുടർ നടപടികൾക്കായി വൈദ്യുത ബോർഡിലെത്തിച്ചു. എന്നാൽ ഇത് ആരംഭിക്കുവാൻ ഇതുവരെയും സാധിച്ചിട്ടില്ല. ഇത് വൈദ്യുത ബോർഡിൽ കഴിഞ്ഞ ഒന്നര വർഷമായി പെൻഡിംഗിലാണ്. നിലവിലുള്ള 110 കെ.വി. സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിച്ചാലും പുതിയ ഫീഡർ ലൈൻ വലിക്കാൻ കഴിയില്ല. എക്സിസ്റ്റിംഗ് റൂട്ടിൽ ഇപ്പോൾ തന്നെ ഡബിൾ സർക്യൂട്ട് ഫീഡറാണുള്ളത്. വൈദ്യുതി വിതരണത്തിൽ ഒരുപാട് തടസ്സമുണ്ടാകുന്നുണ്ട്. മൂന്ന് ഇലക്ട്രിക്കൽ സെക്ഷനുകളിൽ എവിടെയെങ്കിലും ബ്രേക്ക് ഡൗൺ ഉണ്ടായാൽ രണ്ട് ഫീഡറുകളും സ്വിച്ച് ഓഫ് ചെയ്യേണ്ട അവസ്ഥയിലാണ്. മിക്കവാറും മൂവാറ്റുപുഴ നഗരത്തിലും ചുറ്റുപാടും കറണ്ട് ഇല്ലാത്ത അവസ്ഥ സ്ഥിരമായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇത് എത്രയും വേഗം തീർപ്പാക്കി, മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയിലെയും സമീപത്തുള്ള ആലപ്പുഴ, മാറാടി പഞ്ചായത്തുകളിലെയും വൈദ്യുതി പ്രതിസന്ധിക്ക് ശാശ്വത പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മൂവാറ്റുപുഴ പട്ടണത്തിന്റെ കണ്ണായ സ്ഥലത്താണ് സബ്സ്റ്റേഷനുവേണ്ടി സ്ഥലം കണ്ടു വച്ചിരിക്കുന്നത്. ന്യായമായ വിലയ്ക്ക് ആ സ്ഥലം കിട്ടും. ലഭ്യമാകുന്ന സ്ഥലത്ത് 66 കെ.വി.-ക്ക് പകരം 110 കെ.

വി. സ്റ്റേഷൻ ഉണ്ടാക്കത്തക്ക വിധമുള്ള ഒരു ഇൻഫ്രാസ്ട്രക്ച്ചർ കൂടി ഉണ്ടാക്കി എത്രയും വേഗം ആരംഭിച്ചാൽ നന്നായിരിക്കും. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തരമായ നടപടി ഉണ്ടാകണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ പേട്ട എന്ന സ്ഥലത്ത് 66 കെ.വി. സബ്സ്റ്റേഷൻ ഉണ്ടാക്കുന്നതിനുള്ള പ്രൊപ്പോസൽ ഉണ്ട്. അതിനുവേണ്ടി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പട്ടണത്തിലായതുകൊണ്ട് വില കുറച്ച് കൂടുതലാണ്. ഹൈബ്രിഡാക്കി മാറ്റാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. അങ്ങനെയാകുമ്പോൾ 90 സെന്റ് വേണമെന്നത് 45-50 സെന്റ് കൊണ്ട് തീർക്കാനാകും. അതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. മെമ്പർ പറഞ്ഞത് ശരിയാണ്. അത് ഉടനെ നടപ്പാക്കാനുള്ള നടപടി കൈക്കൊള്ളും. ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടപോലെ ഭാവിയിൽ 110 കെ.വി.-യായി ഉയർത്തുന്നതിനാവശ്യമായ സംവിധാനത്തോടെയായിരിക്കും അത് തുടങ്ങുന്നത്. പ്രസ്തുത പ്രവൃത്തി പരമാവധി വേഗതയിൽ ചെയ്തു തീർക്കുന്നതാണ്.

## വൈദ്യുതി തകരാറിന് പരിഹാരം

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇടുക്കി ജില്ലയിലെ കട്ടപ്പന, നെടുങ്കണ്ടം, വണ്ടൻമേട്, പൈനാവ്, മുരിക്കാശ്ശേരി, ഇരട്ടയാർ, തൂക്കുപാലം, അണക്കര എന്നീ പ്രദേശങ്ങൾ കട്ടപ്പന ഇലക്ട്രിക്കൽ സബ്ഡിവിഷനുകീഴിലാണ്. ഈ പ്രദേശങ്ങളിലേക്ക് വൈദ്യുതി എത്തുന്നത് ചെങ്കുളം പദ്ധതിയിൽനിന്നാണ്. ഇതിനായി ഉപയോഗിക്കുന്ന വൈദ്യുതിലൈൻ 50 വർഷത്തെ പഴക്കമുള്ളതാ

ണ്. 50 വർഷംമുമ്പ് വിഭാവന ചെയ്തതിനുമപ്പുറമാണ് വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണത്തിലുള്ള വർദ്ധനവ്. ഇതുമൂലം നിലവിലുള്ള 66 കെ.വി. ലൈൻ അമിതലോഡാണ് വലിക്കുന്നത്. 66 കെ.വി. ലൈനിൽ തുടർച്ചയായി തകരാർ സംഭവിക്കുന്നതുമൂലം ഈ പ്രദേശങ്ങളിൽ വൈദ്യുതി മുടക്കം പതിവായിരിക്കുകയാണ്. ബാക്ക്ഫീഡർ ഫെസിലിറ്റിയില്ലാത്തതു മൂലം തകരാറുണ്ടാകുമ്പോൾ പെട്ടെന്ന് പരിഹരിക്കാൻ കഴിയുന്നില്ല. ദിവസങ്ങളോളം ഈ മേഖലയിൽ വൈദ്യുതി മുടങ്ങുന്ന അവസ്ഥയാണ്. ഈ പ്രശ്നത്തിന് അടിയന്തരമായി പരിഹാരം കണ്ടെത്തേണ്ടതായിട്ടുണ്ട്. ജില്ലാ ആസ്ഥാനമായ കുയിലിമലയിൽനിന്ന് വാഴത്തോപ്പ് വരെയുള്ള രണ്ടര കിലോമീറ്റർ ദൂരം നിലവിലുള്ള ഫീഡറിനു സമാന്തരമായ ഒരു ഡ്യൂപ്ലിക്കേറ്റ് ഫീഡർ സ്ഥാപിച്ചാൽ, വാഴത്തോപ്പ് സബ്സ്റ്റേഷനുകീഴിലുള്ള പ്രദേശങ്ങളെ മൂലമറ്റത്തുനിന്നുള്ള സപ്ലൈയുമായി ബന്ധപ്പെടുത്താൻ സാധിക്കും. ഇപ്രകാരം ചെയ്യുന്നതുമൂലം കട്ടപ്പന, നെടുങ്കണ്ടം പ്രദേശങ്ങളിലേക്കുള്ള വൈദ്യുതി വിതരണത്തിൽ ഓവർലോഡ് ഒഴിവാക്കുന്നതിനും തുടർച്ചയായുണ്ടാകുന്ന വൈദ്യുതി തടസ്സത്തിന് പരിഹാരം കാണുവാനും സാധിക്കും. ഈ വിഷയത്തിൽ അടിയന്തിരമായി ഇടപെട്ട്; ആവശ്യമായ നിർദ്ദേശങ്ങൾ നൽകി അവിടത്തെ വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കിത്തരണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. കട്ടപ്പന, നെടുങ്കണ്ടം ഭാഗത്ത് വോൾട്ടേജ് പ്രോബ്ലമുണ്ട്. അത് പരിഹരിക്കാൻ വേണ്ടിയാണ് കുയിലിമല,

വാഴത്തോപ്പ് 66 കെ.വി. സിംഗിൾ സർക്യൂട്ടിനെ ഇപ്പോൾ ഡബിൾ സർക്യൂട്ടാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. അതിനുപുറമെ, ഈ ലൈനിൽ റീകണ്ടക്ടറിംഗും നടത്തിക്കൊണ്ടിരിക്കുകയാണ്. ആ പ്രവൃത്തി അടിയന്തരമായി തീർക്കാൻവേണ്ടി സാധിക്കും. അതോടുകൂടി ഈ പ്രശ്നങ്ങൾ ഒരുപരിധിവരെ പരിഹരിക്കാൻ സാധിക്കും. എന്നാൽ ഈ പ്രശ്നം പൂർണ്ണമായും പരിഹരിക്കുന്നതിന് കുത്തുങ്ങൽ, നെടുങ്കണ്ടം ഭാഗത്ത് 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കാനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. എന്നാൽ അവിടത്തെ ജനങ്ങളുടെ പരാതി കാരണം അതിന് തടസ്സം നേരിട്ടു. ടെലിഗ്രാഫിക് ആക്ടനുസരിച്ച് ഇപ്പോൾ അത് എ.ഡി.എം.-ന്റെ കോർട്ടിലിരിക്കുകയാണ്. അതിൽ അടിയന്തരമായ തീരുമാനമുണ്ടാകുമെന്ന് വിചാരിക്കുന്നു. അതുണ്ടായിക്കഴിഞ്ഞാൽ ഉടൻതന്നെ ഈ പ്രവൃത്തി ആരംഭിക്കാൻ സാധിക്കും. അതോടുകൂടി ആ പ്രദേശത്തെ വോൾട്ടേജ് പ്രോബ്ലം പൂർണ്ണമായും പരിഹരിക്കാൻ കഴിയും.

## അദ്ധ്യയന ദിവസം കുറയ്ക്കൽ

ശ്രീ. വി. പി. സജീന്ദ്രൻ: സർ, സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രവൃത്തിദിനങ്ങൾ ആഴ്ചയിൽ അഞ്ചാക്കി കുറയ്ക്കണമെന്നത് ദീർഘകാലത്തെ ആവശ്യമാണ്. ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പരിഷ്ക്കാരങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ലെബ്ബ കമ്മിറ്റിയുടെ പ്രധാന നിർദ്ദേശമായിരുന്നു, ശനിയാഴ്ച പ്രവൃത്തിദിനം ഒഴിവാക്കണമെന്നുള്ളത്. മേയ് മാസം വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിൽ ഇതുസംബന്ധിച്ച ധാരണ

യുണ്ടാക്കിയിരുന്നു. എന്നാൽ നാളിതുവരെ പ്രാബല്യത്തിൽ വന്നിട്ടില്ല. ഇതു സംബന്ധിച്ച ആശങ്കകൾ അദ്ധ്യാപകരിലും രക്ഷകർത്താക്കളിലും നില നിൽക്കുകയാണ്. പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി ഡയറ ക്ടർ, വി.എച്ച്.എസ്.ഇ. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി. ഡയറക്ടർ എന്നിവ രൊക്കെ പങ്കെടുത്ത യോഗത്തിലെ തീരുമാനം എന്തുകൊണ്ടാണ് നടപ്പിലാ ക്കാൻ കഴിയാത്തതെന്ന ആശങ്കയുണ്ട്. സ്കൂൾ തുറന്ന സാഹചര്യത്തിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി പുതുക്കിയ ടൈംടേബിൾ എന്ന് നടപ്പിലാ ക്കുമെന്ന് വ്യക്തമല്ല. പുതിയ പാഠ്യപദ്ധതി നിലവിൽ വന്നുകഴിഞ്ഞു. എങ്കിലും പഴയ ടൈംടേബിൾ അനുസരിച്ചാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. സംസ്ഥാനത്തെ ഹയർ സെക്കന്ററി വിദ്യാഭ്യാസമേഖലയാകെ ബാധിക്കുന്ന പ്രശ്നമായതിനാൽ ഈ വിഷയത്തിൽ അടിയന്തര തീരുമാനമുണ്ടാകേണ്ടതു ണ്ട്. ആയതിനാൽ ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രവൃത്തിദിനങ്ങൾ ആഴ്ചയിൽ അഞ്ചാക്കി കുറച്ച് തീരുമാനം അടിയന്തരമായി പ്രാബല്യത്തിൽ വരുത്തുവാൻ തീരുമാനമുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവ ശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, കേരള ത്തിലെ ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച് ശുപാർശ സമർപ്പിക്കുന്നതിന് പ്രൊഫ. പി.ഒ.ജെ. ലബ്ബ ചെയർമാനായ ഒരു കമ്മിറ്റിയെ 12–10–2012–ലെ ജി.ഒ.(ആർ.ടി.) നമ്പർ 4938/2012/പൊ.വി.വ. പ്രകാരം സർക്കാർ നിയമിക്കുകയുണ്ടായി. ഹയർ സെക്കന്ററി മേഖല ഇന്ന് നേരിടുന്ന അക്കാഡമികവും പഠനപരവുമായ പ്രശ്നങ്ങളിന്മേൽ വ്യക്തമായ ശുപാർശകൾ പ്രസ്തുത കമ്മിറ്റി 2013–ലെ അതിന്റെ ഒന്നാംഘട്ട റിപ്പോർട്ട്

സർക്കാരിന് സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അദ്ധ്യാപക സംഘടനകളുമായും വകുപ്പിലെ ഉദ്യോഗസ്ഥന്മാരുമായും വിശദമായ ചർച്ച നടത്തുകയും സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാകാത്ത ശുപാർശകൾ അടിയന്തിരമായി നടപ്പാക്കുന്നതിനും സാമ്പത്തിക ബാദ്ധ്യതയുണ്ടാകാവുന്ന ശുപാർശകളിന്മേൽ ധനകാര്യ വകുപ്പുമായി ആലോചിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രവൃത്തിദിനം ആഴ്ചയിൽ അഞ്ച് ആക്കണമെന്ന പ്രൊഫ. ലബ്ബ കമ്മിറ്റി ശിപാർശ അടിയന്തിരമായി നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വിവിധ അദ്ധ്യാപക സംഘടനകൾ സർക്കാരിനെ സമീപിച്ചിട്ടുണ്ട്. തുടർന്ന് 04–02–2014–ൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഉന്നതതല യോഗത്തിൽ നിലവിലുള്ള അദ്ധ്യയന സമയത്തിൽ കുറവു വരുത്താതെ ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രവൃത്തിദിനങ്ങൾ ആഴ്ചയിൽ അഞ്ചാക്കുന്നത് സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുന്നതിന് എസ്.സി.ഇ.ആർ.ടി. ഡയറക്ടർ, ഹയർ സെക്കന്ററി ഡയറക്ടർ, വി.എച്ച്.എസ്.ഇ. ഡയറക്ടർ എന്നിവരെ ചുമതലപ്പെടുത്തുകയുമുണ്ടായി. അവർ സമർപ്പിച്ച റിപ്പോർട്ട് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 06–05–2014–ൽ ചേർന്ന ഉന്നതതല യോഗം വിശദമായി പരിശോധിക്കുകയും ഹയർസെക്കന്ററി സ്കൂളുകളിൽ ആഴ്ചയിൽ അഞ്ച് പ്രവൃത്തിദിനമാക്കണമെന്ന പ്രൊഫ. ലെബ്ബ കമ്മിറ്റിയുടെ ശുപാർശ ഈ അദ്ധ്യയനവർഷം മുതൽ നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ 2014 ജൂലൈ 1 മുതൽ

ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രവൃത്തിദിനം അഞ്ചാക്കിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## സോഫ്റ്റ് ബാൾ ദേശീയ ഗെയിംസ് ഇനമാക്കൽ

ശ്രീ. കെ. ശിവദാസൻ നായർ: സർ, 2014–15–ൽ നടക്കാനിരിക്കുന്ന ദേശീയ ഗെയിംസിൽ സോഫ്റ്റ് ബാളിനെ ഒരു പ്രത്യേക ഇനമായി ഉൾപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. സോഫ്റ്റ് ബാൾ അസോസിയേഷനെ സംസ്ഥാന സ്പോർട്സ് കൗൺസിലിൽ അംഗമായി ചേർത്തിട്ടുണ്ട്. നാഷണൽ ലെവലിൽ പലപ്പോഴും കേരളത്തിൽ നിന്നുള്ള പുരുഷ–വനിതാ ടീമുകൾക്ക് ഈയിനത്തിൽ സമ്മാനം കിട്ടുന്ന ഒരു സാഹചര്യവുമുണ്ടായിട്ടുണ്ട്. ഒളിമ്പിക് അസോസിയേഷനും ഏഷ്യൻ ഗെയിംസിലും സോഫ്റ്റ്ബാളിനെ ഒരു പ്രത്യേക ഇനമായി ഉൾപ്പെടുത്തിയിട്ടുമുണ്ട്. ആതിഥേയ സംസ്ഥാനം എന്ന നിലയിൽ നമുക്ക് രണ്ടിനങ്ങൾ ഉൾപ്പെടുത്തുവാനുള്ള അവസരമുണ്ട്. അതിനകത്ത് സോഫ്റ്റ് ബാൾകൂടി പ്രത്യേക ഇനമായി ഈ സാഹചര്യത്തിൽ ചേർക്കണമെന്നുള്ളതാണ്. നമ്മുടെ സംസ്ഥാനത്തിന് മെഡൽ കിട്ടാനുള്ള സാഹചര്യവുമുണ്ട് എന്നുള്ള കാര്യം കൂടി അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അങ്ങ് പറഞ്ഞ ആശയം കൊള്ളാം. പക്ഷേ പ്രശ്നം, അതിന്റെ സമയം കുറച്ച് ലേറ്റായിപ്പോയി. ദേശീയ ഗെയിംസിന്റെ മത്സരയിനങ്ങൾ തീരുമാനിക്കുന്നത് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനാണ്. ഇത് 2009–ൽ തീരുമാനിച്ച്; പ്രവർത്തന

ങ്ങൾ നടന്നുവന്ന്; ഫാഗ് എൻഡിൽ വന്നുനിൽക്കുകയാണ്. അങ്ങ് സൂചിപ്പിച്ച കൂട്ടത്തിൽ ഒരു കാര്യംകൂടി ഓർമ്മിപ്പിക്കുകയാണ്. 26–ാം തീയതി ഇവിടെ മെമ്പേഴ്സ് ലോഞ്ചിൽ വച്ച് ദേശീയ ഗെയിംസിന്റെ ഡേറ്റ് ഫിക്സ് ചെയ്ത് അനൗൺസ് ചെയ്യുകയാണ്. ദീർഘകാലമായി നമ്മൾ കാത്തിരുന്നതാണ്. ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനാണ് ഈ ഡേറ്റ് അനൗൺസ് ചെയ്യുന്നതിനുള്ള അവകാശം. അതോടൊപ്പം കേന്ദ്ര സ്പോർട്സ് വകുപ്പു മന്ത്രിയും ഈ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. ബഹുമാന്യരായ സ്പീക്കർ, മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, മന്ത്രിമാർ, കക്ഷിനേതാക്കൾ എന്നിവരെല്ലാം ഈ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. കേരളം ഒറ്റക്കെട്ടായി നിന്നുകൊണ്ടുള്ള ഒരു സംരംഭത്തിനുള്ള തുടക്കമാണ് 26–ാം തീയതി മെമ്പേഴ്സ് ലോഞ്ചിൽ വച്ച് വൈകുന്നേരം 5.30–ന് നടക്കുന്നത്. അതിനുള്ള ക്രമീകരണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ആ പ്രവർത്തനത്തിന്റെ അവസാനത്തിലെത്തിയതുകൊണ്ട് ഇനിയിപ്പോൾ സോഫ്റ്റ് ബാളിനെക്കൂടി ഉൾപ്പെടുത്താൻ കഴിയില്ല. 34 ഇനങ്ങളാണ് ഗെയിംസിൽ ഫിക്സ് ചെയ്തിട്ടുള്ളത്, 2 പ്രദർശനയിനങ്ങളുമുണ്ട്. അങ്ങനെ 36 ഇനങ്ങളിലായി എല്ലാ പ്രവർത്തനങ്ങളും കേന്ദ്രീകരിച്ചു. അതിനാവശ്യമായ സ്റ്റേഡിയങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. കണ്ണൂർ മുതൽ തിരുവനന്തപുരം വരെ 9 ജില്ലകളിൽ ഇതിന്റെ പ്രവർത്തനം നടക്കുകയാണ്. ഓരോ സ്റ്റേഡിയങ്ങളിലെയും 80–85% വരെയുള്ള വർക്കുകൾ പ്രോഗ്രസ് ചെയ്തിരിക്കുന്നു. ഇങ്ങനെയുള്ള ഒരു സാഹചര്യത്തിൽ സോഫ്റ്റ് ബാളിനെക്കൂടി ചേർക്കണമെന്ന് പറയുമ്പേൾ പ്രായോഗികമായ ബുദ്ധിമുട്ട് വരികയാണ്. മാത്രമല്ല, ഇതിന്റെ അവസാനത്തെ തീരുമാനമെടുക്കുന്നത് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനാണ്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, എങ്കിലും ഒന്ന് ശ്രമിച്ചുകൂടേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശ്രമിക്കാം എന്നുപറഞ്ഞാൽ ഒരു വാക്ക് മാത്രമായി നിൽക്കും. പക്ഷേ അത് പ്രാവർത്തികമാക്കാൻ ബുദ്ധി മുട്ടാണ്. നമുക്കെല്ലാവർക്കും കൂടി നാഷണൽ ഗെയിംസ് വിജയിപ്പിച്ച് കേരള ത്തിന് കൂടുതൽ മെഡൽ നേടുന്നതിനുള്ള ഒരു നടപടിയിലേക്ക് പോകാം. ടീമിനെ സെലക്ട് ചെയ്യുന്നതിനുള്ള ക്യാമ്പ് തുടങ്ങുകയാണ്. ജൂലൈ മാസ ത്തിൽ സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിലുള്ള ക്യാമ്പ് തുടങ്ങുക യാണ്. എല്ലാ ക്രമീകരണങ്ങളുമായി, ഫാഗ് എൻഡിൽ വന്ന് നിൽക്കുകയാ ണ്. അങ്ങനെയുള്ള സാഹചര്യമായതുകൊണ്ടുമാത്രമാണ്, അങ്ങ് പറഞ്ഞ ആശയം കൊള്ളാം. കേരളത്തിന്റെ അഭിപ്രായമായി ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനെ അറിയിക്കും. അടുത്ത പ്രാവശ്യത്തേയ്ക്കെങ്കിലും സോഫ്റ്റ്ബോളിനെ ഉൾക്കൊള്ളിക്കണമെന്നുള്ള കേരളത്തിന്റെ അഭിപ്രായം ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനെ അറിയിക്കുന്നതാണ്.

## റോഡുകളിൽ നിരീക്ഷണ ക്യാമറകൾ

ശ്രീ. സി. എഫ്. തോമസ്: സർ, വാഹനങ്ങളുടെ അമിത വേഗതയും റോഡ് നിയമങ്ങളുടെ ലംഘനങ്ങളുമാണ് വാഹനാപകടങ്ങളുടെ പ്രധാനപ്പെട്ട കാരണമായി കാണുന്നത്. വാഹനാപകടങ്ങൾ തടയുന്നതിന് റോഡുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുകയെന്നതാണ് ഏറ്റവും ഫലപ്രദമായ മാർഗ്ഗം. നിരീക്ഷണ ക്യാമറകൾ ഇപ്പോൾ കുറേ സ്ഥലങ്ങളിൽ സ്ഥാപിച്ചി ട്ടുണ്ടെങ്കിലും പ്രധാനപ്പെട്ട പാതകളിലും ജംഗ്ഷനുകളിലും ഇനിയും സ്ഥാപി ക്കാനുണ്ട്. പേരിനുമാത്രമാണ് ചില സ്ഥലങ്ങളിൽ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ള ത്. വാഹനാപകടങ്ങൾ പരമാവധി കുറയ്ക്കാൻ റോഡുകളിലും ജംഗ്ഷനുക

ളിലും ഉൾപ്പെടെ കൂടുതൽ സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കണമെന്നാണ് സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിംഗ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി നടപ്പാക്കുന്ന പദ്ധതിയാണ് Automation of enforcement wing project. റോഡപകട സാധ്യതയുള്ള സ്ഥലങ്ങളിൽ ക്യാമറ സ്ഥാപിച്ചുകൊണ്ട് ഈ സ്ഥലങ്ങളിൽ 24 X 7 നിരീക്ഷിക്കുകയും നിയമലംഘകരെ കണ്ടെത്തി അവർക്കെതിരെ പിഴ ചുമത്തുകയും നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുകയെന്നുള്ളതാണ് ഈ പദ്ധതികൊണ്ട് വിഭാവനം ചെയ്യുന്നത്. ഇത്തരത്തിൽ എൻഫോഴ്സ്മെന്റ് നടപടികൾ കാര്യക്ഷമമാക്കിയാൽ നിയമലംഘനവും അപകടങ്ങളും കുറയ്ക്കുന്നതിന് കഴിയുമെന്ന് കണക്കാക്കുന്നു. ഈ പദ്ധതി രണ്ട് ഘട്ടമായാണ് നടപ്പാക്കുന്നത്. ആദ്യ ഘട്ടത്തിൽ തിരുവനന്തപുരത്ത് ടെക്നോപാർക്ക്, ഓവർബ്രിഡ്ജ്, കവടിയാർ ജംഗ്ഷൻ ഉൾപ്പെടെയുള്ള മൂന്ന് സ്ഥലങ്ങളിലും ക്യാമറകൾ സ്ഥാപിച്ചുകഴിഞ്ഞു. രണ്ടാംഘട്ടത്തിൽ തിരുവനന്തപുരത്ത് രണ്ട് സ്ഥലങ്ങളിലും കോഴിക്കോടും എറണാകുളത്തും അഞ്ച് സ്ഥലങ്ങളിലും പദ്ധതി പ്രകാരം നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. അമിതവേഗത്തിലും അലക്ഷ്യമായും വാഹനം ഓടിച്ചുവരുന്നവരെ പിടികൂടുന്നതിനായി ചേർത്തലമുതൽ മണ്ണുത്തിവരെ കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ സഹകരണത്തോടെ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചുകഴിഞ്ഞു. ചേർത്തല

മുതൽ എറണാകുളം വരെയും എറണാകുളംമുതൽ മണ്ണുത്തിവരെയുമുള്ള രണ്ട് ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പിലാക്കിയത്. എറണാകുളം ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറിന്റെ കീഴിലാണ് കൺട്രോൾ റൂം സ്ഥാപിച്ചി ട്ടുള്ളത്. ഈ പ്രോജക്ടിന്റെ തുടർച്ചയായി മണ്ണുത്തിമുതൽ നീലേശ്വരംവരെ കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ സാമ്പത്തിക സഹായത്തോടെ ക്യാമറ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പൂർത്തിയായി വരുന്നു. ഇതിൽ കാസർഗോഡ് ജില്ലയിലെ ക്യാമറകൾ പ്രവർത്തനക്ഷമമായി കഴിഞ്ഞു. മറ്റ് സ്ഥലങ്ങളിൽ ഇതിന്റെ ജോലികൾ പുരോഗമിച്ചുവരികയാണ്. 2013–14 വർഷത്തെ സംസ്ഥാന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ രണ്ട് സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനായി 73.28 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ഇതുകൂടാതെ ഈ വർഷത്തെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി കൊല്ലം, കോട്ടയം, എറ ണാകുളം എന്നീ ജില്ലകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കാനുള്ള പദ്ധതി നടപ്പായി വരുന്നു. ഈ സംവിധാനംവഴി ഏകദേശം 1,18,000 നിയമലം ഘകരെ കണ്ടെത്തി നോട്ടീസ് അയയ്ക്കുകയും ഏകദേശം രണ്ടുകോടി രൂപ ഇവരിൽ നിന്ന് പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ പോലീസ് വകുപ്പ് സംസ്ഥാന ഹൈവേകളിലും ദേശീയ ഹൈവേകളിലും മറ്റ് റോഡുകളിലുമായി 100 നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ നിരീ ക്ഷണ ക്യാമറകൾ വഴി പ്രവർത്തനസജ്ജമാക്കുന്ന സ്പീഡ് വയലേഷൻ ഡിറ്റക്ടർ സംവിധാനം മുഖാന്തിരം വിവിധ വാഹനങ്ങൾക്ക് അനുവദിക്കപ്പെ ട്ടിട്ടുള്ള വേഗതാ പരിധി ലംഘിക്കുന്ന വാഹനങ്ങളെ കണ്ടെത്തി നിയമലംഘ

കരിൽ നിന്ന് പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. ടി സ്പീഡ് വയലേഷൻ ഡിറ്റക്ടർ സംവിധാനത്തിൽ അമിത വേഗത്തിൽ പോകുന്ന വാഹനങ്ങളുടെ ദൃശ്യങ്ങൾ പതിയുകയും ആ വാഹനത്തിന്റെ ഉടമസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇതിനുപരിയായി പോലീസ് വകുപ്പ്, തിരുവനന്തപുരം പോലീസ് ട്രെയിനിംഗ് കോളേജിൽ ഹൈടെക്ക് എൻഫോഴ്സ്മെന്റ് കൺട്രോൾ റൂം സ്ഥാപിക്കുകയും നിയമലംഘനങ്ങൾ കൺട്രോൾ റൂമിൽ രേഖപ്പെടുത്തുകയും അവ പരിശോധിച്ച് നിയമലംഘകർക്ക് പിഴ ഒടുക്കുന്നതിനുവേണ്ടിയുള്ള നോട്ടീസ് നൽകുകയും ചെയ്യുന്നുണ്ട്. ഇതിലൂടെ നിയമലംഘനം ഒഴിവാക്കുന്നതിനും അപകടം കുറയ്ക്കുന്നതിനും സാധിക്കും.

## കെ. എസ്. ആർ.ടി. സി. ബസ് ഡിപ്പോ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വയനാട് ജില്ലയിലെ ആദ്യ കുടിയേറ്റ മേഖലയായ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് കർണ്ണാടക ബൗണ്ടറി പങ്കിടുന്ന പഞ്ചായത്താണ്. പെരിക്കെല്ലൂർ എന്ന് പറയുന്ന പ്രദേശത്ത് കെ. എസ്.ആർ.ടി.സി. സബ് ഡിപ്പോ അനുവദിക്കുന്നതുമായി ബന്ധപ്പെട്ടാണ് ഈ സബ്മിഷൻ. നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ നിന്നുംവരുന്ന 12-ഓളം കെ.എസ്.ആർ.ടി.സി. ബസ്സുകൾ സ്റ്റേ ചെയ്യുന്നത് മുള്ളൻകൊല്ലി-പെരിക്കെല്ലൂർ പ്രദേശത്തെ പള്ളിയുടെ ഗ്രൗണ്ടിലാണ്. അവിടെയൊരു സബ് ഡിപ്പോ വേണമെന്ന് കാലാകാലമായി പഞ്ചായത്തും ജനങ്ങളും ആവശ്യപ്പെടുകയാണ്. കെ.എസ്.ആർ.ടി.സി.ക്കുവേണ്ടി ലക്ഷക്കണക്കിന് വിലവരുന്ന ഒരേക്കർ ഭൂമി അവിടത്തെ ക്രിസ്ത്യൻ പള്ളി കമ്മിറ്റി സൗജന്യമായി നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഈ ജില്ലയിലെ വിവിധ മേഖല

കളിൽനിന്നും കർണ്ണാടകയുമായി അതിർത്തി പങ്കിടുന്ന വൈരകുപ്പയിലേക്ക് ജനങ്ങൾ സഞ്ചരിക്കുന്ന മേഖലകൂടിയാണിത്. അവിടെയൊരു സബ് ഡിപ്പോ സ്ഥാപിച്ചുകഴിഞ്ഞാൽ കെ.എസ്.ആർ.ടി.സി.ക്കും അതോടൊപ്പം ബന്ധപ്പെട്ട വകുപ്പിനും ഒട്ടനവധി നേട്ടങ്ങൾ ഉണ്ടാവുകയും അത് ജനങ്ങൾക്ക് ഉപകാരപ്രദമാവുകയും ചെയ്യും. അതുകൊണ്ട് ഈ പ്രദേശത്ത് ഒരു സബ് ഡിപ്പോ അനുവദിക്കുന്നതിനുവേണ്ടിയുള്ള നടപടി ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ഐ. സി. ബാലകൃഷ്ണൻ പറഞ്ഞ പ്രൊപ്പോസലിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. പള്ളി കമ്മിറ്റി തരാമെന്ന് പറഞ്ഞ ഒരേക്കർ ഭൂമി കെ.എസ്.ആർ.ടി.സി.യുടെ കയ്യിൽ ലഭിച്ചുകഴിഞ്ഞാൽ ഭൂമിയുടെ കിടപ്പും ലാന്റ്സ്കേപ്പും വച്ചുകൊണ്ട് ഒരു പ്ലാൻ തയ്യാറാക്കുന്നതാണ്. അതനുസരിച്ച് ആവശ്യമായ മേൽ നടപടി ആ സന്ദർഭത്തിൽ എടുക്കുന്നതാണ്.

<u>തൊഴിലുറപ്പ് പദ്ധതി</u>

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കേരളത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം 28 ലക്ഷം കുടുംബങ്ങളാണ് തൊഴിലിനുവേണ്ടി രജിസ്റ്റർ ചെയ്തിട്ടുള്ളത്. കഴിഞ്ഞ വർഷം 15 ലക്ഷത്തിൽപ്പരം കുടുംബങ്ങൾക്ക് 1 ദിവസം മുതൽ 50 ദിവസം വരെ നാമമാത്രമായ തൊഴിലാണ് നൽകിയത്. നാലുലക്ഷത്തിൽപ്പരം കുടുംബങ്ങൾക്കാണ് 100 ദിവസം തൊഴിൽ നൽകാൻ

കഴിഞ്ഞത്. ശരാശരി 38 തൊഴിൽ ദിനങ്ങൾ മാത്രമേ കേരളത്തിൽ ലഭിച്ചിട്ടുള്ളൂ. കഴിഞ്ഞവർഷം തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുത്തവരുടെ 400 കോടിയിൽപ്പരം രൂപയുടെ വേതന കുടിശ്ശിക സംസ്ഥാനത്തുണ്ടെന്നുള്ള റിപ്പോർട്ട് അതീവ ഗൗരവതരമാണ്. ഈ മേഖലയിൽ കൂടുതൽ തൊഴിൽ ദിനം വേണമെന്നുള്ളതാണ് തൊഴിലുറപ്പ് പദ്ധതിയിലുള്ള ലക്ഷക്കണക്കിന് സ്ത്രീ തൊഴിലാളികൾ ആഗ്രഹിക്കുന്നത്. ഇത് ഇന്നത്തെ നോംസ് അനുസരിച്ച് ചെയ്യാൻ സാധിക്കാത്ത സ്ഥിതിയുണ്ട്. അങ്ങനെ ചെയ്യണമെന്നുണ്ടെങ്കിൽ കാർഷിക മേഖലയെയും പരമ്പരാഗത മേഖലയേയും മൃഗപരിപാലന മേഖലയേയും ഇതിലുൾപ്പെടുത്തിയാൽ മാത്രമേ സാധിക്കൂ. ഇങ്ങനെയുള്ള മേഖലകളെ ഉൾപ്പെടുത്തിയെങ്കിൽ മാത്രമേ തൊഴിലുറപ്പ് പദ്ധതിയിൽപ്പെട്ടവർക്ക് 100 ദിവസമെങ്കിലും തൊഴിൽ കൊടുക്കാൻ സാധിക്കൂ. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് 25,000 കോടി രൂപ കാർഷിക മേഖലയ്ക്കുവേണ്ടി ചെലവഴിക്കുമെന്ന് പ്രഖ്യാപിച്ച സാഹചര്യത്തിൽ തൊഴിലുറപ്പ് നിയമത്തിൽ ഭേദഗതി വരുത്തി ചില കാര്യങ്ങൾ ചെയ്യുമെന്നുള്ള പ്രഖ്യാപനവും പുറത്തുവന്നിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ഇതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ച ഘട്ടത്തിൽ, കാർഷിക മേഖലയേയും പരമ്പരാഗത മൃഗപരിപാലന മേഖലകളേയും ഈ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് കേരളം ഒറ്റക്കെട്ടായി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടണം. അങ്ങനെ കേന്ദ്രത്തിന്റെ പരിഗണനയിൽപ്പടുത്തി ചെയ്താൽമാത്രമേ കൂടുതൽ ദിവസം തൊഴിൽ കൊടുക്കാൻ കഴിയുകയുള്ളൂ. അതിനുള്ള അടിയന്തര നടപടി സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപ നേതാവ് ഉന്നയിച്ച ആവശ്യങ്ങളോട് ഗവൺമെന്റിന് പൂർണ്ണമായും യോജിപ്പാണ്. അദ്ദേഹം പറഞ്ഞ ഒന്നുരണ്ട് കാര്യങ്ങൾ വസ്തുതാപരമല്ല. കാരണം, കഴിഞ്ഞ മാർച്ച് 31-ന് മുമ്പാണ് കുടിശ്ശിക ഉണ്ടായിരുന്നത്. ആ കുടി ശ്ശിക മുഴുവൻ കൊടുത്തുകഴിഞ്ഞു. മാത്രമല്ല ഇപ്പോഴത്തെ ശമ്പള കുടിശ്ശി കയും ഒരാഴ്ചകൊണ്ട് കൊടുത്തുതീർക്കും. തൊഴിലുറപ്പ് പദ്ധതിയിൽ കേരളം ഇന്ത്യയ്ക്ക് മാതൃകയാണ്. കഴിഞ്ഞ കൊല്ലത്തെ ചെലവ് 1,700 കോടി രൂപയാണ്. 2010-11-ൽ 710 കോടി രൂപയിൽ നിന്ന് 2013-14-ൽ 1700 കോടി രൂപ ചെലവഴിക്കാൻ സാധിച്ചു. അങ്ങ് പറഞ്ഞപോലെ പ്രധാനപ്പെട്ട പ്രശ്നം, ഉത്പാദന മേഖലയിൽ ചെലവഴിക്കാൻ സാധിക്കുന്നില്ലെന്നതാണ്. കാർഷിക വൃത്തി, കന്നുകാലി വളർത്തൽ, കയർമേഖല, പരമ്പരാഗത വ്യവസായങ്ങൾ, തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ഈ ഗവൺമെന്റ് ചുമതലയേറ്റ ആദ്യ ദിവസം മുതൽ കേരളം ഉന്നയിക്കുന്നതാണ്. ഇന്നുവരെ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല. അതിനുവേണ്ടി പ്ലാനിംഗ് കമ്മീഷൻ ചതുർവേദി കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ആ കമ്മിറ്റി പഠനം നടത്തിയ പ്പോഴും അവരുടെ ശുപാർശ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും ഒരു പോലെയുള്ള യാർഡ്സ്റ്റിക്ക് പാടില്ല. ഓരോ സംസ്ഥാനങ്ങളിലും വ്യത്യസ്ത മായ സാഹചര്യങ്ങളാണ്. ആ സാഹചര്യങ്ങളനുസരിച്ച് എം.ജി.എൻ. ആർ.ഇ.ജി. പദ്ധതിയുടെ ഗൈഡ്ലൈൻസിൽ മാറ്റം വരുത്താനുള്ള അവസരം സംസ്ഥാനത്തിന് കൊടുക്കണമെന്ന് കമ്മിറ്റി ശുപാർശ ചെയ്തെങ്കിലും അക്കാര്യത്തിൽ തീരുമാനം ഉണ്ടായിട്ടില്ല. ഇപ്പോഴത്തെ കേന്ദ്ര മന്ത്രിസഭയിൽ

ഗോപിനാഥ് മുണ്ടെ ചുമതലയേറ്റതിനുശേഷം തൊഴിലുറപ്പ് പദ്ധതിയുടെ 60 ശതമാനം കൃഷിക്കും ഇറിഗേഷനുമായി മാറ്റിവെയ്ക്കുമെന്ന് പ്രഖ്യാപനം നടത്തിയിരുന്നു. അതിനാവശ്യമായ മാറ്റം വരുത്താൻവേണ്ടി സെൻട്രൽ പ്രോഗ്രാം കമ്മിറ്റി യോഗം വിളിക്കാൻ തീരുമാനിച്ചു. യോഗത്തിന്റെ തലേദിവസം അദ്ദേഹം മരണമടഞ്ഞു. ഇപ്പോൾ ശ്രീ. നിതിൻ ഗഡ്ക്കരിയാണ് പുതിയ മന്ത്രി. അദ്ദേഹം യോഗം വിളിച്ചിട്ടില്ല. ഏതായാലും വളരെ സ്വാഗതാർഹമായ കാര്യമാണിത്. കന്നുകാലി വളർത്തൽ, കയർ തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെയും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നുള്ളതാണ് കേരളത്തിന്റെ ആവശ്യം. അതുപോലെ ചെറുകിട നാമമാത്ര കൃഷികാർക്ക് അവരുടെ ഭൂമിയിൽ പണിയെടുക്കാനുള്ള അവസരം ഉണ്ടാകുകയും വേണം. നിയമസഭാ സമ്മേളനം കഴിഞ്ഞതിനുശേഷം കേരളത്തിലെ മന്ത്രിമാരുടെ സംഘം ഡെൽഹിക്ക് പോകുമ്പോൾ ഇക്കാര്യം ആവർത്തിച്ച് ആവശ്യപ്പെടുന്നതാണ്. ഇത് നടപ്പിലായികിട്ടിയാൽ കേരളത്തിൽ വലിയ മാറ്റമുണ്ടാകും. പാലുൽപ്പാദനം വർദ്ധിപ്പിക്കാനും തീരദേശ മേഖലയിൽ തൊണ്ടു സംഭരണം ഫലപ്രദമാക്കുന്നതിനും ഇതുമൂലം സാധിക്കും. ഇന്ന് നമുക്കാവശ്യമായ തൊണ്ട് ഇവിടെ ഉത്പാദിപ്പിക്കുന്നുണ്ടെങ്കിലും സംഭരിക്കുന്നില്ല. ഇതിനെല്ലാം വലിയ മാറ്റമുണ്ടാക്കാൻ സാധിക്കും. ഏതായാലും അങ്ങയുടെ നിർദ്ദേശം ഗൗരവമായി കണക്കിലെടുക്കുന്നു. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഇറാക്കിലകപ്പെട്ട മലയാളി നഴ്സുമാർ

ശ്രീ. കെ.വി. അബ്ദുൾ ഖാദർ: സർ, ഇറാക്കിലെ ഹബീബ എന്നുപറയുന്ന നഗരത്തിൽ തൃശ്ശൂർ, വടക്കാഞ്ചേരി, മച്ചാട് സ്വദേശി ദിവ്യ.കെ.ആർ. ഉൾപ്പെടെ അഞ്ച് മലയാളി നഴ്സുമാർ കുടുങ്ങിക്കിടക്കുകയാണ്. തിക്രിത്-ലെ 46 മലയാളി നഴ്സുമാരെക്കുറിച്ച് കഴിഞ്ഞ ദിവസം ഇവിടെ മറുപടി പറഞ്ഞു. പക്ഷേ അവരെ നാട്ടിലെത്തിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ ഇനിയും ഉണ്ടായിട്ടില്ല എന്നതാണ് സത്യം. ബാഗ്ദാദിലെ **ഹീറ** എന്ന ഖുർദിഷ് കമ്പനിയിൽ 19 മലയാളികൾ ഉൾപ്പെടെ 47 ഇന്ത്യക്കാരുണ്ട്. ഇവരെ നാട്ടിലെത്തിക്കുന്നതിനുള്ള നടപടികളുണ്ടാകുന്നില്ല. ഫലപ്രദമായ ഒരു സെൻട്രൽ മിഷൻ ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ലെന്നുള്ളതാണ് സത്യം. ആഭ്യന്തര കലാപം രൂക്ഷമാകുന്നതിനുമുമ്പ് മലയാളികൾ ഉൾപ്പെടെയുള്ള ഇന്ത്യൻ പ്രവാസികളെ നാട്ടിലെത്തിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകാത്തതാണ് ഈ പ്രശ്നങ്ങളുടെ കാരണം. ഇവിടെ പ്രശ്നം രൂക്ഷമായിട്ടും നമുക്ക് ഈ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് നടപടികൾ ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ ഒരു ക്രൈസിസ് മാനേജ്മെന്റ് ദേശീയതലത്തിലുണ്ടായിട്ടുണ്ടോ; നമ്മുടെ സർക്കാർ ഇക്കാര്യത്തിൽ ഫലപ്രദമായ നടപടി എടുക്കുന്നുണ്ടോ; മലയാളി നഴ്സുമാരെയും മലയാളി പ്രവാസികളെയും നാട്ടിൽ എത്തിക്കുന്നതിനുള്ള എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സർ, അങ്ങയുടെ ഈ കുറ്റപ്പെടു

ത്തൽ വസ്തുതാപരമല്ല. കാരണം സംസ്ഥാന ഗവൺമെന്റിന്റെ പരിമിതികൾ അങ്ങും സഭയും മനസ്സിലാക്കണം. ഇറാക്കിലെ ഈ പുതിയ സംഭവവികാസ ങ്ങൾ ഉണ്ടാകുന്നതിനുമുമ്പ് ഒഴിപ്പിക്കാമായിരുന്നില്ലേ എന്ന് ചോദിച്ചാൽ ഉത്തരം പറയാൻ എനിക്ക് പ്രയാസമാണ്. സംഭവം ഉണ്ടായശേഷം ഇതിന്റെ എല്ലാ ഗൗരവവും ഉൾക്കൊണ്ട് സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടു ണ്ട്. ഇറാക്കിലെ നഴ്സുമാരുടെ പ്രതിനിധികളുമായും ഇറാക്കിലെ അംബാസി ഡർ, മലയാളിയാണ്– കണ്ണൂർകാരനായ ശ്രീ. അജയ കുമാറുമായും ദിവ സേന ഞങ്ങൾ സംസാരിക്കുന്നുണ്ട്. അവരെല്ലാം വളരെ താല്പര്യം കാണി ക്കുന്നുണ്ട്. നോർക്കയുടെ ഹെൽപ് ഡെസ്കിൽ ഇപ്പോൾ ഏതാണ്ട് 204 പേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പലരേയും ബന്ധപ്പെടുമ്പോൾ അവരിൽ പലർക്കും മടങ്ങിവരാൻ താൽപ്പര്യമില്ല. കാരണം പലർക്കും ശമ്പളക്കുടിശ്ശിക ലഭിക്കാനുണ്ട്. പലരും ബോണ്ട് വച്ച് ജോലിക്ക് പോയവരാണ്. ബോണ്ട് ബ്രേക്ക് ചെയ്തിട്ട് തിരിച്ചുവന്നാൽ അവർ കോമ്പൻസേഷൻ കൊടുക്കണം. അത് കൊടുക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് കുറച്ചുകൂടി നിൽക്കാമെന്നാണ് അവരിൽ പലരും പറയുന്നത്. നാട്ടിലേക്ക് വരാൻ ആഗ്ര ഹമുള്ള എല്ലാവരെയും കൊണ്ടുവരണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നില പാട്. അതിന് യാതൊരുവിധ സാമ്പത്തിക പ്രശ്നങ്ങളുമില്ല. കേന്ദ്ര ഗവൺമെന്റ് അവരെ മടക്കിക്കൊണ്ടുവരണം; കേന്ദ്രം ആ ചെലവ് വഹിക്കു ന്നില്ലെങ്കിൽ കേരളം ആ ചെലവ് വഹിക്കാൻ തയ്യാറാണെന്നാണ് കേന്ദ്ര ഗവൺമെന്റിന് മുഖ്യമന്ത്രി അയച്ച കത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്. ഇറാ ക്കിലെ സ്ഥിതിഗതികൾ നിയന്ത്രണവിധേയമല്ല. അവിടെ ഐ.എസ്.ഐ.എസ്. എന്ന വിഭാഗത്തിനാണ് നിയന്ത്രണം. റോഡുകൾ അവരുടെ നിയന്ത്രണത്തി

ലാണ്. നഴ്സുമാർ താമസിക്കുന്ന സ്ഥലത്തുനിന്ന് ബാഗ്ദാദിലേക്ക് കൊണ്ടു വരാൻ വളരെ പ്രയാസമുണ്ട്. അവിടത്തെ സ്ഥിതിഗതികൾ ശാന്തമായാൽ തീർച്ചയായും നടപടിയുണ്ടാകും. കേന്ദ്രഗവൺമെന്റ് അവിടത്തെ മുൻ ഇറാഖ് അംബാസിഡറെ ഒരു എൻവോയിയായി അയച്ചിട്ടുണ്ട്. ഈ നടപടികൾ ഗവൺമെന്റ് എപ്പോഴും ഫോളോ അപ് ചെയ്യുന്നുണ്ട്. അങ്ങയുടെ ഉത്കണ്ഠ ഞങ്ങളും പങ്കുവയ്ക്കുന്നു. നമ്മുടെ സഹോദരിമാരാണ്, നാട്ടുകാരാണ്. അവരെ മടക്കിക്കൊണ്ടുവരാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ചെയ്യാൻ കഴിയുന്ന നടപടികളൊക്ക സ്വീകരിക്കുമെന്ന് അറിയിക്കുന്നു.

<u>അലങ്കാര മത്സ്യക്കൃഷി</u>

<u>ശ്രീ. എ.റ്റി. ജോർജ്</u>: സർ, അലങ്കാര മത്സ്യ ഉൽപ്പാദന വിപണന മേഖല കൾ ലോകമെമ്പാടും അതിവേഗത്തിൽ വളർന്നുകൊണ്ടിരിക്കുകയാണ്. ഈ മേഖലയിൽ ആഗോള തലത്തിൽ പ്രതിവർഷം 20 മില്ല്യൻ അമേരിക്കൻ ഡോളറിന്റെ കച്ചവടം നടന്നുവരുന്നുണ്ടെന്നാണ് ഏകദേശ കണക്ക്. അലങ്കാര മത്സ്യമേഖല പ്രതിവർഷം 10 മുതൽ 15 ശതമാനം വരെ വളർച്ച രേഖപ്പെടുത്തുന്നുണ്ട്. സിങ്കപ്പൂർ, മലേഷ്യ, തായ്വാൻ, തായ്ലന്റ്, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളാണ് അലങ്കാര മത്സ്യമേഖലയിലെ പ്രമുഖർ. നമ്മുടെ രാജ്യമായ ഇന്ത്യക്ക് ഭക്ഷ്യമത്സ്യ ഉൽപ്പാദനത്തിൽ ലോകത്ത് രണ്ടാംസ്ഥാനമാ ണുള്ളത്. എന്നാൽ അനന്തമായ സാദ്ധ്യതകൾ നിലനിൽക്കുന്നുണ്ടെങ്കിലും അലങ്കാര മത്സ്യക്കൃഷി മേഖലയിൽ ഇന്ത്യ ഏറെ പിന്നിലാണ്. ആഗോള വിപണിയിൽ ഇന്ത്യയുടെ സംഭാവന ഒരു ശതമാനത്തിൽ താഴെമാത്രമാണ്. നമ്മുടെ അയൽ രാജ്യമായ ശ്രീലങ്ക ആഗോള വിപണിയിൽ മൂന്ന് ശതമാനം

കയ്യടക്കിവച്ചിരിക്കുകയാണ്. കയറ്റുമതിക്ക് പുറമെ രാജ്യത്തിനകത്തും അലങ്കാര മത്സ്യവിപണനത്തിന് ധാരാളം സാദ്ധ്യതകൾ നിലനിൽക്കുന്നുണ്ട്. ജലാശയങ്ങളാൽ സമ്പന്നമായ കേരളത്തിൽ അലങ്കാരമത്സ്യക്കൃഷിക്ക് അനന്തമായ സാദ്ധ്യതകളുണ്ട്. ഏറെ പരിമിതമായ സ്ഥലവിസ്തൃതിയുള്ള പ്രദേശങ്ങളിലും അലങ്കാര മത്സ്യക്കൃഷി സംരംഭങ്ങൾ നടത്താം. അതുപോലെ വളരെ കുറഞ്ഞ മുതൽ മുടക്കിൽ ആരംഭിക്കാവുന്ന സംരംഭമാണിത്. ഗ്രാമീണ മേഖലകളിലും നഗരപ്രാന്തങ്ങളിലും ധാരാളം തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കുവാനും കയറ്റുമതിയിലൂടെ ഏറെ വിദേശനാണ്യം നേടിത്തരുവാനും സാധിക്കുന്ന മേഖലയെന്ന നിലയിൽ അലങ്കാര മത്സ്യക്കൃഷിക്ക് ഏറെ പ്രാധാന്യമുണ്ട്. കേരളത്തിലെ അലങ്കാര മത്സ്യോൽപ്പാദന വിപണന മേഖലകളുടെ വളർച്ച പരിപോഷിപ്പിക്കുന്നതിന് 2007-ൽ സർക്കാർ Kerala Aqua Ventures International Limited (KAVIL) എന്ന പേരിൽ ഒരു കമ്പനി സ്ഥാപിക്കുകയുണ്ടായി. പ്രസ്തുത കമ്പനി നല്ലയിനം അലങ്കാര മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിന് തിരുവനന്തപുരം ജില്ലയിൽ എന്റെ നിയോജകമണ്ഡലത്തിലെ നെയ്യാർ ഡാം പ്രദേശത്ത് ഒരു വൻകിട മത്സ്യ ഉല്പാദന കേന്ദ്രം സ്ഥാപിച്ചുവരികയായിരുന്നു. എന്നാൽ ഈ കേന്ദ്രത്തിന്റെ നിർമ്മാണപ്രവർത്തനം കുറെക്കാലമായി മുടങ്ങിക്കിടക്കുകയാണ്. അതുപോലെ മലപ്പുറം, എറണാകുളം ജില്ലയിലൊക്കെ കാവിൽ സ്ഥാപിച്ച യൂണിറ്റുകൾ വേണ്ടത്ര മുന്നോട്ട് പോകുന്നില്ലെന്നാണ് അറിയുന്നത്. തുടക്ക കാലത്ത് കമ്പനിയുടെ നടത്തിപ്പിലുണ്ടായ കെടുകാര്യസ്ഥതയും ധൂർത്തുമാണ് കമ്പനിയുടെ പ്രവർത്തനങ്ങളെ തകിടംമറിച്ചതെന്നാണ് അറിയാൻ സാധിച്ചത്. ഗ്രാമീണ മേഖലയിൽ വളരെയേറെ

തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുന്ന ഈ മേഖലയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കാവിൽ ഏജൻസിയെ പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്ന നെയ്യാർ ഡാം ഫാം പ്രവർത്തന സജ്ജമാക്കുന്നതിനും കാവിൽ ഏജൻസിയെ പുനരുജ്ജീവിപ്പിക്കുന്നതിനും മിഷൻ 676–ൽ ഉൾപ്പെടുത്തി കാവിൽ ഏജൻസിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും നടപടിയുണ്ടാകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അപേക്ഷിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, അലങ്കാരമത്സ്യ ഉല്പാദന, വിപണന മേഖലകളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി 2007–ൽ ആരംഭിച്ച കമ്പനിയാണ് 'കാവിൽ'. ഗ്രാമീണമേഖലയിൽ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, അലങ്കാരമത്സ്യ കയറ്റുമതിയിലൂടെ വിദേശനാണ്യം നേടിയെടുക്കുക എന്നിവയാണ് കാവിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. സർക്കാർ സ്വകാര്യമേഖലയിൽ രൂപം നൽകിയ ഈ കമ്പനിയുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആദ്യപടിയായി കമ്പനിയെ പൊതുമേഖലാസ്ഥാപനമാക്കി മാറ്റി. സർക്കാർ ഏജൻസികളുടെ സഹായം ലഭിക്കുന്നതിനുവേണ്ടിയാണ് സ്വകാര്യമേഖല കമ്പനിയായിരുന്ന ഈ സ്ഥാപനത്തെ പൊതുമേഖലയിലേക്ക് മാറ്റിയത്. കാവിലിന്റെ പ്രവർത്തനം വ്യാപിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. 37 കോടിയുടെ വിവിധ പദ്ധതികൾ ഇതിനകംതന്നെ കേന്ദ്രസർക്കാർ

ഏജൻസികളുടെ ധനസഹായത്തിനായി സമർപ്പിച്ചുകഴിഞ്ഞു. നെയ്യാർഡാമിലെ സാറ്റലൈറ്റ് ഫാമിന്റെ പ്രവർത്തനങ്ങൾക്കായി 6.60 കോടി രൂപ അനുവദിക്കുവാൻ ആർ.കെ.വി.വൈ. ഇതിനകം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. പരപ്പനങ്ങാടിയിലെ ഉള്ളാളം ഫാം പ്രവർത്തനസജ്ജമാക്കുന്നതിനുള്ള 7.5 കോടി രൂപയുടെ പദ്ധതി ആർ.കെ.വി.വൈ.യുടെ സജീവ പരിഗണനയിലുണ്ട്. ഇതിനുപുറമെ 133.55 ലക്ഷം രൂപയുടെ വിവിധ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലാണ്. 4.50 കോടി രൂപയുടെ എൻ.എഫ്. ഡി.സി. യുടെ സഹായവും പ്രതീക്ഷിക്കുന്നു. അലങ്കാര മത്സ്യ ഉല്പാദനത്തിനായി ഈ സർക്കാർ 250 കർഷകർക്ക് ഹോംസ്റ്റഡ് യൂണിറ്റുകൾ സ്ഥാപിക്കുവാൻ 50,000 രൂപ വീതം ധനസഹായം നൽകിക്കഴിഞ്ഞു. 100 യൂണിറ്റുകൾക്ക് കൂടി ധനസഹായം ഉടൻ നൽകുന്നതാണ്. ഇതിനോടകംതന്നെ 1200 കർഷകർക്ക് അലങ്കാരമത്സ്യ ഉല്പാദനത്തിന് പരിശീലനം നൽകിക്കഴിഞ്ഞിട്ടുണ്ട്. 2007-ൽ പ്രവർത്തനമാരംഭിച്ച കാവിൽ 1.01 ലക്ഷം അമേരിക്കൻ ഡോളറിന്റെ കയറ്റുമതി നടത്തിയിട്ടുണ്ട്. ഇതിൽ 0.59 ലക്ഷം ഡോളർ കയറ്റുമതി ഈ സർക്കാർ അധികാരമേറ്റതിനുശേഷം നടത്തിയതാണ്. തീരദേശ വികസന കോർപ്പറേഷൻ ഒരു കോടി രൂപ പലിശരഹിത വായ്പയായി കാവിലിന് നൽകിയിട്ടുണ്ട്. 18.06.2014-ൽ കമ്പനിയുടെ ഡയറക്ടർ ബോർഡ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് ഒരു പുനരുദ്ധാരണ പാക്കേജിന് രൂപം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുള്ള പ്രൊപ്പോസൽ തയ്യാറായി വരുന്നു. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഇൻഡ്യയിലെ ഏറ്റവും വലിയ സാറ്റലൈറ്റ് ഫാം ആണ് അദ്ദേഹ

ത്തിന്റെ നിയോജകമണ്ഡലത്തിൽ, നെയ്യാർഡാമിൽ നിർമ്മാണം ആരംഭിച്ചത്. അത് പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. പൂർത്തിയാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. സാമ്പത്തിക അച്ചടക്കമില്ലായ്മയാണ് ഈ സ്ഥാപനത്തെ ഈ രൂപത്തിൽ എത്തിച്ചത്. വലിയ പ്രതീക്ഷകളും വളരെക്കൂടുതൽ സാധ്യതകളുള്ള ഒരു സ്ഥാപനമാണ്. പക്ഷെ അതിന്റെ സാമ്പത്തിക അച്ചടക്കമില്ലായ്മ ആ സ്ഥാപനത്തെ വലിയൊരു ബാധ്യതയിലേക്ക് തള്ളിയിരിക്കുകയാണ്. അത് പുനരുദ്ധരിക്കാൻ എല്ലാ നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

<u>അഴീക്കോട് മുനമ്പം ജങ്കാർ സർവ്വീസ്</u>

<u>ശ്രീ. വി. എസ്. സുനിൽകുമാർ</u>: സർ, തൃശ്ശൂർ എറണാകുളം ജില്ലകളെ ബന്ധിപ്പിക്കുന്ന അഴീക്കോട് മുനമ്പം ഹാർബറുമായി ബന്ധപ്പെട്ട് പാലം പണിയുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതി സർക്കാരിന്റെ മുമ്പിലുണ്ട്. പക്ഷേ, ദിനംപ്രതി ആയിരക്കണക്കിന് ആളുകളാണ് തൃശ്ശൂർ ജില്ലയിൽ നിന്ന് എറണാകുളം ജില്ലയിലേക്ക് പോകുന്നതിനായി ജങ്കാർ സർവ്വീസ് ഉപയോഗിക്കുന്നത്. ജങ്കാർ വഴിയാണെങ്കിൽ 25 കിലോമീറ്റർ ദൂരമേയുള്ളൂ. അല്ലെങ്കിൽ 55 കിലോമീറ്റർ സഞ്ചരിക്കണം. സ്കൂൾ വിദ്യാർത്ഥികളും, മത്സ്യത്തൊഴിലാളികളും സർക്കാർ ജീവനക്കാരുമുൾപ്പെടെ എല്ലാ മേഖലയിലുള്ള ആളുകളും ആശ്രയിക്കുന്നത് ജങ്കാർ സർവ്വീസിനെയാണ്. 2008-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്താണ് ഈ ജങ്കാർ വാങ്ങി ജില്ലാ പഞ്ചായത്തിനെ ഏൽപ്പിച്ചുകൊടുത്തത്. അതിന്റെ നടത്തിപ്പിന്റെ ഉത്തരവാദിത്വം ജില്ലാ പഞ്ചായത്തിനാണ്. എല്ലാ വർഷവും ടെൻഡർ വിളിച്ച് കരാറു

കാരെ ഏൽപ്പിച്ചുകൊണ്ടാണ് ജങ്കാർ സർവ്വീസ് നടത്തുന്നത്. എന്നാൽ കരാർ പ്രകാരമുള്ള അറ്റകുറ്റപ്പണികൾ കരാറുകാർ നടത്തുന്നില്ലെന്നുമാത്രമല്ല അവർ അത് ചെയ്യുന്നുണ്ടോയെന്ന് മോണിറ്ററിംഗ് ചെയ്യുന്നതിനും സംവിധാനമില്ല. അതുകൊണ്ട് പല സന്ദർഭങ്ങളിലും ജങ്കാർ സർവ്വീസ് നിലച്ചുപോകുന്ന സ്ഥിതിയുണ്ടാകുന്നു. കുറച്ചുമാസങ്ങൾക്ക് മുൻപ് ജങ്കാർ നിലച്ചുപോയ തിനെത്തുടർന്ന് അറ്റകുറ്റപ്പണികൾ നടത്താൻവേണ്ടി 26 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് ചെലവാക്കി. രണ്ടുമൂന്ന് മാസം കഴിഞ്ഞപ്പോൾ വീണ്ടും ജങ്കാർ നിലച്ചുപോയി. ആയിരക്കണക്കിനാളുകളാണ് ഇതിനാൽ പ്രയാസപ്പെടുന്നത്. ജങ്കാർ സർവ്വീസ് നിലച്ചിട്ട് ഇപ്പോൾ നാലര മാസമായെങ്കിലും ഇതുവരെ റിപ്പയർ നടത്തി സർവ്വീസ് ആരംഭിച്ചിട്ടില്ല. കരാർ പ്രകാരം ജങ്കാർ സർവ്വീസ് നിലച്ചാൽ യാത്രാബോട്ട് ഉപയോഗിച്ച് ആളുകളെ കൊണ്ടുപോകണമെന്നാണ്. ഈ പറയുന്ന സ്ഥലം പെരിയാറിന്റെ കൈവഴിയായ കാഞ്ഞിപ്പുഴ വന്നു ചേരുന്ന അഴിമുഖമാണ്. ഈ അഴിമുഖത്തോട് ചേർന്നുകൊണ്ടാണ് ചെറിയ യാത്രാബോട്ടിൽ ആളുകൾ സഞ്ചരിക്കുന്നത്. മഴക്കാലത്ത് കാറ്റുവീശിയോ മറ്റെതെങ്കിലും രീതിയിലോ അപകടം സംഭവിച്ചാൽ, അടിയൊഴുക്കുള്ള പ്രദേശമായതിനാൽ നീന്തൽ അറിയാമെങ്കിൽപോലും വെള്ളത്തിൽ വീഴുന്ന ആളുകൾ കടലിൽ പതിക്കുകയും വലിയ ദുരന്തം സംഭവിക്കുകയും ചെയ്യും. ചെറിയ ബോട്ട് സർവ്വീസ് ഉപയോഗിച്ചുകൊണ്ടുള്ള ഇപ്പോഴത്തെ യാത്ര വലിയ റിസ്ക് ഉള്ള കാര്യമാണ്. അതുകൊണ്ട് ജങ്കാർ സർവ്വീസ് അടിയന്തിര മായി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ. ഈ സബ്മിഷൻ നൽകിയിരിക്കുന്നത് ശ്രീ. എം. കെ. മുനീറിനാണെങ്കിലും ബഹുമാനപ്പെട്ട പി.ഡബ്ള്യു.ഡി. മിനിസ്റ്റർകൂടി ഈ

വിഷയത്തിൽ മറുപടി നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. കാരണം അവിടെ പാലം നിർമ്മിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി തന്നെ മുൻകയ്യെടുത്തുകൊണ്ട് 250 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിന്റെ നടപടികൾ ത്വരിതഗതിയിൽ നടക്കുന്നില്ല. ജങ്കാർ സർവ്വീസ് അടിയന്തിര മായി പുനരാരംഭിക്കുകയും ഒരു ശാശ്വത പരിഹാരമെന്ന നിലയിൽ മുനമ്പം-അഴീക്കോട് പാലം നിർമ്മിക്കുന്നതിനുവേണ്ടി സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ജങ്കാർ സർവ്വീസ് പുനരാരംഭിക്കാൻ ജില്ലാ പഞ്ചായത്തിന് കഴിയുന്നില്ലെങ്കിൽ സർക്കാർ ഏറ്റെടുത്ത് ജനങ്ങളുടെ പ്രശ്നം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, 2008-ൽ സുനാമി ദുരിതാശ്വാസ ഫണ്ടിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ വാങ്ങി നൽകിയ തൃശ്ശൂർ ജില്ലാപഞ്ചായത്തിന്റെ ഉടമ സ്ഥതയിലുള്ള തൃശ്ശൂർ ജില്ലയിലെ അഴീക്കോട് നിന്നും മുനമ്പത്തേയ്ക്ക് സർവ്വീസ് നടത്തുന്ന ജങ്കാറിന്റെ പ്രവർത്തനം നിലച്ചത് 21.03.2014 മുതലാണ്. ജങ്കാറിന്റെ ഗുരുതരമായ എഞ്ചിൻ തകരാറുകളും സ്ട്രക്ചറൽ തകരാറുകളും ഉൾപ്പെടെയുള്ള ന്യൂനതകൾ പരിഹരിക്കുന്നതിന് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് കൊച്ചിൻ ഷിപ്പ്യാർഡിനെ സമീപിക്കുകയും, ഡ്രൈ ഡോക്ക് ചെയ്ത് റിപ്പയ റിംഗ് നടത്തണമെന്ന് അവർ നിർദ്ദേശിക്കുകയുമുണ്ടായി. സൈനിക കപ്പലുക ളുടെ അടിയന്തര റിപ്പയറുകൾമൂലം ഡോക്ക് ഒഴിയാത്തതിനാൽ 09-05-2014-നാണ് ഡോക്ക് ചെയ്യുന്നതിനുവേണ്ടി ഷിപ്പ്യാർഡിൽനിന്നും അനുമതി

ലഭിച്ചത്. തുടർന്ന് 09-05-2014-ന് ജങ്കാർ കൊച്ചിൻ ഷിപ്പ്യാർഡിലുള്ള ഡോക്കിലെത്തിക്കുകയും ഇപ്പോൾ റിപ്പയറിംഗ് വർക്കുകൾ പൂർത്തീകരണ ഘട്ടത്തിലുമാണ്. ഏകദേശം 60 ലക്ഷം രൂപയാണ് റിപ്പയറിംഗിന് ചെലവ് പ്രതീക്ഷിക്കുന്നത്. 30-06-2014-ന് മുമ്പായി റിപ്പയർ വർക്കുകൾ പൂർത്തീകരിച്ച് ജങ്കാർ ജില്ലാ പഞ്ചായത്തിന് കൈമാറുമെന്നാണ് കൊച്ചിൻ ഷിപ്പ്യാർഡ് അധികൃതരിൽ നിന്നും അറിയാൻ കഴിഞ്ഞത്. ജങ്കാർ സർവ്വീസ് നിലച്ചപ്പോൾ പകരം സർവ്വീസ് നടത്താൻ മറ്റൊരു ജങ്കാർ ലഭിക്കാത്തതിനാൽ കരാറുകാരൻ നിയമവിധേയമായി ബോട്ട് സർവ്വീസ് ഏർപ്പെടുത്തിയിട്ടുണ്ട്. പ്രതികൂലസാഹചര്യങ്ങളിൽ ജങ്കാർ/ബോട്ട് സർവ്വീസുകൾ നിർത്തിവയ്ക്കാൻ ജില്ലാ പഞ്ചായത്തിൽനിന്നും കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജനങ്ങളുടെ യാത്രാക്ലേശം അകറ്റുന്നതിനായി പകരം ബോട്ട് സർവ്വീസ് ഏർപ്പെടുത്തിയിട്ടുള്ളതിനാൽ 55 കിലോമീറ്റർ ചുറ്റിസഞ്ചരിക്കേണ്ട സാഹചര്യം നിലവിലില്ല. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. 5000 രൂപ വരെയുള്ള ചെറിയ റിപ്പയിറിംഗ് ജോലികൾ കരാറുകാരൻതന്നെ ചെയ്യേണ്ടതാണ്. ഇത് മോണിറ്റർ ചെയ്യുന്നതിനായി ജില്ലാപഞ്ചായത്തിന് പ്രത്യേകം നിർദ്ദേശം നൽകുന്നതാണ്. ചെറിയ റിപ്പയറിംഗ് ജോലികൾ വന്നാൽ ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിൽ അപ്പപ്പോൾ ചെയ്യുന്നതിനും അത് മോണിറ്റർ ചെയ്യുന്നതിനും സംവിധാനമുണ്ടാക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുന്നു.

## ആശുപത്രികളിലെ മരുന്നുക്ഷാമം

ശ്രീ. വി. ഡി. സതീശൻ: സർ, സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലും, മെഡിക്കൽ കോളേജുകളിലും രൂക്ഷമായ മരുന്നുക്ഷാമം അനുഭവപ്പെടുകയാണ്. കാലവർഷത്തിന്റെ വരവോടുകൂടി സംസ്ഥാനത്ത് വ്യാപകമായി പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ മരുന്നുവിതരണം തടസ്സപ്പെടുന്നത് ഗൗരവതരമായ ഒരു വിഷയമായി മാറിയിരിക്കുകയാണ്. മരുന്നുകൾ ലോക്കൽ പർച്ചേസ് നടത്തുന്നതിനായി ഗവൺമെന്റ് ഉത്തരവ് നൽകിയിട്ടുണ്ടെങ്കിലും ലക്ഷക്കണക്കിന് രൂപയാണ് ലോക്കൽ പർച്ചേസ് ഇനത്തിൽ സർക്കാരിന് നഷ്ടപ്പെടുന്നത്. മാത്രമല്ല, ടെൻഡർ പ്രൊസീഡ്യുവർ വഴി മരുന്ന് വാങ്ങാനുള്ള അവസരം കൂടി ലോക്കൽ പർച്ചേസിലൂടെ നഷ്ടപ്പെടുകയാണ്. 150-ഓളം ജീവൻരക്ഷാമരുന്നുകൾ, ഐ.വി. ഫ്ളൂയിഡ്, സിറിഞ്ച്, സൂചി തുടങ്ങിയ സാധനങ്ങളെല്ലാം പുറത്തുനിന്ന് വാങ്ങേണ്ട അവസ്ഥയാണ്. മുൻവർഷങ്ങളിൽ മരുന്ന് വിതരണം ചെയ്തതിന്റെ പേരിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്ന് കമ്പനികൾക്ക് കൊടുക്കാനുള്ള തുക കൊടുക്കാത്തതാണ് കരാർ നേടിയിട്ടും അവരിപ്പോൾ മരുന്ന് സപ്ലൈ ചെയ്യാതിരിക്കുന്നതിന് കാരണമായി പറയപ്പെടുന്നത്. സർക്കാരാണ് അതിന്റെ വിശദീകരണം നൽകുന്നത്. ഇത്രയും പ്രശ്നമുള്ളതുകൊണ്ട് ആശുപത്രി വികസന ഫണ്ടിൽ നിന്നും പണമെടുത്തുകൊണ്ടാണ് പലപ്പോഴും ലോക്കൽ പർച്ചേസ് നടത്തുന്നത്. ആശുപത്രി വികസന ഫണ്ടിലെ പണം താല്ക്കാലിക ജീവനക്കാർക്ക് കൊടുക്കാനും നഴ്സുമാർ കുറവുള്ള സ്ഥലത്ത് കൂടുതൽ നഴ്സുമാരെ വയ്ക്കാനും മറ്റ് പാരാമെഡിക്കൽ സ്റ്റാഫിനെ വയ്ക്കാനുമാണ് ഉപയോഗിക്കു

ന്നത്. ലക്ഷക്കണക്കിന് രൂപ ലോക്കൽ പർച്ചേസ് വഴി മരുന്നു വാങ്ങിക്കാൻ ഉപയോഗപ്പെടുത്തുമ്പോൾ താല്ക്കാലിക ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻപോലും പറ്റാത്ത തരത്തിൽ ആശുപത്രികൾ സാമ്പത്തിക ബുദ്ധി മുട്ട് നേരിടുകയാണ്. പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന ഈ സാഹചര്യ ത്തിൽ അടിയന്തര നടപടികൾ സ്വീകരിച്ച് മരുന്നുകമ്പനികൾക്ക് അന്ത്യശാസനം കൊടുത്ത് എല്ലാ മരുന്നുകളും വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കേരളത്തിലെ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ജീവൻ രക്ഷാമരുന്നുകളെല്ലാം ഇന്ന് ലഭ്യമാണ്. ഐ.വി. ഫ്ളൂയിഡുകളായ ടെസ്റ്റോർസ് 5%, നോർമൽ സലൈൻ, മാനിറ്റോൾ തുടങ്ങിയ വയും ലഭ്യമാണ്. ഇല്ലാത്ത മരുന്നുകൾ ഉടൻ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ചില ജീവിതശൈലീരോഗങ്ങൾക്കുവേണ്ടിയുള്ള മരുന്നുകളുടെ സ്റ്റോക്കിൽ കുറവ് വന്നിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2014–15 വർഷത്തേയ്ക്കുള്ള മരുന്നും അതുപോലെയുള്ള കൺസ്യൂമബിൾസും വാങ്ങുന്നതിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടില്ല. ഇതിനുള്ള ടെൻഡർ 2014 ജനുവരി 28-ന് തന്നെ ക്ഷണി ച്ചിരുന്നു. ഇ-ടെൻഡർ ആയിട്ടാണ് ടെൻഡർ ക്ഷണിച്ചത്. എന്നാൽ വേണ്ടത്ര വിത രണക്കാരെ ലഭിക്കാത്തതുകാരണം പ്രസ്തുത ടെൻഡർ റദ്ദാക്കേണ്ടിവന്നു. അന്നു തന്നെ റീ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. ടെൻഡർ നടപടികൾ പൂർത്തി യാക്കി പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. ഇതിനോടകംതന്നെ മരുന്നുകൾ

എത്തിത്തുടങ്ങിയിട്ടുണ്ട്. അറുന്നൂറിലധികം മരുന്നുകളാണ് കേരളത്തിൽ വിവിധ ആശുപത്രികളിൽ ഉപയോഗിക്കുന്നത്. ജീവൻരക്ഷാ മരുന്നുകൾ എല്ലാ ആശുപത്രി കളിലും ആവശ്യത്തിനുണ്ട്. ഇക്കാര്യം എല്ലാദിവസവും വിലയിരുത്തുന്നുണ്ട്. ഓരോ ആശുപത്രിയിലെയും കാര്യങ്ങൾ വിലയിരുത്തുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് പ്രത്യേകമായി നിർദ്ദേശം കൊടുത്തിട്ടുണ്ട്. പനിക്ക് ആവശ്യമായ മരുന്നുകൾ എല്ലാ ആശുപത്രികളിലുമുണ്ട്. നോൺ–കമ്മ്യൂണിക്ക ബിൾ ഡിസീസസിനുവേണ്ടിയുള്ള ചില മരുന്നുകൾക്ക് ക്ഷാമമുണ്ട്. അതുവാങ്ങി നൽകുന്നതിന് നടപടികളെടുത്തിട്ടുണ്ട്. സ്റ്റോക്ക് കുറവുള്ളിടത്ത് ആശുപത്രിതല ത്തിൽത്തന്നെ ഈ മരുന്നുകൾ അടിയന്തരമായി വാങ്ങി നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിനുവേണ്ടി താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രി കളിലെയും, മെഡിക്കൽ കോളേജുകളിലും ഹോസ്പിറ്റൽ സൂപ്രണ്ടുമാർക്ക് ആർ.എസ്.ബി.വൈ. ഫണ്ടിൽനിന്ന് തുക വിനിയോഗിച്ച് കുറവുള്ള മരുന്ന് വാങ്ങു ന്നതിനുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ട്. കാരുണ്യ ഫാർമസി, നീതി മെഡിക്കൽ സ്റ്റോർ, ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റി നടത്തിവരുന്ന ഫാർമസികൾ എന്നിവിടങ്ങളിൽ മരുന്നു ലഭ്യമാണെങ്കിൽ ആയതുമുഖേന മരുന്നു ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാണ് ഹോസ്പിറ്റൽ സൂപ്രണ്ടു മാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. ടി സ്ഥാപനങ്ങളിൽ മരുന്നില്ലെങ്കിൽ മാത്രമേ ഓപ്പൺ ക്വട്ടേഷൻ പ്രകാരം മരുന്നുവാങ്ങാവൂ എന്നും ഇത് പരിശോധിക്കുന്നതി നായി ഹോസ്പിറ്റൽ സൂപ്രണ്ട്, സ്റ്റോർ സൂപ്രണ്ട്, ആശുപത്രിയിലെ ഏതെങ്കിലും വകുപ്പുമേധാവി എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കാനും നിർദ്ദേശിച്ചി ട്ടുണ്ട്. ക്ഷാമമുള്ള മരുന്ന് പ്രാദേശികമായി വാങ്ങുന്നതിലേയ്ക്കായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് രണ്ട് കോടി രൂപയും ആരോഗ്യവകുപ്പ് ഡയറക്ടർക്ക് ഒരു കോടി രൂപയും അതാത് നോൺ–പ്ലാൻ ഫണ്ടിൽ നിന്നും അനുവദിക്കുന്ന തിനും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ ഡി.എം.ഒ.മാർ

എല്ലാ ആശുപത്രികളിലേയും മരുന്നുകളുടെ ലഭ്യത ദിവസവും പരിശോധിച്ച് വിലയിരുത്തി ആരോഗ്യവകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടർ റിവ്യൂ ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. മെഡിക്കൽ കോളേജുകളിലെ മരുന്നുകളുടെ ലഭ്യത മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ദിനംപ്രതി പരിശോധിച്ചുവരുന്നു. ആവശ്യത്തിന് എച്ച്.ഡി.സി. ഫണ്ടുള്ള സർക്കാർ ആശുപത്രികളിൽ മാത്രം ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള അവശ്യമരുന്നുകൾ പ്രസ്തുത ഫണ്ടുപയോഗിച്ച് വാങ്ങുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ആയതിനാൽ, ആശുപത്രി വികസന ഫിൽനിന്ന് മരുന്ന് പർച്ചേസ് നടത്തുന്നതുകൊണ്ട് സർക്കാർ മെഡിക്കൽ കോളേജുകളിലെ താൽക്കാലിക ജീവനക്കാരുടെ ശമ്പളം മുടങ്ങുന്ന ഒരു സാഹചര്യവും നിലവിലില്ല.

## കാൻസർ സ്പെഷ്യാലിറ്റി സെന്റർ

ശ്രീ. പി. റ്റി. എ. റഹിം: സർ, കോഴിക്കോട് ജില്ലയിലെ മാവൂരിൽ കാൻസർ ചികിത്സക്ക് ഒരു സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആരംഭിക്കുന്നതിനായി ഒരു വ്യക്തി ആറ് ഏക്കർ സ്ഥലവും മൂന്നുനില കെട്ടിടവും നൽകിയിരുന്നു. അത് ഉപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിലെ 13 എം.എൽ.എ-മാർ ഒരു യോഗം വിളിച്ചുകൂട്ടണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും വകുപ്പുമന്ത്രിയോടും ആവശ്യപ്പെട്ടിരുന്നു. തിരുവൽ ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി. ഉദ്ഘാടനസമയത്ത് ഇവിടെയൊരു കാൻസർ സെന്റർ ആരംഭിക്കുമെന്ന് മന്ത്രി പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. എന്നാൽ 11.06.2014-ലെ 708-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിനുള്ള മറുപടിയിൽ ഇതുസംബന്ധിച്ച് വ്യക്തമായ മറുപടി നൽകിയില്ല. 13

എം.എൽ.എ–മാരുടെ ആവശ്യം പരിഗണിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും ഇതുസംബന്ധിച്ചൊരു യോഗം വിളിച്ചുകൂട്ടണമെന്നാണ് ഞാൻ ഉന്നയിക്കുന്ന ആവശ്യം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):: സർ, കോഴിക്കോട് ജില്ലയിലെ തെങ്ങലക്കടവിൽ ഒരു കാൻസർ ചികിത്സാ കേന്ദ്രം സ്ഥാപിക്കുന്നതിന് സൗജന്യമായി ലഭിച്ച ആറര ഏക്കർ സ്ഥലവും കെട്ടിടവും മലബാർ കാൻസർ സെന്ററിന് 30 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകിക്കൊണ്ട് 27.09.2012–ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇവിടെയൊരു സബ്സെന്റർ സ്ഥാപിക്കുന്നതിന് പ്രായോഗികമായി ബുദ്ധിമുട്ടുകളുണ്ടെന്നാണ് മലബാർ കാൻസർ സെന്റർ അറിയിച്ചിട്ടുള്ളത്. മേൽ സാഹചര്യത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിലെ കാൻസർ വിഭാഗത്തിന്റെ ഒരു സെന്റർ ഇവിടെ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്. എന്നാൽ കേന്ദ്രസർക്കാരിന്റെ ടെർഷ്യറി കാൻസർ സെന്റർ കോഴിക്കോട് മെഡിക്കൽ കോളേജിൽത്തന്നെ ആരംഭിക്കാനാണ് പ്രൊപ്പോസൽ നൽകിയിട്ടുള്ളതെന്നും ഇത് അനിവാര്യമാണെന്നും കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ അറിയിച്ചിട്ടുണ്ട്. നിർദ്ദിഷ്ട സ്ഥലവും കെട്ടിടനിർമ്മാണത്തിനായി 50 കോടി രൂപയും ആവശ്യത്തിന് തസ്തികകളും സൃഷ്ടിക്കുകയാണെങ്കിൽ കോഴിക്കോട് മെഡിക്കൽ കോളേജിന്റെ ഒരു സബ് സെന്റർ ഇവിടെ ആരംഭിക്കാവുന്നതാണെന്നും പ്രിൻസിപ്പൽ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. പ്രസ്തുത സ്ഥലത്ത് കാൻസർ സെന്റർ ആരംഭിക്കുന്നത്

സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഒരു ഉന്നത തലയോഗം ചേരുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ചമ്രവട്ടം അയ്യപ്പക്ഷേത്ര പുനർനിർമ്മാണം

ഡോ. കെ. ടി. ജലീൽ: സർ, മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ ഭാരതപ്പുഴയുടെ ഓരംചേർന്ന് സ്ഥിതിചെയ്യുന്ന പ്രസിദ്ധമായ ക്ഷേത്രമാണ് ചമ്രവട്ടം അയ്യപ്പക്ഷേത്രം. 15 മാസങ്ങൾക്കുമുമ്പ് 02.03.2013-ന് ഈ ക്ഷേത്രം നിശ്ശേഷം കത്തി നശിക്കുകയുണ്ടായി. വലിയ ചരിത്രപ്രാധാന്യമുള്ള ആരാധനാലയങ്ങളിലൊന്നായിട്ടാണ് ചമ്രവട്ടം അയ്യപ്പക്ഷേത്രം അറിയപ്പെടുന്നത്. ശബരിമല ഇടത്താവളമായി സർക്കാർ ഈ ക്ഷേത്രത്തെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ് യാഥാർത്ഥ്യമായതോടെ ആയിരക്കണക്കിന് വിശ്വാസികളാണ് ഓരോ വർഷവും ഈ ക്ഷേത്രത്തിൽ ദർശനത്തിനെത്തുന്നത്. കത്തി നശിച്ച ക്ഷേത്രം സന്ദർശിക്കാൻ അങ്ങും ബഹുമാന്യനായ സ്പീക്കറും ടൂറിസം വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽ കുമാറും അന്നത്തെ കെ.പി.സി.സി. പ്രസിഡന്റും ഇപ്പോഴത്തെ ആഭ്യന്തര വകുപ്പുമന്ത്രിയുമായ ശ്രീ. രമേശ് ചെന്നിത്തലയും വന്നിട്ടുണ്ട്. ജനപ്രതിനിധികളും അവിടെ എത്തിയിരുന്നു. അന്ന് നാട്ടുകാർക്ക് മന്ത്രിമാരും ജനപ്രതിനിധികളും കൊടുത്ത ഉറപ്പ് ക്ഷേത്രപുനർനിർമ്മാണ ത്തിന് ആവശ്യമായിട്ടുള്ള തുക സർക്കാർ വകയിരുത്തുമെന്നാണ്. 1,30,00,000/- രൂപയുടെ പ്ലാനും എസ്റ്റിമേറ്റും മലബാർ ദേവസ്വം ബോർഡ് അംഗീകരിച്ചു. എന്നാൽ ഇതിലേയ്ക്ക് ഇതുവരെ 20 ലക്ഷം രൂപ മാത്രമാണ്

നൽകിയിട്ടുള്ളത്. ഇതുമൂലം ആ പ്രദേശത്ത് വലിയ പ്രയാസവും ബുദ്ധിമുട്ടും നിലനിൽക്കുന്നു. ഇന്നുതന്നെ അങ്ങയെ ആ പ്രദേശത്തുനിന്നുള്ള നാനാ ജാതിമതസ്ഥരും വിവിധ പാർട്ടികളിൽ ഉൾപ്പെടുന്നവരും വന്ന് കാണുകയുണ്ടായി. എത്രയും വേഗം ഈ ക്ഷേത്രപുനർനിർമ്മാണത്തിന് ആവശ്യമായ തുക അനുവദിക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ ആവശ്യപ്പെടുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള മലപ്പുറം ജില്ലയിലെ ചമ്രവട്ടം അയ്യപ്പക്ഷേത്ര പുനരുദ്ധാരണത്തിന്റെ പ്ലാനും എസ്റ്റിമേറ്റും അംഗീകരിക്കുകയും ക്ഷേത്ര പുനർനിർമ്മാണത്തിനാവശ്യമായ ഫണ്ട് ക്ഷേത്രത്തിലില്ലാത്തതു പരിഗണിച്ച് 2012–13 സാമ്പത്തിക വർഷത്തെ മലബാർ ദേവസ്വം ബോർഡിൽനിന്നുള്ള ജീർണോദ്ധാരണ ധനസഹായമായി പ്രത്യേക പരിഗണന നൽകി 15 ലക്ഷം രൂപ അനുവദിക്കുകയും ഇതിന്റെ ഒന്നാം ഗഡുവായി 10.5 ലക്ഷം രൂപ ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസർക്ക് 2013 ജൂലൈ മാസത്തിൽ നൽകുകയും ചെയ്തിട്ടുണ്ട്. ക്ഷേത്രപുനരുദ്ധാരണത്തിനായി 2013–14 സാമ്പത്തിക വർഷം മലബാർ ദേവസ്വം ബോർഡിന് അനുവദിച്ച ഗ്രാന്റ്–ഇൻ–എയ്ഡിൽ നിന്നും 5 ലക്ഷം രൂപ ഈ ക്ഷേത്രത്തിന്റെ പുനർനിർമ്മാണത്തിന് അനുവദിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകുകയും അതിന്റെയടിസ്ഥാനത്തിൽ ബോർഡിൽനിന്നും തുക അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. 2013–14 സാമ്പത്തിക വർഷം മലബാർ ദേവസ്വം ബോർഡിൽ നിന്നും ക്ഷേത്രങ്ങൾക്കുള്ള ജീർണോദ്ധാരണ ധനസഹായം അനുവദിക്കുന്നതിന് മലബാർ ദേവസ്വം ബോർഡ് ജീർണോ

ദ്ധാരണ ധനസഹായകമ്മിറ്റി മുമ്പാകെയുള്ള ശുപാർശയിൽ 10 ലക്ഷം രൂപ ചമ്രവട്ടം അയ്യപ്പക്ഷേത്രത്തിന് നീക്കിവച്ചിട്ടുണ്ട്. ഒന്നേകാൽ കോടിയോളം രൂപ ചെലവ് വരുമെന്നാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. കുറച്ച് തുകകൂടി മലബാർ ദേവസ്വത്തിന്റെ കമ്മിറ്റിയിൽ നിന്നും ലഭ്യമാക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുന്നതാണ്. ക്ഷേത്രത്തിന്റെ വരുമാനത്തിൽനിന്നുകൂടി ബാക്കി തുക ലഭ്യമാക്കി പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

## സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടേയും ജീവനക്കാരുടേയും നിയമനം

ശ്രീ. ജി. എസ്. ജയലാൽ : സർ, ചാത്തന്നൂർ മണ്ഡലത്തിലെ നെടുങ്ങോലം രാമറാവു ആശുപത്രി താലൂക്ക് ആശുപത്രി പദവിയിലേയ്ക്ക് 4 വർഷം മുമ്പ് ഉയർത്തപ്പെട്ടതാണ്. അവിടെ സ്പെഷ്യാലിറ്റി കേഡറിലുള്ള ഡോക്ടർമാരുടേയും അനുബന്ധ പാരാമെഡിക്കൽ ജീവനക്കാരുടേയും കുറവുള്ളതിനാൽ പ്രവർത്തനം അവതാളത്തിലാണ്. നിരവധി തവണ അപേക്ഷകൾ നൽകി റിപ്പോർട്ടുകൾ സർക്കാരിനു സമർപ്പിച്ചെങ്കിലും ഇതുവരെ യാതൊരു തീരുമാനവുമായിട്ടില്ല. ജൂനിയർ മെഡിക്കൽ കൺസൾട്ടന്റ് തസ്തികയിൽ പീഡിയാട്രിക്, ഗൈനക്കോളജി വിഭാഗങ്ങളിലായി രണ്ട് സ്പെഷ്യാലിറ്റി ഡോക്ടർമാർ മാത്രമാണ് ഇപ്പോഴവിടെയുള്ളത്. സൂപ്രണ്ട്, ആർ.എം.ഒ. തസ്തികകൾപോലും ഒഴിഞ്ഞുകിടക്കുകയാണ്. കൺസൾട്ടന്റ് ഇൻ മെഡിസിൻ, കൺസൾട്ടന്റ് ഇൻ സർജറി, കൺസൾട്ടന്റ് ഇൻ ഗൈനക്കോളജി തസ്തികകളിലൊന്നും ഡോക്ടർമാരില്ല. ജൂനിയർ മെഡിക്കൽ തസ്തിക വിഭാഗത്തിൽപ്പെട്ട സർജറി, പീഡിയാട്രിക്സ്, അനസ്തേഷ്യ, ഓർത്തോപീഡിക്സ്, ഓഫ്താൽമോളജി, ഇ.എൻ.റ്റി,

ഹെർമറ്റോളജി, അസിസ്റ്റന്റ് ദന്തൽ സർജൻ എന്നീ പോസ്റ്റുകളിലൊന്നും ഡോക്ടർമാരില്ല. അതിനനുബന്ധമായ പാരാമെഡിക്കൽ ജീവനക്കാരും ഓഫീസ് ജീവനക്കാരുമില്ല. ആശുപത്രിയുടെ പ്രവർത്തനം സ്തംഭനാവസ്ഥ യിലാണ്. അവിടെ പുതിയ തസ്തികകൾ സൃഷ്ടിക്കണം. നിരവധിയാളുകൾ ഗവൺമെന്റ് ആശുപത്രിയെ ആശ്രയിക്കുന്ന ഒരു മേഖലയാണിത്. ഈ റിപ്പോർട്ടുകളെല്ലാം സർക്കാരിന്റെ പരിഗണനയിലുണ്ടായിരുന്നിട്ടും താലൂക്കു കളിലുംമറ്റും പോസ്റ്റ് ക്രിയേഷൻ നടത്തിയപ്പോഴൊന്നും ചാത്തന്നൂർ താലൂക്ക് ആശുപത്രിയെ പരിഗണിച്ചില്ല. ഡി.എച്ച്.എസ്. ഒരു പ്രൊപ്പോസൽ തയ്യാറാക്കി ആരോഗ്യവകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ട് (ഫയൽ നമ്പർ. 10768). അത് പരിഗണിച്ച് പുതിയ തസ്തികകൾ സൃഷ്ടിച്ച് സ്പെഷ്യാലിറ്റി ഡോക്ടർമാരുടേയും അനുബന്ധ ജീവനക്കാരുടേയും കുറവുകൾ നികത്തി ആ പ്രദേശത്തെ ജനങ്ങളെ രക്ഷിക്കണമെന്നാണ് ഞാൻ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, 2010-ലാണ് ഈ ആശുപത്രിയെ താലൂക്കാശുപത്രി യായി ഉയർത്തിയത്. താലൂക്കാശുപത്രിയുടെ പ്രവർത്തനത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഈ ആശുപത്രിയിൽ ലഭ്യമാക്കിയിട്ടുണ്ട്. 66 കിടക്ക കളുള്ള ഈ ആശുപത്രിയിൽ 8 ഡോക്ടർമാരുടെ തസ്തികകളും 15 നഴ്സു മാരുടെ തസ്തികകളുമുൾപ്പെടെ 40 തസ്തികകൾ നിലവിലുണ്ട്. ഇതിൽ ഒരു സിവിൽ സർജന്റെ തസ്തിക മാത്രമാണ് ഒഴിവുള്ളത്. ഈ ഒഴിവ് ഉദ്യോഗക്ക യറ്റം മുഖേന നികത്തുന്നതാണ്. ആശുപത്രിയുടെ സുഗമമായ പ്രവർത്തന

ത്തിനായി എൻ.ആർ.എച്ച്.എം. മുഖേന രണ്ട് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഓർത്തോ വിഭാഗത്തിൽ ആഴ്ചയിൽ 3 ദിവസം ആറ്റിങ്ങൽ താലൂക്ക് ആശുപത്രിയിലെ ഒരു ഡോക്ടറുടെ സേവനം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പത്തനാപുരം പ്രാഥമികാരോഗ്യകേന്ദ്രത്തിൽനിന്നും ഒരു ഡോക്ടറുടെ സേവനവും ഓഫ്താൽമോളജി വിഭാഗത്തിൽ കൊല്ലം ജില്ലാ ആശുപത്രിയിൽനിന്നും ഒരു ഡോക്ടറുടെ സേവനവും ഡിപ്ലോയ്മെന്റ് വ്യവസ്ഥയിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ ആശുപത്രിയിലെ സ്പെഷ്യൽ ഒ.പി.-കളായ പാലിയേറ്റീവ് ക്ലിനിക്, ജെറിയാട്രിക് വാർഡ്, ഡീ-അഡിക്ഷൻ ക്ലിനിക്, റ്റി.സി.സി വിഷൻ സെന്റർ, ഓർത്തോ ക്ലിനിക്, സൈക്കാട്രിക് ക്ലിനിക് എന്നിവ വർക്കിംഗ് അറേഞ്ച്മെന്റ്വഴി നടന്നുവരുന്നു. അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനു ള്ള പ്രൊപ്പോസൽ 23.6.2014-ന് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധി ക്കുന്നതാണ്.

## <u>ചീഫ് സെക്രട്ടറിയുടെ പേരിലുള്ള സ്വത്തുവിവരങ്ങൾ</u>

<u>പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ)</u>: സർ, കഴിഞ്ഞ ദിവസം നിയമസഭയിൽ ഉണ്ടായ ചില പ്രശ്നങ്ങളെ ഓർമ്മിപ്പിക്കാൻവേണ്ടി ശ്രമിച്ചപ്പോൾ സബ്മിഷന്റെ നിലപാടിലേയ്ക്ക് എത്തില്ലെന്നതിന്റെ അടിസ്ഥാ നത്തിൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അനുമതി നിഷേധിച്ചു. അത് ഒരു സബ്മിഷനായി കരുതേണ്ടതായിരുന്നില്ല. ചീഫ് സെക്രട്ടറിയുടെ വാർഷിക വസ്തുവിവര പ്രസ്താവനയിൽ കൃത്രിമം കാട്ടിയതുമായി ബന്ധ പ്പെട്ട രേഖകൾ ഞാൻ കഴിഞ്ഞ ദിവസം സഭയുടെ മേശപ്പുറത്ത് വച്ചു.

അതിന്റെ അടിസ്ഥാനത്തിൽ ഗുരുതരമായ ചട്ടലംഘനം നടത്തിയ ചീഫ് സെക്രട്ടറിയെ ഉടൻതന്നെ ആ സ്ഥാനത്തുനിന്ന് മാറ്റിനിർത്തി അന്വേഷിക്കണമെന്ന് ഞാൻ  ആവശ്യപ്പെട്ടിരുന്നു. എന്നാൽ ചീഫ്സെക്രട്ടറിയെ ഭയപ്പെടുന്ന മുഖ്യമന്ത്രി അതിന് തയ്യാറായില്ല.  ഇപ്പോൾ, ചീഫ് സെക്രട്ടറിയുടേയും ഭാര്യയുടേയും പേരിലുള്ള കോടിക്കണക്കിന് രൂപയുടെ സ്വത്ത് വിവരങ്ങളാണ് മാധ്യമങ്ങളിലൂടെ പുറത്തുവന്നുകൊണ്ടിരിക്കുന്നത്. അനധികൃത സ്വത്ത് സമ്പാദനത്തിന് മദ്ധ്യപ്രദേശിൽ രണ്ട് ഐ.എ.എസ് ഉദ്യോഗസ്ഥന്മാരെ നടപടിക്ക് വിധേയമാക്കിയെന്ന വാർത്ത പത്രങ്ങളിൽ വന്നിട്ടുണ്ട്. കൂടുതൽ സ്വത്ത് വിവരങ്ങൾ വരുംദിവസങ്ങളിൽ പുറത്തുവിടുമെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. കൊച്ചിയിലെ പഞ്ചനക്ഷത്ര ഫ്ളാറ്റിന് മാത്രം 5 കോടിയിലധികം വില വരും. ചീഫ് സെക്രട്ടറിയുടേയും ഭാര്യയുടേയും പേരിലുള്ള സ്വത്തുക്കളുടെ ഒരുവിവരവും പുറത്തുവിടരുതെന്ന് തൃശ്ശൂർ, ആലപ്പുഴ, കൊല്ലം തുടങ്ങിയ വിവിധ ജില്ലകളിലെ രജിസ്ട്രേഷൻ ഓഫീസുകളിലേക്ക് ചീഫ് സെക്രട്ടറിയുടെ ഓഫീസിൽനിന്നും നേരിട്ട് നിർദ്ദേശം പോയതായും മനസ്സിലാക്കുന്നു. കള്ളപ്പണത്തിന്റേയും അവിശുദ്ധ ബന്ധങ്ങളുടേയും ഞെട്ടിക്കുന്ന തെളിവുകളാണ് ഇവയെല്ലാം. വിവിധ വകുപ്പുകളിൽ ചീഫ് സെക്രട്ടറി നടത്തുന്ന കയ്യേറ്റങ്ങളുടെ വിവരങ്ങളും പുറത്തുവന്നുകൊണ്ടിരിക്കുന്നു. ആഭ്യന്തരവകുപ്പിൽ വകുപ്പുമന്ത്രിയെ നോക്കുകുത്തിയാക്കി മുഖ്യമന്ത്രിയുടെ മൗനസമ്മതത്തോടെയുള്ള ഇടപെടൽ പുറത്തുവന്നുകഴിഞ്ഞു. റവന്യൂ വകുപ്പിൽ മന്ത്രി അറിയാതെ ഉത്തരവുകൾ ഇറങ്ങുന്നു. പാറ്റൂരിൽ നടന്ന ഭൂമി ഇടപാടും കയ്യേറ്റവും മുഖ്യമന്ത്രിയുടേയും ചീഫ് സെക്രട്ടറിയുടേയും നേതൃത്വത്തിലാണ് നടന്നതെന്ന് തെളിവുകളോടെ ഞാൻ സഭയിൽ ഉന്നയിച്ചിരുന്നു.

അത് ശരിവയ്ക്കുന്ന വിധത്തിലാണ് റവന്യൂ വകുപ്പുമന്ത്രിയുടെ വിശദീകരണങ്ങൾ വരുന്നത്. സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിച്ച് ഭൂമി തിരിച്ചെടുക്കണമെന്നും ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് പരിഗണിച്ച് നടപടി എടുക്കണമെന്നും എഴുതിയ ഫയൽ താൻ കണ്ടിട്ടില്ലെന്നാണ് റവന്യൂ വകുപ്പുമന്ത്രി പറയുന്നത്. കഴിഞ്ഞ നവംബർ 19-ന് ഈ ഫയൽ മുഖ്യമന്ത്രിയുടെ ഓഫീസിലേയ്ക്ക് വിളിപ്പിച്ചുവെന്നും ഏപ്രിൽ 28 -ന് ചീഫ് സെക്രട്ടറി അത് കൈവശപ്പെടുത്തിയെന്നും റവന്യൂ വകുപ്പുമന്ത്രി പറയുന്നു. തുടർന്ന് നാല് ദിവസത്തിനുള്ളിലാണ് 'ചീഫ് സെക്രട്ടറിയുടെ അംഗീകാരത്തോടെ' എന്ന് കാണിച്ചുള്ള നിയമവിരുദ്ധ ഉത്തരവിറങ്ങുന്നത്. ആരാണ് ഇവിടുത്തെ റവന്യൂ വകുപ്പുമന്ത്രി? റവന്യൂ വകുപ്പുമന്ത്രിയുടെ അധികാരം ചീഫ് സെക്രട്ടറി എടുക്കുകയാണെന്ന് അദ്ദേഹം തന്നെ പറയുകയാണ്. ഇതുമായി ബന്ധപ്പെട്ട സകല രേഖകളും മേശപ്പുറത്ത് വയ്ക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പാറ്റൂർ ഭൂമി ഇടപാടുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ സൂചിപ്പിച്ചു. വഞ്ചിയൂർ വില്ലേജിൽപ്പെട്ട ഈ സ്ഥലം ആവൃതിമാളും കൺസ്ട്രക്ഷൻ കമ്പനിയായ ആർടെക്കും ചേർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയത് 2008-ലാണ്. ആർടെക് കമ്പനി, ബിൽഡിംഗിന്റെ കൺസ്ട്രക്ഷനുവേണ്ടി പൈപ്പ്ലൈൻ മാറ്റുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡ്രെയിനേജ് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റിക്ക് 3.7.2008 -ൽ ഒരു കത്ത് നൽകുകയുണ്ടായി. അതിൽ പറയുന്നത്;

‘Shifting of pump line – reg.

We have started construction of commercial complex in survey No. 1834/3 along with the property of M/s. Avrithi Mal Management Company Private Limited, Mumbai situated at Pattoor, Thiruvananthapuram. We hereby humbly request you to shift the pumping line, which is passing through our site, where construction is progressing.’ ഈ കത്തിന്റെ അടിസ്ഥാനത്തിൽ, 7.8.2008-ന് പൈപ്പ്ലൈൻ മാറ്റുന്നതിന് 14,80,000 രൂപ അടയ്ക്കുന്നതിന് നിർദ്ദേശം കൊടുക്കുകയും അവർ 25.8.2008-ന് 14,80,000 രൂപ അടയ്ക്കുകയും ചെയ്തു. അതിന്റെ റെസീപ്റ്റ് ഫയലിലുണ്ട്. 2009-ൽ, അക്കൗണ്ടന്റ് ജനറൽ നൽകിയ ഒരു കത്തിൽ ടി ഭൂമിയിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടുണ്ടോ എന്ന കാര്യം അന്വേഷിക്കണമെന്നാവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ ലാന്റ് റവന്യൂ കമ്മീഷ ണർ മുഖേന അന്വേഷണം നടത്തുകയും തുടർ നടപടികൾക്കായി തിരുവന ന്തപുരം ജില്ലാ കളക്ടർക്ക് അയച്ചുകൊടുക്കുകയും ചെയ്തു. കളക്ടർ നൽകിയ റിപ്പോർട്ടിൽ പുറമ്പോക്ക് ഭൂമി കണ്ടെത്തുന്നതിന് നടപടിയെടു ക്കുന്നുവെന്നും പൈപ്പ്ലൈൻ പോകുന്നത് ആവൃതി മാളിന്റെ ഭൂമിയിലൂടെയാ ണെങ്കിൽ അത് കമ്പനി ചെലവിൽ മാറ്റുന്നതിനുള്ള നടപടിയെടുക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അറിയിച്ചു. അതനുസ രിച്ച് പെപ്പ് ലൈൻ മാറ്റുന്നതിന് പണമടയ്ക്കാൻ നിർദ്ദേശം കൊടുക്കുകയും അവർ പണമടയ്ക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ആർ.ഡി.ഒ ഇക്കാര്യ ത്തിൽ വിശദമായ അന്വേഷണം നടത്തുകയും വസ്തുവിൽ നിർമ്മാണപ്ര

വർത്തനങ്ങൾ നടത്താൻ പാടില്ലെന്ന് ഉത്തരവിടുകയും ചെയ്തു. 15.6.2013-ൽ വിജിലൻസ് ഡയറക്ടർ നൽകിയ കത്തിൽ, ടി കമ്പനി സർക്കാർ പുറമ്പോക്ക് കൈവശം വച്ചിട്ടുണ്ടെങ്കിൽ അത് കണ്ടെത്തുന്നതിനും ആവശ്യമെങ്കിൽ ഭൂസംരക്ഷണ നിയമപ്രകാരം കേസെടുക്കുന്നതിനും നിർദ്ദേശം നൽകി. പാറ്റൂരിലെ വാട്ടർ അതോറിറ്റി ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയുടെ അനന്തരനടപടി എന്ന നിലയിലാണ് ഇങ്ങനെ ശുപാർശ ചെയ്തത്. വിജിലൻസിന്റെ റിപ്പോർട്ടിന്മേൽ സർക്കാർ ലാന്റ് റവന്യൂ കമ്മീഷണറുടെ അഭിപ്രായം തേടിയിരുന്നു. പൈപ്പ്ലൈൻ പോകുന്ന ഭാഗം അളന്ന് തിട്ടപ്പെടുത്തണമെന്നും ടി കമ്പനിയുടെ പേരിലുള്ള ഭൂമി അളന്ന് അതിര് തിരിച്ച് അതിൽ സർക്കാർ പുറമ്പോക്ക് ഉൾപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തണമെന്നും ലാന്റ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്തു. ഇത നുസരിച്ച് തുടർ നടപടികളെടുത്ത ജില്ലാ കളക്ടർ 31.10.2013-ന് നൽകിയ റിപ്പോർട്ടിൽ, പൈപ്പ്ലൈൻ പോകുന്ന സ്വകാര്യ സ്ഥലം പുറമ്പോക്കാക്കി മാറ്റുന്നതിന് നിർവ്വാഹമില്ലെന്നും ലൈൻ കടന്നുപോകുന്ന 1805, 1831 സർവ്വേ നമ്പരുകൾ പുറമ്പോക്ക് ഭൂമിയല്ലാത്തായി കാണുന്നുവെന്നും വില്ലേജ് റിക്കാർഡുകളുടെ അടിസ്ഥാനത്തിൽ ഒരു സർവ്വേ വെരിഫിക്കേഷൻ നടത്തി യാൽ മാത്രമേ ഇക്കാര്യത്തിൽ വ്യക്തത വരുത്തുവാൻ കഴിയുകയുള്ളൂ വെന്നും അറിയിച്ചു. അറിയിച്ചു. വ്യത്യസ്ത അഭിപ്രായമുള്ള റിപ്പോർട്ടുകൾ വന്നതുകൊണ്ട് റവന്യൂ സെക്രട്ടറി നേരിട്ട് സ്ഥലം സന്ദർശിക്കണമെന്ന് മുഖ്യമന്ത്രി നിർദ്ദേശം നൽകി. അതിന്റെയടിസ്ഥാനത്തിൽ 1.10.2003-ന് അന്നത്തെ റവന്യൂ സെക്രട്ടറി ശ്രീ. കമലവർദ്ധൻ റാവു നേരിട്ട് സ്ഥലം സന്ദർശിക്കുകയും തിരുവനന്തപുരം ജില്ലാ കളക്ടറോട് വീണ്ടും റിപ്പോർട്ട്

ആവശ്യപ്പെടുകയും ചെയ്തു. കളക്ടറുടെ അഭിപ്രായം ലഭിച്ചപ്പോൾ ഇക്കാര്യ ത്തിൽ ഒരു ഉന്നതതല അന്വേഷണം വേണമെന്നാവശ്യപ്പെട്ട് ഫയൽ എന്റെ മുമ്പിൽ വന്നു. ഞാൻ അത് വീണ്ടും മുഖ്യമന്ത്രിക്ക് അയച്ചുകൊടുത്തു. വിവിധ റിപ്പോർട്ടുകളിൽ വ്യത്യസ്ത അഭിപ്രായങ്ങൾ വന്നതുകൊണ്ട് ഇക്കാര്യത്തിൽ വീണ്ടും ഒരു പരിശോധന നടത്തുവാൻ 29.1.2014-ൽ ചീഫ് സെക്രട്ടറിയോട് മുഖ്യമന്ത്രി ആവശ്യപ്പെട്ടു. ഇതനുസരിച്ച് ലാന്റ് റവന്യൂ കമ്മീഷണർ, സർവ്വേ ഡയറക്ടർ, ജില്ലാ കളക്ടർ, വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ തുടങ്ങിയവർ സ്ഥലം സന്ദർശിക്കുകയും പൈപ്പ്ലൈൻ കടന്ന് പോകുന്ന ഭൂമി സർക്കാർ പുറമ്പോക്കല്ല എന്നും എന്നാൽ ടി കമ്പനി കൈവശം വച്ചിരിക്കുന്ന ഭൂമി പുറമ്പോക്ക് ഉൾപ്പെട്ടിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തു. ഈ സാഹചര്യത്തിൽ പുറമ്പോക്ക് ഭൂമി കണ്ടെത്തുന്നതിന് സമഗ്ര സർവ്വേ നടത്തുവാനും ഇതു സംബന്ധിച്ചുള്ള മുഴുവൻ രേഖകളും പരിശോ ധിക്കുവാനും സർവ്വേ ഡയറക്ടറോട് നിർദ്ദേശിച്ചു. പൈപ്പ്ലൈൻ മാറ്റുന്നതിന് നടപടിയെടുക്കാൻ വാട്ടർ അതോറിറ്റി എം.ഡി -ക്ക് നിർദ്ദേശം നൽകി കൊണ്ട് 2.5.2014- ൽ വാട്ടർ അതോറിറ്റിക്ക് സർക്കാർ കത്ത് നൽകി. സർവ്വേ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക്, ഈ കമ്പനിയുടെ കൈവശം അധികഭൂമിയുണ്ടെ ങ്കിൽ നിശ്ചയമായും അത് തിരിച്ചുപിടിക്കും, അക്കാര്യത്തിൽ ഒരു വിട്ടുവീഴ്ച യുമുണ്ടാകില്ല. ചീഫ് സെക്രട്ടറിയോട് ഒരു കാര്യം പരിശോധിക്കാൻ ഗവൺമെന്റ് ആവശ്യപ്പെട്ടാൽ അത് പരിശോധിക്കുകയെന്നത് അദ്ദേഹത്തിന്റെ ചുമതലയാണ്. ആ ചുമതലകൾ നിറവേറ്റുക മാത്രമാണ് അദ്ദേഹം ചെയ്തത് എന്നു മാത്രമാണ് എനിക്ക് ഇക്കാര്യത്തിൽ പറയാനുള്ളത്. ഇവിടെ റവന്യൂ വകുപ്പുമന്ത്രി ആരാണെന്ന് ചോദിച്ചു. ഇപ്പോൾ തത്ക്കാലം ഞാനാണെന്ന്

അറിയിക്കുകയാണ്. ഇത് ഒരു കൂട്ടുത്തരവാദിത്തമുള്ള ഗവൺമെന്റാണ്. ഇത്തരത്തിൽ വിഷയങ്ങളുണ്ടാകുമ്പോൾ അത് ബഹുമാന്യനായ മുഖ്യമന്ത്രി യുടെ ശ്രദ്ധയിൽ കൊണ്ടുവരിക എന്നുള്ളത് വകുപ്പുമന്ത്രിമാരുടെ ചുമതല യാണ്. ഞാൻ അക്കാര്യം നിറവേറ്റിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റ് ഒരു വിട്ടുവീഴ്ചയും കാണിക്കുന്ന പ്രശ്നമില്ല. പുറമ്പോക്ക് ഭൂമി അവരുടെ കൈവശമുണ്ടെങ്കിൽ അത് അളന്ന് തിട്ടപ്പെടുത്തി തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ചീഫ് സെക്രട്ടറിക്ക് വരുമാനത്തിൽ കവിഞ്ഞ, വെളിപ്പെടുത്താത്ത സ്വത്ത് ഉണ്ട് എന്ന നിലയിൽ പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞു. ഔദ്യോഗികമായി ഡിക്ലെയർ ചെയ്യാത്ത ഒരു സ്വത്തും ചീഫ് സെക്രട്ടറിയ്ക്ക് ഇല്ല. ഐ.എ.എസ്. ഉദ്യോഗസ്ഥർക്കും ഉന്നത ഉദ്യോഗസ്ഥർക്കുമെല്ലാം അവരുടെ പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് ഓരോ വർഷവും കൊടുക്കണം. അതനുസരിച്ച് അദ്ദേഹം സ്റ്റേറ്റ്മെന്റ് എല്ലാം യഥാസമയം കൊടുത്തിട്ടുണ്ട്. അങ്ങ് ഇവിടെ രണ്ടുമൂന്ന് കാര്യങ്ങൾ പറഞ്ഞു. ഒന്ന്, ചീഫ് സെക്രട്ടറിയുടെ ഭാര്യയുടെ പേരിൽ എറണാകുളത്ത് ഫ്ളാറ്റ് ഉണ്ട് എന്ന് സൂചിപ്പിച്ചു. അത് ശരിയാണ്. 2010 ജൂണിൽ വാങ്ങിയ താണ്. അപ്പോൾതന്നെ അത് ഗവൺമെന്റിനെ ഇന്റിമേറ്റ് ചെയ്തു. ആ സമയത്ത് അദ്ദേഹം സ്റ്റേറ്റ് സർവ്വീസിലല്ല. സെൻട്രൽ സർവ്വീസിലാണ്. അത് കഴിഞ്ഞ വന്ന 2011 ജനുവരിയിൽ കൊടുക്കേണ്ട അസെറ്റ് സ്റ്റേറ്റ്മെന്റിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്. ആ ഫ്ളാറ്റ് ഇന്നും അദ്ദേഹത്തിന്റെ ഭാര്യയുടെ പേരിൽ നിൽക്കുകയാണ്. 2011-ന് ശേഷമുള്ള സ്റ്റേറ്റ്മെന്റിൽ അത് ഉൾപ്പെടു

ത്തിയില്ല എന്ന അടിസ്ഥാനത്തിലായിരിക്കും അങ്ങ് കാര്യങ്ങൾ പറഞ്ഞത്. ഇവരുടെ Code of Conduct അനുസരിച്ച് ഉദ്യോഗസ്ഥരുടെ സ്റ്റേറ്റ്മെന്റ് ആണ് കൊടുക്കേണ്ടത്. ഭാര്യയുടെയോ അടുത്ത ബന്ധുക്കളുടെയോ പേരിൽ സ്വത്ത് സമ്പാദിച്ചാൽ ആ വിവരം ഗവൺമെന്റിനെ ഇന്റിമേറ്റ് ചെയ്തിരിക്കണം. ഗവൺമെന്റിന് അറിവുകൊടുത്തിരിക്കണം. എല്ലാവർഷത്തേയും സ്റ്റേറ്റ്മെന്റിൽ അത് ഉൾപ്പെടുത്തേണ്ടതില്ല എന്നതിന്റെ പേരിൽ പിന്നീട് ഉൾപ്പെടുത്തിയിട്ടില്ല. പക്ഷേ ആ ഫ്ളാറ്റ് അദ്ദേഹത്തിന്റെ ഭാര്യയുടെ പേരിൽ ഇന്നും ഉണ്ട്. അത് 2010 ജൂണിൽ എല്ലാ നടപടിക്രമങ്ങളും പാലിച്ച് ഗവൺമെന്റിനെ അറിയിച്ച് സമ്പാദിച്ചിട്ടുള്ളതാണ്. അങ്ങ് പറഞ്ഞ മറ്റൊരു കാര്യം-ആലപ്പുഴ, കൊല്ലം, തൃശ്ശൂർ ജില്ലകളിലെ എല്ലാ രജിസ്ട്രേഷൻ ഓഫീസുകളിലേക്കും സന്ദേശമയച്ചിരിക്കുന്നു. ചീഫ് സെക്രട്ടറിയുടെ പേരിലുള്ള സ്വത്തുക്കളൊന്നും വെളിപ്പെടുത്തരുത് എന്ന്. അത് ശരിയല്ല. അങ്ങയെ ആരെങ്കിലും അങ്ങനെ തെറ്റിദ്ധരിപ്പിച്ചിട്ടുണ്ട് എങ്കിൽ അത് തെറ്റാണ്. ചീഫ് സെക്രട്ടറിക്ക് ആലപ്പുഴ, കൊല്ലം ജില്ലകളിൽ ഒരു സ്വത്തുമില്ല. എന്തെങ്കിലും ഉണ്ടെങ്കിൽ അങ്ങ് ചൂണ്ടിക്കാണിക്കുക. തൃശ്ശൂർ അദ്ദേഹത്തിന്റെ ഭാര്യവീടാണ്. ഭാര്യയ്ക്ക് തറവാട് സ്വത്തായി കിട്ടിയതല്ലാതെ പുതിയതായി ഒന്നും സമ്പാദിച്ചതുമില്ല. അങ്ങ് പറഞ്ഞ മൂന്ന് ജില്ലകളിലെ സ്ഥിതി ഇതാണ്. രണ്ട് ജില്ലകളിൽ യാതൊരു സ്വത്തുമില്ല. തൃശ്ശൂർ ജില്ലയിൽ കുടുംബപരമായി കിട്ടിയിട്ടുള്ളതല്ലാതെ പുതിയതായി വാങ്ങിയ ഒരു സ്വത്തുമില്ല. അങ്ങ് പറഞ്ഞ മറ്റൊരു കാര്യം മന്ത്രിമാരെയൊക്കെ നോക്കുകുത്തികളാക്കിക്കൊണ്ട് ചീഫ് സെക്രട്ടറി പലതും ചെയ്യുന്നുവെന്ന്. ഒരു മന്ത്രിയെയും നോക്കുകുത്തിയാക്കാൻ ഒരുദ്യോഗസ്ഥനും സാധിക്കില്ല. മന്ത്രിമാർക്ക്

അവരവരുടെ ഉത്തരവാദിത്തങ്ങളുണ്ട്. ആ ഉത്തരവാദിത്തങ്ങളൊക്കെ നിറവേറ്റാൻ അറിയാം. അവർ ആ കടമകൾ നിറവേറ്റുന്നു. എ.ഡി.ജി.പി. യുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ആഭ്യന്തരവകുപ്പുമന്ത്രിയെ കാണി ക്കാതെ അയച്ചു എന്നുള്ളത് ഉദ്ദേശിച്ചായിരിക്കാം അങ്ങ് പറഞ്ഞത്. 2004 മുതൽ 2014 വരെ അതുസംബന്ധിച്ച് നിലനിൽക്കുന്ന Code of Conduct ഉണ്ട്. 2004-ൽ സ്ഥാപിച്ചെടുത്തതാണ്. അതിനകത്ത് എ.ഡി.ജി.പി.യുടെ റിപ്പോർട്ടിംഗ് ഓഫീസർ ഡി.ജി.പി.യും റിവ്യൂയിംഗ് ഓഫീസർ ചീഫ് സെക്രട്ടറിയും അക്സപ്റ്റിംഗ് ഓഫീസർ ചീഫ് മിനിസ്റ്ററുമാണ്. അങ്ങ് മുഖ്യമന്ത്രിയായും ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തരവകുപ്പുമന്ത്രി യായും ഇരുന്ന അഞ്ചുവർഷവും ഇവിടെ നടന്ന നടപടിക്രമം ഇതുതന്നെ യാണ്. അങ്ങ് ഇത്രയും പറഞ്ഞപ്പോൾ അതിനകത്ത് എന്തെങ്കിലുമുണ്ടോ എന്നറിയാൻ ഞാൻ പഴയതൊക്ക എടുത്തുനോക്കി. അഞ്ചുകൊല്ലവും ശ്രീ. കോടിയേരി ബാലകൃഷ്ണനെ കാണിച്ചിട്ടല്ല ഫയലുകൾ പോയത്. കാരണം റൂൾ അതാണ്. ആ രീതിയിലാണ് നടന്നിട്ടുള്ളത്. അതുകൊണ്ട് അങ്ങ് പറഞ്ഞതുപോലെ മന്ത്രിമാരെ ബൈപ്പാസ് ചെയ്യാൻ ഒരു ഉദ്യോഗസ്ഥനെയും ഈ ഗവൺമെന്റ് അനുവദിക്കില്ല. അത് നടക്കാനും പോകുന്നില്ല. യാതൊരു സംശയവുമില്ല. ഇതുപറയുമ്പോൾ ഒരു കാര്യം എനിക്ക് പറയാനുള്ളത് ഉദ്യോഗസ്ഥരുടെ മനോവീര്യം കെടുത്തുന്ന വിധത്തിലുള്ള ഒരു നടപടിയും ഗവൺമെന്റ് അംഗീകരിക്കില്ല. ഉദ്യോഗസ്ഥർ തെറ്റ് ചെയ്താൽ അവരെ നിയന്ത്രിക്കുകയും അവരെ നേരായ വഴിക്ക് മുമ്പോട്ട് വിടുകയും ചെയ്യും. ജോലി ചെയ്യുന്ന, സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് നിലകൊള്ളുന്ന ഉദ്യോഗസ്ഥന്മാരെ സംരക്ഷിക്കേണ്ട ബാധ്യത ഗവൺമെന്റിനുണ്ട്. അത് ചീഫ്

സെക്രട്ടറിയുടെ കാര്യത്തിലുമുണ്ട്. അതുപോലെ തന്നെ മറ്റ് ഉദ്യോഗസ്ഥരുടെ കാര്യത്തിലുമുണ്ട്. രാജു നാരായണ സ്വാമിക്കെതിരെ ചീഫ് സെക്രട്ടറി എഴുതിയത് ഞാൻ തിരുത്തി എന്ന് പത്രങ്ങളിൽ വാർത്ത വന്നുവെന്ന് ഇത് അവതരിപ്പിച്ചപ്പോൾ ശ്രീ. മാത്യു.റ്റി. തോമസ് ഇവിടെ പറഞ്ഞു. ശരി ചെയ്യുന്ന ഉദ്യോഗസ്ഥരെ സംരക്ഷിക്കും. അത് ചീഫ് സെക്രട്ടറി ആയാലും മറ്റ് ഉദ്യോഗസ്ഥരായാലും അങ്ങനെ തന്നെ ചെയ്യും. ഇന്ന് ചില അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായതിൽ നിന്നുതന്നെ ഉയർന്നുവന്ന സംഗതി എന്താണ്; ഉദ്യോഗസ്ഥന്മാർക്ക് സംരക്ഷണം കൊടുത്തുവെന്നുള്ളതുതന്നെയാണ്. ശ്രീ. സുരേഷ് കുമാർ അങ്ങയുടെ സ്വന്തം ആളാണെന്നാണ് എല്ലാവരും ധരിച്ചിരിക്കുന്നത്. അങ്ങ് മുഖ്യമന്ത്രിയായിരുന്ന സമയത്ത് ഒരുവർഷം സുരേഷ് കുമാറിനെ സസ്പെൻഡ് ചെയ്ത് പുറത്തുനിർത്തി. എന്റെ കാലത്ത് അതുണ്ടായിട്ടില്ല. ഇനിയിപ്പോൾ പ്രൊമോഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഞങ്ങൾ നോക്കും. അദ്ദേഹത്തെ സംരക്ഷിക്കുന്ന കാര്യവും ഞങ്ങളുടെ ചുമതലയിൽപ്പെട്ട കാര്യമാണ്. പാറ്റൂരിലെ ഭൂമിയെക്കുറിച്ച് റവന്യൂ വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശ് വ്യക്തമായി പറഞ്ഞു. അങ്ങ് ആരാണ് റവന്യൂ വകുപ്പുമന്ത്രി എന്നു ചോദിച്ചാൽ റവന്യൂ വകുപ്പുമന്ത്രി ഇവിടെത്തന്നെയുണ്ട്. അദ്ദേഹം അറിയാതെ ഒരു കാര്യവും റവന്യൂ വകുപ്പിൽ നടക്കുകയില്ല. യഥാർത്ഥത്തിൽ പാറ്റൂർ ഭൂമിയുടെ കാര്യത്തിൽ അങ്ങ് ഞങ്ങളോട് നന്ദി പറയേണ്ടതാണ്. കാരണം അങ്ങ് മുഖ്യമന്ത്രിയായിരുന്ന സമയത്ത് 14,80,000 രൂപ പൈപ്പ് മാറ്റാം എന്നുപറഞ്ഞുകൊണ്ട് ഒരാളെക്കൊണ്ട് അടപ്പിച്ചിട്ട് 7 കൊല്ലമായിട്ട് അത് നടത്തിക്കൊടുക്കാൻ പറ്റിയിട്ടില്ല. ഇപ്പോൾ ഞങ്ങൾ അത് നടത്തിക്കൊടുത്തു. സംസ്ഥാന ഗവൺമെന്റിന് കിട്ടേണ്ട ഒരിഞ്ചുഭൂമി പോലും

നഷ്ടപ്പെടുകയില്ല എന്നുപറയുകയാണ്. പൈപ്പ് മാറ്റിക്കൊടുക്കാൻ പറയുന്ന ഓർഡറിൽ തന്നെ അത് പറയുന്നുണ്ട്. അവിടെ രണ്ട് ഇഷ്യൂവാണ് ഉള്ളത്. ഒന്ന് പൈപ്പ് മാറ്റുക. രണ്ട് ഗവൺമെന്റ് ഭൂമി ഉണ്ടോ ഇല്ലയോ എന്നുള്ളത് നോക്കുക. അതിനകത്ത് തന്നെ രണ്ടും വ്യക്തമായി എഴുതുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ ബോംബെ കമ്പനിയുടെ കൈയ്യിൽ വന്നിരിക്കുന്ന ഭൂമി മുമ്പ് ആരുടേതായിരുന്നു; മുമ്പ് ആ ഭൂമി യെല്ലാം ഗവൺമെന്റിന്റെ കൈയ്യിൽ ആയിരുന്നോ; അതൊരു ട്രസ്റ്റിന് കൈമാറിയ ഭൂമി ആയിരുന്നോ എന്നുള്ള സംശയമുണ്ട്? മുമ്പ് അവിടെ ഒരു ബോർഡ് വച്ചിരുന്നു, കെ. എ. ദാമോധര മേനോൻ മെമ്മോറിയൽ ഉണ്ടാക്കാൻ വച്ചിരുന്ന സ്ഥലം എന്ന്, സർക്കാരിന്റെ കൈയ്യിൽ മുമ്പ് ഉണ്ടായി രുന്ന സ്ഥലം ഒരു ട്രസ്റ്റിന് കൈമാറി, ആ ട്രസ്റ്റിന്റെ കൈയ്യിൽ നിന്നാണോ ബോംബെ കമ്പനിയുടെ കൈയ്യിലേയ്ക്ക് ഈ സ്ഥലം വന്നത്; അത് സംബന്ധിച്ച് മുഖ്യമന്ത്രി പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അതിന്റെ ഡീറ്റെയ്ൽസ് സംബന്ധിച്ച് നമുക്കറിയില്ല. പക്ഷെ ഇപ്പോഴത്തെ സ്ഥിതി ഞാൻ പറയാം. അവിടെ രണ്ട് കാര്യങ്ങൾ വന്നതിൽ രണ്ടിനും വ്യക്തത... കാരണം എന്താ.... ഈ പൈപ്പ് കിടക്കുന്നത് സ്വകാര്യ ഭൂമിയിലാണ്. അത് മനസ്സിലാക്കിക്കൊണ്ട് തന്നെ യാണ് നിങ്ങളുടെ കാലത്തും ചെയ്തത്. അത് അവരുടെ ചെലവിൽ മാറ്റണ മെന്ന് പറഞ്ഞ് 14,80,000/- രൂപ ........... ഇപ്പോൾ മാറ്റിയതോ? മാറ്റാൻ പറഞ്ഞ പ്പോൾ പറഞ്ഞു ഇത് പഴയ എസ്റ്റിമേറ്റാണ് പുതിയ എസ്റ്റിമേറ്റ് എടുക്കണ മെന്ന്. 14,20,000/- രൂപ കൂടെ അവരെക്കൊണ്ട് അടപ്പിച്ചിട്ടാണ് മാറ്റിയത്. മാറ്റാൻ പറഞ്ഞ ഉത്തരവിന്റെ കൂടെക്കൊടുത്ത ഉത്തരവ് എന്താണെന്നറി

യാമോ; ഇതിനകത്ത് ഗവൺമെന്റ് ഭൂമിയുണ്ട്. അത് അളന്ന് തിട്ടപ്പെടുത്തി തിരിച്ചെടുക്കണമെന്നതുംകൂടെ ഒന്നിച്ചാണ് കൊടുക്കുന്നത്. അത് നടക്കും. ഈ പറഞ്ഞ ട്രസ്റ്റിന്റേതാണോ അല്ലയോ എന്നുള്ളത് എനിക്കറിയില്ല. പക്ഷെ, ഇന്നിപ്പോൾ ഗവൺമെന്റിന് കിട്ടിയിട്ടുള്ള ഏറ്റവും ഒടുവിലത്തെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അതിന്റെ അടിസ്ഥാനത്തിലാണല്ലോ ഇപ്പോൾ ആക്ട് ചെയ്തിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഭൂമി അതിനകത്തുണ്ട് എന്നുള്ള നിലയിലാണ്. അത് സർവ്വേ നടത്തുക മാത്രമല്ല, സർവ്വേ നടത്തിയും ഇതിന്റെ എല്ലാ റിക്കാർഡുകൾ പരിശോധിച്ചും ഗവൺമെന്റിന്റെ താൽപര്യം സംരക്ഷിക്കും. ഞാൻ അങ്ങേയ്ക്കും ഈ സഭയ്ക്കും ഉറപ്പു നൽകുന്നു, യാതൊരുവിധ നഷ്ടവും അതിന്റെ പേരിൽ ഉണ്ടാവില്ല എന്ന് തീർത്ത് പറയാൻ ഈ അവസരം വിനിയോഗിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഇത് സംബന്ധിച്ചെല്ലാം ഗവൺമെന്റിന്റെ വക്താക്കളായിട്ടുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും പറയുന്നത് ഒരു തരത്തിലും വിശ്വസനീയമല്ല. കാരണം, മാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുന്നത് മറ്റ് സംസ്ഥാനങ്ങളിൽ, വിശേഷിച്ച് മദ്ധ്യപ്രദേശ് പോലുള്ള സംസ്ഥാനങ്ങളിൽ ഇത്തരം നടപടികളിൽ ഏർപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻമാരെ നടപടിക്ക് വിധേയമാക്കി പുറത്താക്കിയിരിക്കുകയാണ്. അങ്ങനെ നിരുത്തരവാദപരമായി സർക്കാർ സ്വത്തുക്കൾ കൈകാര്യം ചെയ്യുന്ന ഐ.എ.എസ്.കാരായിട്ടുള്ള ആളുകളെ പുറത്താക്കുമ്പോൾ ഇവിടെ സംരക്ഷിക്കുകയാണ്. അതുകൊണ്ട് ഇതേ സംബന്ധിച്ച് ഒരു സി.ബി.ഐ. അന്വേഷണത്തിന് ഗവൺമെന്റ് തയ്യാറുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അങ്ങേയ്ക്ക് വിശ്വാസം ഇല്ലെന്ന് പറഞ്ഞാൽ അങ്ങയുടെ കാലത്തെ റിക്കാർഡുകൾ കാണിച്ചാലോ; ഞാൻ പറയുന്നത്

വിശ്വസിക്കണ്ട. കുറ്റം ചെയ്യാത്ത ഒരു ഉദ്യോഗസ്ഥനെ തള്ളിപ്പറയാനോ ശിക്ഷിക്കാനോ ഈ ഗവൺമെന്റ് തയ്യാറല്ല. പക്ഷെ, കുറ്റം ചെയ്തവർ ചെയ്ത കുറ്റത്തിനനുസരിച്ച് ശിക്ഷയും അനുഭവിക്കേണ്ടി വരും. ഈ കാര്യത്തിൽ ഗവൺമെന്റിന്റെ താൽപര്യം പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടുള്ള നടപടി യായിരിക്കും എന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: യെസ്, എന്താണ് ശ്രീ. വി. ഡി. സതീശൻ?

ശ്രീ. വി. ഡി. സതീശൻ: സർ, സാധാരണ പോയിന്റ് ഓഫ് ഓർഡർ അല്ലാതെ ഒരു കാര്യം ഇവിടെ ഉന്നയിക്കാൻ നമ്മുടെ റൂൾസ് ഓഫ് പ്രൊസീഡ്യൂവറിൽ പറഞ്ഞിരിക്കുന്നത് റൂൾ 304 ആണ്. ഈ റൂൾ 304-ൽ, .... ഞാൻ പറയട്ടെ. അത് എന്റെ റൈറ്റ് അല്ലേ?........ (ബഹളം)................

മി. സ്പീക്കർ: പ്ലീസ്......... പ്ലീസ്............

ശ്രീ. സി. ദിവാകരൻ: സർ, ചെയർ നേരത്തെ അനുവദിച്ചില്ല. രണ്ടാമത് സ്പീക്കർ അനുവദിച്ചു, സംസാരിച്ചു. (ബഹളം)................

മി. സ്പീക്കർ: പ്ലീസ്...... പ്ലീസ്....... നിങ്ങൾ ഇരിക്കൂ. എല്ലാവരും കൂടെ നിന്നാൽ എങ്ങനെയാ.............(ബഹളം)...................... പ്ലീസ്.......... ചട്ടപ്രകാരം ഒരു മെമ്പർക്ക്, അദ്ദേഹത്തിന് അത് ഉന്നയിക്കാനുണ്ടെന്ന് പറഞ്ഞു. അത് എപ്പോഴും ചെയ്യാവുന്നതാണ്. പ്ലീസ്........... പ്ലീസ്......... (ബഹളം).............. പെട്ടെന്ന് പറയൂ............ ചട്ടപ്രകാരമാണ്............

ശ്രീ. വി. ഡി. സതീശൻ: സർ, സാധാരണ റൂൾ 304 അനുസരിച്ചാണെങ്കിൽ റൂൾ 304(2)(iv)-ൽ വളരെ കൃത്യമായി പറയുന്നുണ്ട്, റൂൾ 304 ആണെങ്കിൽ, It shall not contain inferences, ironical expression, imputations, epithets or defamatory statements പാടില്ലായെന്ന് പറയുന്നുണ്ട്. അല്ലാതെ ഒരു വ്യക്തിയെ

ക്കുറിച്ച് ഇവിടെ അഴിമതി ആരോപണവും ആക്ഷേപവും ഉന്നയിക്കാനുള്ള അവസരം റൂൾ 285 ആണ്. നമ്മൾ ഇവിടെ എഴുതിക്കൊടുത്ത് പ്രസംഗങ്ങളിൽ പറയാറുണ്ട്. ഇത് രണ്ടുമല്ലാതെ ഈ സഭയുടെ ചരിത്രത്തിൽ സീറോ അവറിൽ ഇതുപോലെ ഒരിക്കലും റൂൾ 285 ഉപയോഗിച്ചിട്ടില്ല. അങ്ങ് പറയാൻ പോകുന്നത്, പ്രതിപക്ഷ നേതാവിനുള്ള സവിശേഷമായ അവസരമാണ് അങ്ങ് കൊടുത്തതെന്നാണ്. പ്രതിപക്ഷ നേതാവിനുള്ള സവിശേഷമായ അവസരം സംസ്ഥാനത്തെ ചീഫ് സെക്രട്ടറിക്കെതിരായി അഴിമതി ആരോപണങ്ങൾ ഉൾപ്പെടെ ഉന്നയിക്കാനുള്ള അവസരമാക്കി മാറ്റാമോ എന്നുള്ളതാണ് ഞാൻ റെയ്സ് ചെയ്യുന്ന പോയിന്റ്. ഒറ്റക്കാര്യംകൂടി, വ്യക്തി വൈരാഗ്യം തീർക്കാൻ റൂൾസ് ഓഫ് പ്രൊസിഡ്യൂവർ കാറ്റിൽപ്പറത്തുകയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചെയ്തതെന്ന് ഞാൻ ആക്ഷേപിക്കുന്നു.

ശ്രീ. സി. ദിവാകരൻ: സർ, സ്പീക്കറെ റൂൾ ചെയ്യുകയാണ്.

മി. സ്പീക്കർ: സ്പീക്കറെ റൂൾ ചെയ്യുകയല്ല. ഇത് സ്പീക്കറെ റൂൾ ചെയ്തതല്ല. (ബഹളം)................ അത് സാദ്ധ്യമല്ല. നോ.... ക്ലോസ് ചെയ്യുകയാണ്. ഇനി ചർച്ചയില്ല. (ബഹളം)..............................

ശ്രീ. എസ്. ശർമ്മ: സർ, ഡെപ്യൂട്ടി സ്പീക്കർ റൂൾ ചെയ്തു. ആ റൂൾ ചെയ്തത് എന്താണെന്ന് വച്ചാൽ, പ്രതിപക്ഷ നേതാവിന് ഉന്നയിക്കാവുന്ന പ്രശ്നം രേഖാപരമായി എഴുതിത്തരട്ടെ ബഹുമാനപ്പെട്ട മന്ത്രിക്ക് മറുപടി പറയാൻ സന്ദർഭം വേണം. അങ്ങനെ രേഖാപരമായി എഴുതിക്കൊടുത്തു. സ്പീക്കർ റൂൾ ചെയ്തതിന്റെ അടിസ്ഥാനത്തിൽ എഴുതിക്കൊടുത്തു. മന്ത്രി മറുപടി പറഞ്ഞു. സി.ബി.ഐ. അന്വേഷണം പ്രതിപക്ഷ നേതാവ് ആവശ്യ

പ്പെട്ടു. മുഖ്യമന്ത്രി മറുപടി പറയുകയും ചെയ്തു. അത് വീണ്ടും ചോദ്യം ചെയ്യുന്നത് ഓർഡറിലാണോ?

മി. സ്പീക്കർ: ഞാൻ പറയാം അങ്ങ് ഇരിക്കൂ. പ്ലീസ്..... ഞാൻ പറയാം..... ഇത് ആരെയും ചോദ്യം ചെയ്തതല്ല. റൂൾ 304 അനുസരിച്ച് ഇത് ആകാൻ പാടുണ്ടോ എന്നാണ് ചോദിച്ചത്. റെലവന്റ് ക്വസ്റ്റ്യൻ ആണ് ശ്രീ. വി. ഡി. സതീശൻ ചോദിച്ചത്. അത്രമാത്രമേ ഉള്ളൂ. പ്ലീസ്............(ബഹളം)............. പ്ലീസ്.........അങ്ങനെയാണെങ്കിൽ ഇവിടെ 2007 –ലെ ഒരു റൂളിംഗ് ഉണ്ട്. ആ റൂളിംഗ് എന്ന് പറയുന്നത്, 304 അനുസരിച്ച് സംസാരിക്കുന്നതിനിടയിൽ വ്യക്തിപരമായ ആക്ഷേപങ്ങൾ പാടില്ലായെന്ന് ക്ലീയറായുള്ള റൂളിംഗ് ഉണ്ട്. അതിന്റെ കോപ്പി ഇവിടെയുണ്ട്. അതെല്ലാം എടുത്ത് വായിക്കുന്നില്ല. 2007–ൽ ആ റൂളിംഗ് ക്വോട്ട് ചെയ്തല്ല ശ്രീ. വി. ഡി. സതീശൻ പറഞ്ഞത്. എങ്കിലും അങ്ങനെയൊരു റൂളിംഗ് ഈ സഭയിലുണ്ട്. അത് പാടില്ലായെന്നുള്ളത്.

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അത് എഴുതിക്കൊടുക്കാൻ പറഞ്ഞതോ?

മി. സ്പീക്കർ: ആ സമയത്ത് പ്രതിപക്ഷ നേതാവിന്റെ സബ്മിഷൻ ഇവിടെയില്ല. അദ്ദേഹം രണ്ടാമത് എഴുതിത്തന്നത് ഇവിടെയുണ്ട്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ബഹുമാനപ്പെട്ട സ്പീക്കർ സർ, ഞാൻ കഴിഞ്ഞ ദിവസം നടന്ന നടപടികളെ സംബന്ധിച്ചൊന്ന് റിമൈന്റ് ചെയ്യാൻ വേണ്ടി നേരത്തെ അങ്ങ് സഭയിൽ ഇല്ലാതിരുന്ന അവസരത്തിൽ സൂചന നൽകി. പ്രതിപക്ഷ നേതാവാണെങ്കിലും എന്തെങ്കിലും പറയണമെങ്കിൽതന്നെ അതിവിടെ എഴുതി അറിയിക്കണമെന്ന്. ബന്ധപ്പെട്ട മിനിസ്റ്റേഴ്സിന് മറുപടി പറയാനുള്ള സൗകര്യം ഉണ്ടാകത്തക്കവിധത്തിൽ ഒരു സബ്മിഷന്റെ

രൂപത്തിൽ എഴുതിത്തന്നാൽ മാത്രമേ സ്വീകരിക്കുകയുള്ളൂവെന്ന് അദ്ദേഹം പറഞ്ഞു. അത് ശരിയല്ലെന്ന് ഞാൻ പറഞ്ഞു നോക്കിയപ്പോൾ എന്റെ മൈക്ക് തന്നെ അദ്ദേഹം ഇല്ലാതാക്കി. അത് അവിടെ ഇരിക്കുന്ന ആൾക്കാർക്ക് ഉദ്ദേശിക്കുന്നതിനനുസരിച്ച് കൈകാര്യം ചെയ്യാവുന്ന വിധത്തി ലാണല്ലോ ഇത് അറേഞ്ച് ചെയ്തിരിക്കുന്നത്. ഞങ്ങൾക്ക് തടയാനൊന്നും ഒക്കില്ലല്ലോ.

മി. സ്പീക്കർ: നോ... നോ... അങ്ങനെയൊന്നുമല്ല.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, അതിനനുസരിച്ചാണ് ഞാനിത് എഴുതിക്കൊടുത്തത്. ഒരു സബ്മിഷന്റെ നിലവാരത്തിലേയ്ക്ക് താണു കൊണ്ട്തന്നെ എഴുതിക്കൊടുത്തു. എഴുതിക്കൊടുത്ത ആ പഴയ മാറ്റർതന്നെ യാണ് ഞാനിപ്പോൾ ഇവിടെ വായിച്ചത്. അതനുസരിച്ച് സബ്മിഷന്റെ നിലവാരത്തിൽ നിങ്ങൾ അത് കൈകാര്യം ചെയ്തു എന്ന് മനസ്സിലായി. അത് തന്നെ ഏതാണ്ട് ഭയങ്കര അപകടമാണെന്നാണ് അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട ഒരു മാന്യൻ പറഞ്ഞത്. അത് സംബന്ധിച്ച് അങ്ങേയ്ക്ക് എന്താണെന്നുവെച്ചാൽ റൂൾ ചെയ്യാം.

മി. സ്പീക്കർ: ഇവിടെ ശ്രീ. വി. ഡി. സതീശൻ ഇതിനകത്ത് ഒരു ചട്ടം ഉദ്ധരിച്ചെന്ന് മാത്രമേയുള്ളൂ. ഏതായാലും അങ്ങ് അവതരിപ്പിച്ചു, ബഹുമാന പ്പെട്ട മുഖ്യമന്ത്രി മറുപടിയും പറഞ്ഞു. നമുക്ക് ഈ വിഷയം ഇവിടെ ക്ലോസ് ചെയ്യാം. അടുത്ത സബ്ജക്ടിലേയ്ക്ക് കടക്കാം.